
# നഷ്ടപ്പെട്ട ജനങ്ങൾക്ക് വേണ്ടിയുള്ള
# ഫലപ്രദമായ പ്രാർത്ഥന



"ഈ ലോകത്തിന്റെ ദൈവം അന്ധരാക്കിയ
അവിശ്വാസികൾക്ക് വേണ്ടി..." (2 കൊരിന്ത്യർ 4:4)

**PRAYING EFFECTIVELY FOR THE LOST**
**(Malayalam)**

*ഗ്രന്ഥ കർത്താവ്*
**ലീ ഈ. തോമസ്**

# നഷ്ടപ്പെട്ട ജനങ്ങൾക്ക് വേണ്ടിയുള്ള ഫലപ്രദമായ പ്രാർത്ഥന

ലേഖകൻ:

**ലീ ഈ. തോമസ്**



## PRAYING EFFECTIVELY FOR THE LOST

*by*

**Lee E. Thomas**

**(Malayalam)**

Copyright © All India Decade of Advance, New Delhi, India

Published by: All India Decade of Advance, New Delhi, India

**Copies are available from:**

Rev. Stephen Rawate, Executive Director, AIDA

Post Box No. 7530, Vasant Kunj, New Delhi-110 070

## ഉള്ളടക്കം


1. ആവശ്യകത തിരിച്ചറിയുക 5
2. തിരുവചനാടിസ്ഥാനം 8
3. വ്യക്തിപരമായ ഘടകങ്ങൾ 12
4. വ്യക്തതയുള്ള പ്രാർത്ഥനാപേക്ഷകൾ 23
5. ആത്മീയ യുദ്ധം 31
6. വ്യക്തിപരമായ സാക്ഷ്യങ്ങൾ 46
7. ഒരു സമർപ്പണം കൈക്കൊള്ളുക 54








# AIDA - 2006
# പ്രാർത്ഥനാ വർഷം

All India decade of Advance (AIDA) യുടെ കഴിഞ്ഞ 4 വർഷത്തെ പ്രഖ്യാപിത പദ്ധതിയനുസരിച്ചു 2006 നെ പ്രാർത്ഥനാ വർഷമായിട്ടാണ് ആചരിക്കുന്നത്. 2006ൽ സഭാവിശ്വാസികളുടെ ഇടയിൽ വ്യക്തിപരവും, കൂട്ടവുമായുള്ള പ്രാർത്ഥനയെ പുനരുജ്ജീവിപ്പിക്കുന്നതിനും അതുവഴി നഷ്ടപ്പെട്ടവർക്ക് വേണ്ടിയും രക്ഷിക്കപ്പെട്ടവരുടെ ശിഷ്യത്വ പരിശീലനത്തിനു വേണ്ടിയും ഐക്യതക്ക് വേണ്ടിയുമുള്ള പ്രാർത്ഥനകൾ ഉയരുവാൻ അവസരമൊരുക്കുകയാണ് ഇതിന്റെ ലക്ഷ്യം.

സഭകളെ പ്രാർത്ഥനാ സഭകളാക്കി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നിരവധി പദ്ധതികൾ അവതരിപ്പിക്കുകയാണ് "Proposals for Progress"ന്റെ അഥവാ AIDA സാഹിത്യ പ്രസിദ്ധീകരണങ്ങളുടെ ലക്ഷ്യം.

*നഷ്ടപ്പെട്ടവർക്ക് വേണ്ടിയുള്ള ഫലപ്രദമായ പ്രാർത്ഥനയ്ക്ക് വേണ്ടി സഭകളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടു കൂടിയാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടിരിക്കുന്നത്.*

*AIDA ശുശ്രൂഷകൾക്ക് കീഴിൽ ഈ ഗ്രന്ഥം അച്ചടിച്ച് പ്രസിദ്ധീകരിക്കുവാൻ ഹൃദയപൂർവ്വം സമ്മതിച്ച ഗ്രന്ഥകാരൻ ലീ. ഈ. തോമസിനോടുള്ള ഞങ്ങളുടെ കൃതജ്ഞതയും, അഭിനന്ദനങ്ങളും ഇവിടെ രേഖപ്പെടുത്തട്ടെ*

**അദ്ധ്യായം 1**

# ആവശ്യകത തിരിച്ചറിയുക

നഷ്ടപ്പെട്ട മനുഷ്യ സമൂഹത്തിനു വേണ്ടി ആരെങ്കിലും പ്രാർത്ഥിക്കാത്തിടത്തോളം കാലം അവർ ഒരിക്കലും രക്ഷ പ്രാപിക്കുകയില്ല. പാപത്താൽ നഷ്ടപ്പെട്ട മനുഷ്യൻ പിശാചിന്റെ സന്തതിയാണെന്നും (യോഹ.8:44), അവൻ സാത്താന്യ മേധാവിത്വത്തിലാണെന്നും (അ.പ്ര 26:18) അവൻ ബലവാന്റെ കയ്യിലെ കോപ്പാണെന്നും, (മർക്കോ.3:27) യുദ്ധത്തടവുകാരനാണെന്നും (യെശ.14:1) സുവിശേഷം തിരിച്ചറിയാത്തവണ്ണം അന്ധത ബാധിച്ചവനാണെന്നുമൊക്കെ (2 കൊരി 4:3,4) തിരുവചനത്തിൽ നിന്ന് തിരിച്ചറിയുന്നവരേയും മുകളിലുദ്ധരിച്ച പ്രസ്താവന നിങ്ങൾക്ക് അവിശ്വസനീയമായിരിക്കും ദുർഗ്രഹവുമായിരിക്കും.

രക്ഷാനുഭവം പ്രാപിക്കുന്നതിനുള്ള നേരിയ പ്രത്യാശയെങ്കിലും അവർക്കുണ്ടാകണമെങ്കിൽ നാം പ്രാർത്ഥിക്കണമെന്ന വസ്തുത മുകളിൽ കൊടുത്തിരിക്കുന്ന വേദഭാഗങ്ങളിലൂടെ അസന്ദിഗ്ദ്ധമായി തെളിയുന്നുവെങ്കിലും മുകളിൽ കൊടുത്തിരിക്കുന്ന എല്ലാ വിഷയങ്ങളും വിചിന്തനം ചെയ്യുവാൻ ഞാൻ ഇവിടെ മുതിരുന്നില്ല. മറിച്ച് "ആത്മീയ അന്ധത" എന്ന വിഷയത്തെ കുറിച്ചു മാത്രം ഇവിടെ അല്പമായി ചിന്തിക്കാം, ചെയ്യാം. "എന്നാൽ ഞങ്ങളുടെ സുവിശേഷം മറഞ്ഞിരിക്കുന്നുവെങ്കിൽ നശിച്ചു പോകുന്നവർക്കത്രേ. മറഞ്ഞിരിക്കുന്നു. ദൈവപ്രതിമയായ ക്രിസ്തുവിന്റെ പ്രകാശം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കി."(2കൊരി.4:3,4) സുവിശേഷം തിരിച്ചറിയുന്നതിൽ നിന്ന് ജനങ്ങളെ തടയുവാനാണ് സാത്താൻ നഷ്ടപ്പെട്ട മനുഷ്യരുടെ കണ്ണ് കുരുടാക്കുന്നത്.

ലൂയിസ് സ്പെറി ഷാഫെർ ഇപ്രകാരം പറഞ്ഞു "2കൊരി 4:3,4 വാക്യങ്ങളിലുള്ള മനസ്സിന്റെ അന്ധത നഷ്ടപ്പെട്ട മനുഷ്യൻ സുവിശേഷം ഒരിക്കലും മനസ്സിലാക്കാതിരിക്കേണ്ടതിന് പിശാച് അവന്റെ മേൽ ഉണ്ടാക്കിയെടുത്ത ഒന്നാണ്. ദൈവത്തിന്റെ മഹത്തായ വീണ്ടെടുപ്പ് പദ്ധതിയെ തടയുകയെന്ന ഉദ്ദേശ്യമാണ് ഇതിന്റെ പിന്നിൽ സാത്താനുള്ളത്. മനുഷ്യന് മാറ്റിയെടുക്കുവാൻ കഴിയാത്ത ഒരു മാനസികാവസ്ഥയാണിത്" (ഷാഫെർ 57)

എല്ലാക്കാലത്തിലും വച്ച് അത്യന്തം ശ്രേഷ്ഠനായ ഒരു പ്രസംഗകനായിരുന്നു ചാൾസ് എച്ച് സ്പർജന്റെ മാനസാന്തരാനുഭവത്തെ സംബന്ധിച്ച താഴെ കാണുന്ന പ്രസ്താവന ഇതോടുള്ള ബന്ധത്തിൽ ശ്രദ്ധേയമാണ് "ബാല്യകാലത്ത് പാവനമായ പരിശിക്ഷണമായിരുന്നു എനിക്ക് ലഭിച്ചത്. പ്രാർത്ഥനാ ഭരിതമായ കരങ്ങളാലാണ് എന്റെ മാതാവ് എന്നെ തൊട്ടിലിൽ കിടത്തിയത്. ആത്മീയ സംഗീതത്തിന്റെ താരാട്ട് കേട്ടാണ് ഞാൻ ഉറങ്ങിയത്. സുവിശേഷത്തിന്റെ മധുര സന്ദേശം നിരവധി തവണ ഞാൻ കേട്ടു. എങ്കിലും ഞാൻ രൂപാന്തരപ്പെട്ട ദിവസം ഞാൻ അത് കേട്ടപ്പോൾ അത്യന്തം ശക്തിഭരിതവും നവ്യവുമായ ഒന്നായി എനിക്കത് അനുഭവപ്പെട്ടു. രക്ഷകന്റെ സിരകളിൽ നിന്നൊഴുകിയ പാവനരുധിരത്തിന്റെ നിറം പുരണ്ട ശുദ്ധീകരണത്തറയെ കുറിച്ചുള്ള മഹിമാ സന്ദേശം ഒരിക്കലും എത്തിയിട്ടില്ലാത്ത ഉത്തരാഫ്രിക്കയിലെ സുവിശേഷം കേട്ടിട്ടില്ലാത്ത ഗോത്രവർഗ്ഗക്കാരുടെയിടയിൽ താമസിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ എന്ന അനുഭൂതിയാണ് എനിക്കപ്പോൾ ഉണ്ടായത്."

സുവിശേഷം ആദ്യമായി സ്വീകരിച്ച ദിവസം ഈ സന്ദേശം ഞാൻ മുമ്പൊരിക്കലും കേട്ടിട്ടില്ലെന്നാണെനിക്ക് തോന്നിയത്. ഞാൻ മുമ്പു കേട്ട പ്രസംഗങ്ങളിൽ ഇത് പ്രസംഗിക്കുവാൻ പ്രസംഗകർ മറന്നുപോയിരിക്കാം എന്ന് ഞാൻ ചിന്തിച്ചു. എന്നാൽ പിന്നിലേക്കു തിരിഞ്ഞു നോക്കുമ്പോൾ ഒരു നൂറായിരം തവണ ഞാൻ അത് കേട്ടിട്ടുണ്ട് എന്നെനിക്ക് മനസ്സിലായി. ഈ പ്രത്യേക സമയത്ത് അതിൽ മുൻപില്ലാത്ത ഒരു വിശേഷത അനുഭവപ്പെടുവാൻ കാരണമെന്തെന്ന് ഞാൻ പരിശോധിച്ചു. അന്നു ഞാൻ അത് കേട്ടെങ്കിലും ശ്രദ്ധിച്ചിരുന്നില്ല, എന്നാൽ ഇന്നിതാ എന്റെ ചെവികളെയും ഹൃദയത്തേയും ആ സന്ദേശത്തിന്റെ മുമ്പിൽ പരിശുദ്ധാത്മാവ് തുറന്നിരിക്കുന്നു.

എന്നാൽ വെളിച്ചം എന്റെ കണ്ണുകൾക്ക് മുമ്പിൽ നിരവധി തവണ മിന്നിയിരുന്നുവെന്നും എന്നാൽ ആ സമയം ഞാൻ കുരുടനായിരുന്നുവെന്നും ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. വെളിച്ചം പ്രകാശിക്കുന്നുണ്ടായിരുന്നു. പക്ഷെ അത് സ്വീകരിക്കുന്നതിനുള്ള ശക്തി എന്നിൽ ഉണ്ടായിരുന്നില്ല. ദിവ്യപ്രകാശ വീചികളെ ഉൾക്കൊള്ളുവാൻ തക്കവണ്ണം എന്റെ ആത്മാവ് സുതാര്യമായിരുന്നില്ല. (സ്പർജൻ 26–28)

സുവിശേഷത്തോട് അന്ധത ബാധിച്ച ഒരു മനസ്സ് അതിനോട് പ്രതികരിക്കില്ലെന്ന് സ്പർജന്റെ സാക്ഷ്യം വെളിപ്പെടുത്തുന്നു. ആർക്കെങ്കിലും വേണ്ടി പ്രാർത്ഥിക്കാതെ അവരോട് സുവിശേഷം പങ്കുവയ്ക്കുന്നത് നിങ്ങളോടൊപ്പം സൂര്യാസ്തമയം കാണുവാൻ ഒരു അന്ധനെ നിർബന്ധിക്കുന്നത് പോലെയാണ്.

മനുഷ്യന്റെ ഹൃദയദൃഷ്ടികളിലുള്ള ആത്മീയ തിമിരം പരിശുദ്ധാത്മാവ് നീക്കിക്കളയുന്നില്ലെങ്കിൽ അവൻ രക്ഷിക്കപ്പെടുവാൻ കഴിയുകയില്ല. ദൈവസംബന്ധിയായ വിഷയങ്ങൾ പ്രാകൃത മനുഷ്യനെ സംബന്ധിച്ചിടത്തോളം ഭോഷത്വമാണ്" (1 കൊരി.2:14) ഭോഷത്വം എന്നതിന് ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം "മോറിയ" (Moria) എന്നാണ്. ഇതിൽ നിന്നാണ് ഇംഗ്ലീഷ് പദമായ മോറോൺ ഉദ്ഭവിച്ചത്. മോറാൺ (Moron) എന്നതിന് വെബ്സ്റ്റർ നിഘണ്ടു നൽകുന്ന നിർവചനം, "ബുദ്ധിഹീനൻ, വിഡ്ഢി എന്നൊക്കെ വിളിക്കുന്ന അനുഭവങ്ങളെക്കാൾ ഉയർന്ന നിലയിലുള്ള ഒരു മാനസിക വൈകല്യം എന്നാണ്." അതിനാൽ നഷ്ടപ്പെട്ട മനുഷ്യൻ ഈ മാനസിക വൈകല്യത്തോടുകൂടിയാണ് സുവിശേഷത്തെ കാണുന്നത്. എങ്കിലും ഈ ഭോഷത്വവും, നിഷേധാത്മക മനോഭാവവും അവന്റെ ഉള്ളിലുള്ള "ബലവാന്റെ" സൃഷ്ടിയാണ്. ഈ അവസ്ഥയിലുള്ള ഒരു വ്യക്തിയോട് സുവിശേഷം പങ്ക് വയ്ക്കുന്നത് നന്മയേക്കാളേറെ തിന്മയ്ക്ക് കാരണമാകും. ജെസ്സീപെൻ ലൂയിസ് ഇപ്രകാരം പറയുന്നു"സുവിശേഷ വിരുദ്ധ മനോഭാവങ്ങളിൽ നിറഞ്ഞിരിക്കുന്ന ഇരുണ്ട ചിന്തകൾക്ക് പിന്നിൽ വ്യാപരിക്കുന്ന "ആയുധം ധരിച്ച ബലവാനെ" തിരിച്ചറിയാത്തിടത്തോളം ഒരു മനുഷ്യനേയും ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് ദൈവപുത്രന്റെ രാജ്യത്തിലേക്കാനയിക്കു

വാൻ നമുക്ക് കഴിയില്ല." ബലവാനെ പിടിച്ചു കെട്ടുന്നതിനുള്ള നമ്മുടെ കർത്താവിൻെറ നിർദ്ദേശത്തെ നാം തിരിച്ചറിയാത്തിടത്തോളം അവൻെറ കോപ്പു കവർന്നുകളയുവാനുള്ള നമ്മുടെ ശ്രമം വിഫലമാകും. അതു മാത്രമല്ല ഇത് ബലവാനെ കുപിതനാക്കുകയും, തൻെറ ആയുധവർഗ്ഗത്തെ കൂടുതൽ ഉറപ്പിച്ച് തൻെറ അരമന സമാധാന പൂർവ്വം കാക്കുവാൻ അവനെ സഹായിക്കും. (പെൻ ലൂയിസ് 42–3)

ആത്മാക്കൾ രക്ഷിക്കപ്പെടുവാൻ വേണ്ടി പ്രാർത്ഥിക്കേണ്ടതിൻെറ ആവശ്യകത നാം തിരിച്ചറിഞ്ഞാൽ അടുത്ത പടി പ്രാർത്ഥിക്കുവാൻ പഠിക്കുകയാണ്. 1979 ജനുവരി ലക്കം ''ഫുൾ നെസ്സ്'' മാസികയിൽ മാൻലേ ബെസ്‌ലേ ''നഷ്ടപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കുക.''യെന്ന ഒരു ലേഖനം എഴുതി. അതിലെ അദ്ദേഹത്തിൻെറ ആരംഭവരികൾ ഇപ്രകാരമാണ് "നഷ്ടപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കുക എന്ന വിഷയത്തെ കുറിച്ച് ഏറെക്കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ആരും അത് അൽപം പോലും മനസ്സിലാക്കിയിട്ടില്ല. ഒരു അലമാര എങ്ങനെ തുറക്കണമെന്നറിയാതെ അതു തുറക്കുവാൻ ശ്രമിക്കുന്ന ഒരു അനുഭവമാണിത്. അതിൽ എത്ര മാത്രം വിലപിടിപ്പുള്ള സാധാനങ്ങളുണ്ടായിരുന്നാലും തുറക്കാ നറിയില്ലെങ്കിൽ അതിനുള്ള നമ്മുടെ ശ്രമങ്ങൾ വിഫലമാകും. ഒടുവിൽ നാം നിരാശരായി ഉദ്യമം ഉപേക്ഷിക്കും.''

എന്നാൽ ആർക്കു വേണ്ടി ക്രിസ്തു മരിച്ചുവോ ആ ആത്മാക്കളെ അത്ര നിസ്സാരമായി തള്ളിക്കളയുവാൻ നമുക്ക് കഴിയുകയില്ല. അതിനാൽ അവർക്ക് വേണ്ടി, ഫലപ്രദമായി പ്രാർത്ഥിക്കുവാൻ നാം പഠിക്കണം. ഒരു പക്ഷെ നിങ്ങളുടെ പ്രാർത്ഥന ഒരുവനെ നരകത്തിൽ നിന്ന് വിടുവിച്ചേക്കാം.

സുപ്രസിദ്ധ ഉണർവു പ്രസംഗകനായ ചാൾസ് ജി. ഫിന്നി ഇപ്രകാരം പറഞ്ഞു. ''അനുതാപബോധമില്ലാത്ത ഒരു സുഹൃത്തിൻെറ നരകത്തിൽ നിന്നുള്ള ''രക്ഷ'' ആ വ്യക്തിക്ക് വേണ്ടിയുള്ള നിങ്ങളുടെ തീക്ഷ്ണത നിറഞ്ഞ പ്രാർത്ഥനയിലാണുള്ളത്. (ഫിന്നി 54)''

തൻെറ പിതാവ് ചെയ്തത് മാത്രമാണ് യേശു ചെയ്തത് (യോഹ. 5:19) അതു പോലെ നമ്മുടെ കർത്താവ് ചെയ്തു കാണുന്നതാണ് നാം ചെയ്യേണ്ടത്. അങ്ങനെയെങ്കിൽ നമ്മുടെ കർത്താവ് എന്താണ് ചെയ്യുന്നതെന്ന് നമുക്ക് നോക്കാം. "യേശു പക്ഷവാദം ചെയ്യുവാൻ എന്നേക്കും ജീവിക്കുന്നു. വചനം പറയുന്നു. (എബ്രാ.7:25) ചില ക്രിസ്ത്യാനികളെ മാത്രം'' "മദ്ധ്യസ്ഥ പ്രാർത്ഥനക്കാർ'' എന്ന് മുദ്ര കുത്തുമ്പോൾ നാം ഗുരുതരമായ ഒരു തെറ്റാണ് ചെയ്യുന്നത്. അതിൻെറ അർത്ഥം ബാക്കിയുള്ളവർക്ക് പ്രാർത്ഥിക്കുവാൻ ഉത്തര വാദിത്തമില്ല എന്നാണ്. എന്നാൽ ഇത് നിശ്ശേഷം തെറ്റാണ്. നമ്മുടെ കർത്താവ് ചെയ്തതെന്തെന്ന് നാം വ്യക്തമായി കാണണം. അവൻ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിച്ചു. അത് കൊണ്ട് മറ്റുള്ളവർക്ക് വേണ്ടി ഫലപ്രദമായി പ്രാർത്ഥിക്കുന്നതെങ്ങനെയെന്ന് നമുക്ക് പഠിക്കാം. ആ സുപ്രധാനകാര്യം ചെയ്യുവാൻ നമുക്ക് യേശുവിനോട് ഒത്തുചേരാം.





**അദ്ധ്യായം 2**

# തിരുവചനാടിസ്ഥാനം

നമ്മുടെ പ്രാർത്ഥനകൾക്ക് ദൈവം എന്തുകൊണ്ട് ഉത്തരം തരണമെന്നതിനുള്ള ശക്തമായ കാരണങ്ങൾ ദൈവമുൻപാകെ അവതരിപ്പിക്കുകയെന്നതാണ് ഫലപ്രദമായ പ്രാർത്ഥനയിൽ ഉൾക്കൊള്ളുന്ന സുപ്രധാനമായ ഒരു ഘടകം. യെശ 41:21 ൽ ഇത് തന്നെ ദൈവം നമ്മോട് ആജ്ഞാപിക്കുന്നുണ്ട്. ''നിങ്ങളുടെ വ്യവഹാരങ്ങൾ കൊണ്ടുവരുവീൻ''

''വ്യവഹാരങ്ങൾ അഥവാ ശക്തമായ കാരണങ്ങൾ എല്ലായ്പ്പോഴും ദൈവവചനത്തിൽ അധിഷ്ഠിതമായിരിക്കും. നഷ്ടപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള തിരുവചനാധിഷ്ഠിതമായ ശക്തമായ പല കാരണങ്ങളുമുണ്ട്. F.J ഹ്യൂഗെൽ വിവരിച്ചിക്കുന്ന നിലയിൽ അത് പ്രകടമാക്കുന്നത് എനിക്ക് ഏറെ ഇഷ്ടമാണ്. "നമ്മുടെ സഹായാഭ്യർത്ഥനകളെ സുവിശേഷ പ്രചരണത്തിലൂടെയുള്ള ദൈവത്തിൻെറ മഹത്തായ ഉദ്ദേശ്യങ്ങളോടും, ദൈവരാജ്യത്തിൻെറ വർദ്ധനവിനോടും ചേർത്തിണക്കി കടിഞ്ഞാണിടുവാനുള്ള ഒരു ഉപായം നാം കണ്ടെത്തിയാൽ പൗലൊസിനെപ്പോലെയോ, ഡേവിഡ് ബ്രയിനാർഡിനെപ്പോലെയോ, ജോർജ് മ്യൂളറെപ്പോലെയോ, പ്രയിഗ് ഹൈഡിനെപ്പോലേയോ ആത്മാഭാരത്തോടെയും തീക്ഷ്ണതയോടും കൂടി പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയും. അതു വഴി ദൈവം നമ്മുടെ പ്രാർത്ഥനകൾ കേട്ട് നമുക്ക്വേണ്ടി മഹത്തായ കാര്യങ്ങൾ ചെയ്യും കാരണമാകും (Hugel 80)

നഷ്ടപ്പെട്ടവർക്ക് വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനയുടെ പിന്നിലുള്ള ശക്തമായ ഒരു കാരണം അവരോടുള്ള നമ്മുടെ ശക്തമായ സ്നേഹമാണ്. ''മുട്ടിന്മേൽ നിൽക്കുന്ന സ്നേഹം'' എന്നാണ് പ്രാർത്ഥനയെ ഒരാൾ വിശേഷിപ്പിച്ചിരിക്കുന്നത്. നിശ്ചയമായും മനുഷ്യജാതിയോടുള്ള ദൈവത്തിൻെറ സ്നേഹമാണ് യേശുവിനെ ക്രൂശിലേക്ക് നയിച്ചത്. യാതനാ സ്ഥലത്ത് വേദനയനുഭവിക്കുമ്പോഴും തൻെറ അഞ്ചു സഹോദരന്മാരെക്കുറിച്ചുള്ള സ്നേഹമാണ് ധനവാനെ പ്രാർത്ഥിക്കുവാൻ പ്രേരിപ്പിച്ചത്. (ലൂക്കോ 16:27, 28) അതേ സ്നേഹം നമ്മെ മദ്ധ്യസ്ഥപ്രാർത്ഥന മുറിയിലേക്ക് നയിക്കും.

നരകകുഴിയിലേക്ക് കുത്തനെ വീഴത്തക്കവണ്ണം അപകട ചരിവുകളിൽ വഴുതിത്തെറിക്കുന്ന ആയിരക്കണക്കിനാത്മാക്കളെ രക്ഷിക്കുവാൻ ചരിത്ര പ്രസക്തമായ ചിക്കാഗോയിലെ പസഫിക് ഗാർഡൻ മിഷൻെറ പ്രവർത്തകർ ഉപയോഗിച്ച ചില സൂചികാ ചിഹ്നങ്ങളിൽ **''അമ്മയുടെ പ്രാർത്ഥനകൾ നിങ്ങളെ പിന്തുടരുന്നു''** എന്ന ചിന്തനീയമായ ഒരു വാക്യം ഉണ്ടായിരുന്നത് എന്നെ അത്ഭുതപ്പെടുത്തുന്നില്ല. മാതൃസ്നേഹത്തിൻെറ പ്രാർത്ഥന മുഖാന്തരം രക്ഷിക്കപ്പെട്ട അസംഖ്യം ആത്മാക്കളുടെ എണ്ണം നിത്യതയിൽ മാത്രമേ നാം തിരിച്ചറിയുകയുള്ളു. തീർച്ചയായും സ്നേഹം മാത്രമാണ് ആത്മാക്കളെ രക്ഷിക്കുന്നതിനുള്ള നമ്മുടെ കൈമുതൽ നഷ്ടപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ തിരുവചനത്തിൻെറ ആധാരത്തിൽ ദൈവമുൻപാകെ നമുക്ക് അവതരിപ്പിക്കുവാൻ കഴിയുന്ന രണ്ടാമത്തെ കാരണം നമ്മുടെ **''വിശ്വാസ'' മാണ്.** "വിശ്വസിക്കുന്നവന് സകലവും കഴിയും" എന്ന് നമ്മുടെ കർത്താവ് തന്നെ പറഞ്ഞു. (മർക്കോ 9:23) സകലവും എന്ന പദത്തിൽ ആത്മാക്കളുടെ

രക്ഷയും ഉൾപ്പെടുന്നു. ആരെങ്കിലും രക്ഷിക്കപ്പെടും എന്ന ശക്തമായ വിശ്വാസം നിങ്ങൾക്കുണ്ടെങ്കിൽ അത് സംഭവിക്കുക തന്നേ ചെയ്യും.

നാലുപേർ ഒരു പക്ഷവാതക്കാരനെ യേശുവിന്റെ അടുക്കൽ ചുമന്ന് കൊണ്ട് വന്നു. യേശു അവരുടെ വിശ്വാസം കണ്ട് പക്ഷവാതക്കാരനോട് "നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്ന് പറഞ്ഞു. (മർക്കോ2:5) സൗഖ്യം പ്രാപിക്കുന്നതിനു വേണ്ടിയാണ് അവർ അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നതെങ്കിലും, അവന് പാപമോചനവും ലഭിച്ചു. വിശ്വാസത്തിന്റെ ശക്തിയുടെ അത്ഭുതകരമായ ഒരു പ്രദർശനമാണിത്. **നിശ്ചയമായും വിശ്വാസം ദൈവരാജ്യത്തിന്റെ നാണയമാണ്.**

മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിന് ഞാൻ ഏറ്റവുമധികം ഇഷ്ടപ്പെടുന്നതായ മറ്റൊരു ശക്തമായ കാരണം **പ്രാർത്ഥനയുടെ ശക്തിയാണ്.** "നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നുവെന്ന് യാക്കോ.5:16ൽ നാം വായിക്കുന്നു ഈ പ്രപഞ്ചത്തിലെ മറ്റേതൊരു ഉപാധിയിൽ നിന്ന് ഉദ്ഭവിക്കുന്നതിനേക്കാൾ അത്യന്തം ശക്തമായ ഒരു സ്വാധീനമാണ് പ്രാർത്ഥനയുടെ ശക്തി. എന്നാൽ അവിശ്വസനീയമായ ഈ ശക്തിയെ തിരിച്ചറിയുവാൻ പോലും നാം ഇതുവരെ തുനിഞ്ഞിട്ടില്ല.

പ്രാർത്ഥന അത്യന്തം ഉദാത്തമായ നിരയിൽ ഉൾകൊണ്ടിരിക്കുന്ന ഒരു വസ്തുതയായതിനാൽ അത് മനുഷ്യന്റെ ഭാവനയ്ക്കും അപ്പുറമുള്ള വസ്തുതയാണ്. ഒരു ക്രിസ്ത്യാനി പ്രാർത്ഥിക്കുമ്പോൾ നന്മയെ പ്രാപിക്കുവാനും അതു ചെയ്യുവാനുമുള്ള മനുഷ്യന്റെ ശക്തി ഒരായിരമായിട്ടില്ല ഒരു നൂറായിരമായി വർദ്ധിക്കുകയാണ്. "മനുഷ്യൻ പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രവർത്തിക്കുന്നുവെന്ന വസ്തുതയിൽ അതിശയോക്തി ലേശവുമില്ല" (Hugul 10)

രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാനിൽ അണുബോംബ് വീണപ്പോൾ 92000 പേരാണ് കൊല്ലപ്പെട്ടത്. എന്നാൽ അശ്ശൂർ യരുശലേമിനെ വളഞ്ഞപ്പോൾ ഹിസ്ക്കിയാവിന്റെ മദ്ധ്യസ്ഥതയുടെ ഫലമായി 1,85000 അശ്ശൂർ പടയാളികളെ കൊല്ലുവാൻ അവൻ ഒരൊറ്റ സ്വർഗ്ഗ ദൂതനെയാണയച്ചത്. അതേ ഹിസ്ക്കിയാവിന്റെ പ്രാർത്ഥനയുടെ സ്ഫോടക ശക്തി അണുബോംബിന്റെ ശക്തിയേക്കാൾ രണ്ടു മടങ്ങ് കൂടുതലായിരുന്നു സൈന്യങ്ങളെ തകർക്കുവാനുള്ള ശക്തി പ്രാർത്ഥനയ്ക്കുണ്ടെങ്കിൽ ആത്മാക്കളെ രക്ഷിക്കുവാൻ അതിന് എത്രയധികം ശക്തി ഉണ്ടായിരിക്കും.

നഷ്ടപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കണമെന്ന് ദൈവം നമ്മെ കുറിച്ചാഗ്രഹിക്കുന്നുവെന്നതിൽ കവിഞ്ഞ മറ്റൊരു. വേദപുസ്തകാധിഷ്ഠിത കാരണവും ഇതിനോടുള്ള ബന്ധത്തിൽ നിങ്ങൾ ഇതുവരെ കണ്ടിട്ടില്ലെങ്കിൽ മുകളിൽ വിവരിച്ച വസ്തുതകൾ നിങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ പര്യാപ്തമായവയാണ്. യിസ്രായേൽ മക്കളുടെ ഇടയിൽ മദ്ധ്യസ്ഥത ചെയ്യുന്ന ഒരു വ്യക്തിയെ കാണാതെ വന്നപ്പോൾ ദൈവം പോലും അദ്ഭുത സ്തബ്ദധനായി. (യെശ.59:16) ഇതിൽ നിന്ന് ദൈവം അങ്ങനെയൊരാളെ കണ്ടെത്തുമെന്ന് പ്രതീക്ഷിച്ചിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു.

മദ്ധ്യസ്ഥ പ്രാർത്ഥനക്കാരെ ദൈവം അന്വേഷിക്കുന്നു എന്ന വസ്തുതയെ സംബന്ധിച്ച ആൻഡ്രുമുറേയുടെ അഭിപ്രായം ശ്രദ്ധിക്കുക. തന്റെ ശക്തിയെ എത്തിപ്പിടിക്കത്തക്കവണ്ണം സ്വയം പ്രചോദിപ്പിക്കുവാൻ ഒരു മദ്ധ്യസ്ഥ



പ്രാർത്ഥനക്കാരേയും കാണാതിരിക്കുന്നതിനാൽ ദൈവത്തിന് പലപ്പോഴും പരാതിപ്പെടേണ്ടതായി വരുന്നു. ഈ നാളുകളിൽ ഉന്നതവും വിശുദ്ധവുമായ ഈ ശുശ്രൂഷയ്ക്കു വേണ്ടി സ്വയം ഏൽപ്പിക്കുവാൻ തന്റെ മക്കൾ എല്ലാവരും തയ്യാറാകാത്തതിലും, തയ്യാറാകുന്നവർ തന്നെ സ്ഥിരോത്സാഹത്തിലും തീക്ഷ്ണതയിലും അതിൽ മുന്നേറാത്തതിലും ദൈവത്തിന് ദുഃഖമുണ്ടെന്നു മാത്രമല്ല അവൻ അതിനുവേണ്ടി കാത്തിരിക്കുകയുമാണ്. "സമയ പരിമിതി" എന്ന ഒഴികഴിവു പറഞ്ഞ് സുവിശേഷത്തിന്റെ ശുശ്രൂഷകർ തന്നെ ഇതിൽ നിന്ന് ഒഴിഞ്ഞു മാറുമ്പോൾ താൻ അവരെ കുറിച്ചാഗ്രഹിക്കുന്ന ആദ്യത്തേതും, ഉന്നതമായതുമായ ഏക ഫലപ്രദ ശുശ്രൂഷ ഇതു തന്നെയാണന്നവർ തിരിച്ചറിയുന്നില്ല." (Murray 114)

മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുകയെന്നതിനെ നമ്മുടെ ഒന്നാമത്തേ മുൻഗണനാ വിഷയമായി ദൈവം നമുക്ക് കാണിച്ചു തന്നിരിക്കുന്നു. ദൈവഹൃദയത്തിന്റെ തേങ്ങൽ താഴെക്കാണുന്ന വാക്യത്തിൽ ധ്വനിക്കുന്നുണ്ട്..... പ്രാർത്ഥനയും, പക്ഷവാദവും സ്തോത്രവും ചെയ്യണം എന്ന് ഞാൻ സകലത്തിനു മുൻപേ പ്രബോധിപ്പിക്കുന്നു."(2 തിമൊ. 2:1–4)

ഈ വാക്യത്തിൽ "സകലത്തിനും മുൻപ്" എന്ന് കൊടുത്തിരിക്കുന്നതിന്റെ ഗ്രീക്ക് മൂലപദം "പ്രോട്ടോൺ" (Proton) എന്നതാണ്. സമയം, സ്ഥലം ക്രമം, പ്രാധാന്യം എന്നിവയിൽ ആദ്യമുണ്ടായിരിക്കേണ്ടത് എന്ന അർത്ഥമാണ് ഈ വാക്യത്തിനുള്ളത്. സകലമനുഷ്യരും രക്ഷ പ്രാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നതിനാലും, പ്രാർത്ഥനയിലൂടെയല്ലാതെ ആരും രക്ഷിക്കപ്പെടുകയില്ല എന്നത് കൊണ്ടും നാം ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നതിൽ പരമപ്രധാനമായ കാര്യം പ്രാർത്ഥന തന്നെയാണ് എന്ന പ്രസ്താവന നമ്മെ അത്ഭുതപ്പെടുത്തുകയില്ല.

നഷ്ടപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ നമുക്ക് പ്രചോദനമേകുന്ന മറ്റൊരു പ്രധാന വസ്തുത ചില വേദപുസ്തക കഥാപാത്രങ്ങൾ നമുക്ക് നൽകുന്ന മാതൃകകളാണ്. ഇതിൽ ഏറ്റവും മഹത്തായ മാതൃക നമ്മുടെ കർത്താവായ യേശുന്റേതു തന്നെയാണ്. യെശ.53ലെ യേശുവിനെ സംബന്ധിച്ച പ്രവചനത്തിൽപ്പോലും "അതിക്രമക്കാർക്ക് വേണ്ടി ഇടനില നിന്നു അഥവാ മദ്ധ്യസ്ഥത" ചെയ്തു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. "പിതാവേ ഇവർ ചെയ്യുന്നത് ഇന്നതെന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ എന്ന് ക്രൂശിൽ കിടന്ന് യേശു പ്രാർത്ഥിച്ചപ്പോൾ ഈ പ്രവചനം നിവർത്തിയാകുകയായിരുന്നു. (ലൂക്കോ. 23:34)"

യേശു ഇപ്പോഴും നഷ്ടപെട്ടവർക്ക് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നതിനാൽ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള നമ്മുടെ ഒന്നാമത്തെ മാതൃക യേശു തന്നെയായിരിക്കണം. അവൻ നമ്മുടെ രക്ഷകനും, കർത്താവും രാജാധി രാജാവുമായി സ്വർഗ്ഗീയ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്നുവെങ്കിലും ഇപ്പോഴും അവൻ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. എബ്രാ 7:25 ഇപ്പോൾ എന്റെ മനസ്സിൽ പ്രതിദ്ധ്വനിക്കുകയാണ്. "താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്യുവാൻ അവൻ സദാ ജീവിക്കുന്നവനാകയാൽ അവരെ രക്ഷിപ്പാൻ പൂർണ്ണമായി ശക്തനാണ്."

നമുക്ക് മുൻപിലുള്ള മറ്റൊരു മാതൃകാ വ്യക്തി അപ്പൊസ്തലനായ പൗലൊസാണ്. സഹോദരന്മാരെ അവർ (യിസ്രായേൽ) രക്ഷിക്കപ്പെടേണമെന്നു തന്നെ എന്റെ ഹൃദയ വാഞ്ചയും അവർക്കു വേണ്ടി ദൈവത്തോടുള്ള യാചനയും ആകുന്നു.'' (റോമ 10:1) ഇത് പൗലൊസിന്റെ സഹാതാപാർദ്രമായ ഏറ്റു പറച്ചിലാണ്. ''എന്റെ പ്രാർത്ഥന'' എന്ന ഇവിടുത്തെ പ്രയോഗത്തെ കുറിച്ച് ''യുദ്ധത്തിനായി ജനിച്ചവൻ'' എന്ന ഗ്രന്ഥത്തിൽ ആർ ആർതർ മാത്യൂസ് ഇപ്രകാരം പറയുന്നു. ''തങ്ങളുടെ ജീവിതത്തിന്മേലുള്ള ദൈവത്തിന്റെ അധികാര ത്തെ നിരസിക്കുന്ന മനുഷ്യന്റെ ധിക്കാരവും, പാപവും നിമിത്തം നാശവിധിക്കു വേണ്ടി നിർണ്ണയിക്കപ്പെട്ട മനുഷ്യർക്കു വേണ്ടി മദ്ധ്യസ്ഥത ചെയ്യുവാൻ തയ്യാറുള്ള മനുഷ്യർക്ക് വേണ്ടിയുള്ള ദൈവാന്വേഷണം ഇവിടെ അവസാനിക്കുന്നു'' (Mathews 104). നമുക്ക് മുൻപിൽ ഉള്ള ഒരേ ഒരു ചോദ്യമിതാണ്. നാം അവരുടെ മാതൃക പിന്തുടരുമോ?

ഇത്തരത്തിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് ആധാരമായ നിരവധി വേദപുസ്തക അടിസ്ഥാനങ്ങളുണ്ടെങ്കിലും ഒന്നു മാത്രം ഞാൻ പറയട്ടെ. ദൈവം അത് നമ്മുടെ ഉത്തരവാദിത്തമായി കാണുന്നു. ദൈവത്തിന്റെ രാജകീയ പുരോഹിത വർഗ്ഗക്കാർ എന്നനിലയിൽ നാം മറ്റുള്ളവർക്ക് വേണ്ടി ഉത്തരവാദികളാണ്. കാരണം സ്വർഗ്ഗത്തിനു മുൻപിൽ ഭൂമിയെ പ്രതിനിധീകരിക്കുന്നവരാണ് പുരോഹിതന്മാർ. മനുഷ്യജാതിക്കു വേണ്ടി ദൈവമുൻപാകെ ഇടിവിൽ നിൽക്കുകയെന്നതാണ് നമ്മുടെ പ്രാഥമികമായ ഉത്തരവാദിത്തം. യിസ്രായേലിന്റെ പാപം നിമിത്തമുണ്ടായ മരണബാധ നീങ്ങിപോകുവാൻ ജീവനുള്ളവർക്കും മരിച്ച വർക്കുമിടയിൽ ധൂപകലശവുമായി കടന്നു ചെന്ന അഹരോനും ഇതു തന്നെയാണ് ചെയ്തത് (സംഖ്യ. 16)

രക്ഷിക്കപ്പെട്ട നാം എല്ലാവരും പുരോഹിതന്മാരായതിനാൽ നഷ്ടപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള ഉത്തരവാദിത്തം നമുക്കെല്ലാവർക്കുമുണ്ട്. അങ്ങനെ നാം ചെയ്തില്ലെങ്കിൽ അവരുടെ നിത്യത തീപ്പൊയ്കയിലായിരിക്കും. S.D ഗോർഡന്റെ ആത്മസ് പർശിയായ അഭ്യർത്ഥന ഹൃദയഭേദകമാണ്. ''ദൈവസന്നിധിയിൽ മദ്ധ്യസ്ഥതയുടെ ശുശ്രൂഷചെയ്യുന്നതിൽ ചിലർ പരാജയപ്പെട്ടതിനാൽ ഒട്ടനേകം ആത്മാക്കൾ നഷ്ടപ്പെട്ടവരുടെ ലോകത്തിലേക്ക് വഴുതി വീണു കൊണ്ടിരിക്കുന്നു എന്ന യാഥാർഥ്യം നിരസിക്കുവാൻ കഴിയാത്ത ഒരു ബോദ്ധ്യമായി എന്നെ കുത്തിനോവിക്കുന്നു. നിങ്ങളുടേയോ എന്റേയോ വികാരങ്ങൾക്ക് മുറിവേൽക്കും എന്ന ചിന്ത മൂലം ഇത് പ്രസ്താവിക്കുവാൻ തന്നെ എനിക്ക് ഏറെ അനിഷ്ടം തോന്നുന്നു (Gordon 194 - 195)

തിരുവചനാധികാരികതയുള്ള ഈ ശക്തമായ കാരണങ്ങൾ മുമ്പിലത്തേക്കാൾ ശക്തമായി നഷ്ടപ്പെട്ടവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ നിങ്ങൾക്ക് പ്രേരണ തരട്ടെയെന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.





**അദ്ധ്യായം 3**

# വ്യക്തിപരമായ ഘടകങ്ങൾ

ഉത്തരം ലഭിച്ചിട്ടുള്ള എല്ലാ പ്രാർത്ഥനകളിലും നീതി, വിശ്വാസം എന്നിങ്ങനെയുള്ള രണ്ട് വ്യവസ്ഥകൾ ഉണ്ടായിരിക്കും. യേശുക്രിസ്തുവിന്റെ ചിന്തപ്പെട്ട രക്തം മൂലം നമ്മുടെ മേൽ കണക്കിട്ടിരിക്കുന്ന ക്രിസ്തുവിന്റെ നീതി കൃപാസനത്തെ സമീപിക്കുവാനുള്ള ധൈര്യം നമുക്ക് പ്രദാനം ചെയ്തിരിക്കുന്നു. ഒരു ഫലപ്രദമായ പ്രാർത്ഥനയിലെ അത്യന്തം അനിവാര്യമായ ''നീതി'' എന്ന ഘടകവും അത്യന്ത്യം സുപ്രധാനം തന്നെ. സങ്കീ.66:18 ൽ നാം ഇപ്രകാരം വായിക്കുന്നു. ''ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നെങ്കിൽ കർത്താവ് കേൾക്കയില്ലായിരുന്നു'' ''നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതെന്തെങ്കിലും അപേക്ഷിപ്പിൻ അത് നിങ്ങൾക്ക് കിട്ടും. (യോഹ.15:7) എന്ന് പറഞ്ഞപ്പോൾ ഒരു പക്ഷെ യേശു ഇതായിരിക്കും അർത്ഥമാക്കിയത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അനുസരണമുള്ള ക്രിസ്ത്യാനികൾക്കാണ് പ്രാർത്ഥനയുടെ ഉത്തരം ലഭിക്കുന്നത്.

ഉത്തരം ലഭിക്കുന്ന പ്രാർത്ഥനകളിലുള്ള മറ്റൊരു ഘടകം വിശ്വാസമാണ്. ആത്മീയലോകത്തിലെ അലംഘനീമായ ഒരു നിയമമാണിത്. എല്ലായ്പ്പോഴും നിങ്ങളുടെ വിശ്വാസം പോലെ തന്നെയായിരിക്കും നിങ്ങൾ ക്ക് ഭവിക്കുന്നത് (മത്താ.9:29) നമ്മെ ചുറ്റിനിൽക്കുന്ന വലിയൊരു പാപമാണ് അവിശ്വാസം നമ്മുടെ പ്രാർത്ഥനയുടെ വലിയ ഒരു തടസ്സമാണിത്.

അതിനാൽ നഷ്ടപ്പെട്ടവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ നീതി(നമ്മുടെമേൽ കണക്കിടപ്പെട്ട ക്രിസ്തുവിന്റെ നീതിയും നമ്മുടെ വ്യക്തിപരമായ നീതിയും) ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഈ ദൗത്യത്തിൽ പ്രത്യേകമായി ആവശ്യമുള്ള മറ്റ് എട്ട് ഘടകങ്ങൾ കൂടി ഉണ്ട്. ഇതിൽ ഒന്നാമത്തേത് **ഹൃദയനുറുക്ക**മാണ്. ''കണ്ണുനീരോടെ വിതയ്ക്കുന്നവർ ആർപ്പോടെ കൊയ്യും'' എന്നത് ആത്മീയ കൊയ്ത്തിന്റെ നിയമമാണ്. എന്നാൽ ഇന്ന് നാം ഹൃദയനുറുക്കമില്ലാത്ത പെട്ടെന്നുള്ള കൊയ്ത്തിനേയാണ് ആഗ്രഹിക്കുന്നത്. ലിയോനാർഡ് റേവൻ ഹിൽ ഒരിക്കൽ ഇപ്രകാരം പറഞ്ഞു. ദൈവം എല്ലാ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുന്നവനല്ല. സ്വയ സഹതാപത്തിന്റെ ലേബലിൽ കെട്ടപ്പെട്ടതോ, വ്യക്തിപരമായ നേട്ടങ്ങൾ ഉന്നം വയ്ക്കുന്നതോ ആയ പ്രാർത്ഥനകൾ ദൈവം ശ്രദ്ധിക്കാറില്ല. നേരെ മറിച്ച് തകർന്നു നുറുങ്ങിയ ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥനയെ അവർ ശ്രദ്ധിക്കുന്നു (Raven hill 110). ആത്മാക്കൾക്കുവേണ്ടിയുള്ള ഹൃദയ നുറുക്കം നമ്മിൽ ഉണ്ടാകുന്നത് വരെ നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കയില്ല. യേശു യരുശലേമിനെ നോക്കി കരഞ്ഞതുപോലെ നാം നഷ്ടപ്പെട്ടവർക്ക് വേണ്ടി കരഞ്ഞെങ്കിൽ മാത്രമേ അവർ രക്ഷിക്കപ്പെടുകയുള്ളൂ.

ഒരിക്കൽ ചില ''രക്ഷാസൈന്യത്തിലെ'' ചില പ്രവർത്തകർ തങ്ങൾക്ക് ആത്മാക്കളെ നേടുവാൻ കഴിയുന്നില്ല എന്ന് പരിതപിച്ചു കൊണ്ട് വില്യം ബൂത്തിന് കത്തെഴുതി. മറുപടിയായി വില്യം ബൂത്ത് രണ്ട് വാക്കുകളിലുള്ള

ഒരു സന്ദേശം നൽകി. "കണ്ണുനീർ പരീക്ഷിക്കുക" (Try Tears) എന്നതായിരുന്നു ആ സന്ദേശം. സുവിശേഷം പങ്ക്വയ്ക്കുന്ന വ്യക്തി കണ്ണുനീരോടു കൂടിയാണ് അത് ചെയ്യുന്നതെങ്കിൽ അത് ഫലപ്രദമായ കൊയ്ത്തിനു കാരണമാകും. കാരണം "കണ്ണുനീരിൽ'' അത്രയേറെ ശകതിയുണ്ട്

രണ്ടാമത്തേത് ''ഈറ്റു നോവിനു തുല്യമായ തീവ്രമായ വേദനയാണ്'' യെശ 66:8 ലുള്ള ''സീയോനോ നോവുകിട്ടിയ ഉടനേ മക്കളെ പ്രസവിച്ചിരിക്കുന്നു'' എന്ന പ്രസ്താവനയിലെ വേദനയ്ക്ക് തുല്യമായ വേദനയാണിത്. സോട്രാങ്ങ്സിൻെറ നിഘണ്ടുവിൽ "Travail'' എന്നതിന് നൽകിയിരിക്കുന്ന അർത്ഥം ''വേദന കൊണ്ട് പുളയുക. വേദന നിമിത്തം ദുഃഖത്തോടെ നിലം പതിക്കുക'' എന്നാണ്. ലൂക്കോ. 22 ൽ യേശു ഈ തീവ്രമായ വേദനയിലൂടെ കടന്നു പോകുന്നതായും അവൻെറ വിയർപ്പ് രക്തതുള്ളികളായി നിലത്തു വീഴുന്നതായും നാം വായിക്കുന്നു. ഇതു പോലെയുള്ള അനുഭവം നമ്മിൽ പലരുടേയും പ്രാർത്ഥനാ ജീവിതത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. നഷ്ടപ്പെട്ടവരെ നേടുന്ന പ്രതിഭാസത്തിൽ അത്ഭുതങ്ങൾ കാണാതിരിക്കുവാനുള്ള കാരണമിതാണ്.

രക്ഷാനുഭവത്തെ ''വീണ്ടും ജനനം'' എന്നാണല്ലോ നമ്മുടെ കർത്താവ് വിശേഷിപ്പിക്കുന്നത് ഒരമ്മ ഒരു ശിശുവിന് ജന്മം നൽകുന്ന അവസരത്തിൽ പ്രസവ വേദനയനുഭവിക്കുന്നു. ആത്മീയ മേഖലയിലും ഇത് സത്യമാണ്. താൻ ക്രിസ്തുവിനുവേണ്ടി നേടിയെടുത്ത ഗലാത്യ സഭയിലെ വിശ്വാസികൾ പക്വതയില്ലാതെ പെരുമാറിയപ്പോൾ താൻ അവർക്ക് വേണ്ടി വീണ്ടും പ്രസവ വേദന''പ്പെടുന്നു എന്ന് പൗലൊസ് ഒരിക്കൽ പ്രസ്താവിക്കയുണ്ടായി ഒരു പുരുഷൻ ഒരിക്കലും പ്രസവിച്ചിട്ടില്ലാത്തതിനാൽ തൻെറ ഭാര്യയുടെ പ്രസവ വേദന പൂർണ്ണമായി മനസ്സിലാക്കുവാൻ അദ്ദേഹത്തിനു കഴിയാത്തതു പോലെ ഒട്ടുമിക്ക നാമധേയ ക്രൈസ്തവർക്കും ഇതിൻെറ മൂല്യമറിയില്ല. കാരണം അവർ ഇന്നുവരെ ക്രിസ്തുവിനുവേണ്ടി ഒരാത്മാവിനെപ്പോലും നേടിയിട്ടില്ല.

ഞാൻ ഏറ്റവുമധികം ഇഷ്ടപ്പെടുന്ന ഒരു മിഷനറി വീരനാണ് ''പ്രയിങ് ഹൈഡ്'' ഭാരതത്തിൽ പ്രവർത്തിച്ച ഈ മിഷനറി ആത്മാക്കളുടെ രക്ഷയ്ക്ക് വേണ്ടി പ്രാർത്ഥിക്കുക എന്ന ശുശ്രൂഷയ്ക്ക് വേണ്ടി സ്വന്തം ജീവിതത്തെ ഉഴിഞ്ഞു വച്ചു. ദിനംപ്രതി തനിക്ക് ഓരോ ആത്മാക്കളെ തരണമെന്ന് അദ്ദേഹം 1908 ൽ പ്രാർത്ഥിച്ചു. ആ വർഷം അദ്ദേഹം 400 ആത്മാക്കളെ നേടി. അടുത്ത വർഷം അദ്ദേഹം ദിനംപ്രതി രണ്ട് ആത്മാക്കളെ ലഭിക്കുവാൻ വേണ്ടി പ്രാർത്ഥിച്ചു. (കേവലം പ്രാർത്ഥനയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനയായിരുന്നില്ല ഇത്.) ആ വർഷം അദ്ദേഹത്തിന് ദൈവം 800 ആത്മാക്കളെ നൽകി പിന്നീട് 1910 ൽ അദ്ദേഹം ദിനംപ്രതി 4 ആത്മാക്കളെ ലഭിക്കേണ്ടതിനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അദ്ദേഹത്തിൻെറ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകി എന്നാൽ ഈ വർഷം അദ്ദേഹത്തിൻെറ ആരോഗ്യം ക്ഷയിക്കുവാൻ തുടങ്ങി. ഡോക്ടറെ കാണുവാൻ സുഹൃത്തുക്കൾ അദ്ദേഹത്തെ നിർബന്ധിച്ചു. അദ്ദേഹത്തിൻെറ ആരോഗ്യത്തിൽ ഏല്പിച്ച ക്ഷതം മനസ്സിലാക്കിയ ഡോക്ടർ അദ്ദേഹത്തോട് പറഞ്ഞു. ഇപ്രകാരം "നിങ്ങളുടെ'' "ഹൃദയം'' വളരെ ഭയാനകമായ ഒരവസ്ഥയിലാണ്. ഇത്രയേറെ ഗുരുതരമായ ഒരു കേസ് ഞാൻ ഇതുവരെ കണ്ടിട്ടില്ല. ഹൃദയം അതിൻെറ സ്വാഭാവിക സ്ഥാനത്ത് നിന്ന് വ്യതിചലിച്ച് അല്പം വലതു വശത്തേക്ക് നീങ്ങിയിരിക്കു



ന്നു മാനസിക സമ്മർദ്ദങ്ങൾ മൂലമാണ് ഹൃദയ ത്തിന് ഈ തകരാറുണ്ടായത്. അതിനാൽ മാസങ്ങളോളം വളരെ സ്വസ്ഥമായ വിശ്രമ ജീവിതം നിങ്ങൾക്കാവശ്യമാണ്. അങ്ങനെ മാത്രമേ ഹൃദയത്തെ അതിൻെറ സ്വഭാവിക സ്ഥി തിയിയിലേക്ക് മടക്കി കൊണ്ടുവരുവാൻ കഴിയുകയുള്ളൂ. ഇത്രയേറെ മാനസിക സമ്മർദ്ദങ്ങൾ നിങ്ങൾക്ക് എങ്ങനെയുണ്ടായി. നിങ്ങൾ ജീവിതരീതിക്കു മാറ്റം വരുത്തി മാനസീക സമ്മർദ്ദങ്ങൾ അകറ്റിയില്ലെങ്കിൽ അടുത്ത6 മാസങ്ങൾക്കുള്ളിൽ ഇതിന് നിങ്ങൾക്ക് കനത്ത വില നൽകേണ്ടി വരും (Carre 44)

ഇരുട്ടിൻെറ അധികാരത്തിൽ നിന്ന് ആത്മാക്കളെ വിടുവിച്ച് ദൈവ രാജ്യത്തിലേക്കാനയിക്കുന്ന പ്രക്രിയയിൽ നമ്മുടെ കർത്താവിൻെറ ആത്മഭാരം ഉൾകൊണ്ട് അവനോടൊപ്പം പ്രവർത്തിക്കുവാൻ ഒരു പക്ഷെ നമുക്ക് കനത്ത വില നൽകേണ്ടിവന്നേക്കാം. എങ്കിലും ആ ത്യാഗം ഫലം കാണും. ''മരണത്തോളം തങ്ങളുടെ പ്രാണങ്ങളെ സ്നേഹിക്കാത്ത'' ആ ഉത്തമ സംഘത്തിലെ അംഗങ്ങളായി നമുക്ക് തീരാം. അങ്ങനെയെങ്കിൽ നിശ്ചയമായും ജയം നമ്മുടേതായിരിക്കും (വെളി 12:11)

നഷ്ടപ്പെട്ടവരുടെ അവസ്ഥയെ കുറിച്ച് വേദപുസ്തകത്തിൽ നിന്ന് നമുക്ക് ലഭ്യമായിരിക്കുന്ന നിരവധി വാങ്മയ ചിത്രങ്ങൾ പ്രാർത്ഥനയിൽ സ്ഥിരോത്സാഹമുള്ളവരാകേണ്ടതിൻെറ പ്രാധാന്യത്തെ കുറിച്ച് നമുക്ക് മനസ്സിലാക്കി തരുന്നു. സ്വതന്ത്രരാക്കുവാൻ സാത്താൻ വിസമ്മതിക്കുന്ന തടവുകാരാണ് നഷ്ടപ്പെട്ട മനുഷ്യർ എന്ന് യെശ 14:17 ൽ നാം വായിക്കുന്നു. അ.പ്ര 26:18 ൽ ഇവർ സാത്താൻെറ അധികാരത്തിൽ കീഴിലുള്ളവരാണെന്ന് നാം വായിക്കുന്നു എങ്കിലും ഇതിലെല്ലാം ഭയാനകമായ ഒരു വിവരണമാണ് മർക്കോ 3:27 ലുള്ള "ബലവാൻെറ കോപ്പ്'' എന്ന പരാമർശം. ബലവാനെ പിടിച്ചുകെട്ടാതെ ഈ ആത്മാക്കളെ സഹായിക്കുവാൻ ആർക്കും കഴിയുകയില്ല.

ചില അധികാരികളായ ദുരാത്മാകൾ ശക്തിയുള്ളവയായതിനാൽ പ്രാർത്ഥനയാലും ഉപവാസത്താലും മാത്രമേ അവ ഒഴിഞ്ഞു പോകുകയുള്ളു (മർക്കോ 9:29). ദൈവത്തിന് അവരെ വിടുവിക്കുവാൻ വൈമനസ്യവുമുള്ളതു കൊണ്ടല്ല നാം പ്രാർത്ഥിക്കുന്നത്. നേരെ മറിച്ച് സാത്താൻ അവരെ വിടുവിക്കാതെ പിടിമുറുക്കിയിരിക്കുന്നത് കൊണ്ടാണ്.

ഒരു ഭൂഖണ്ഡത്തേയോ ഒരു സംസ്ക്കാരത്തേയോ മുഴുവനായി നിയന്ത്രിക്കുവാൻ സാത്താന് ശക്തിയുണ്ട്. ചില ജനവിഭാഗങ്ങളെ സുവിശേഷവുമായി സന്ധിക്കുവാൻ മിഷനറിമാർക്ക് കഴിയാതിരിക്കുന്നതിൻെറ കാരണമിതാണ് ഒരു ഇന്ത്യക്കാരനെ സ്നാനപ്പെ ടുത്തുവാൻ വില്യം കേറിക്ക് 7 വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. ബർമ്മയിലെ ആദ്യത്തെ ശിഷ്യനെ കാണുന്നതിനു മുൻപ് ജഡ്സണ് 7 വർഷങ്ങൾ പരിശ്രമിക്കേണ്ടി വന്നു. ആദ്യത്തെ ചൈനക്കാരൻ വിശ്വാസത്തിൽ വരുന്നതിനു മുൻപ് മോറിസൺ 7 വർഷങ്ങൾ അത്യദ്ധ്വാനം ചെയ്തു. ആഫ്രിക്കയിലെ ബെക്കുവാനാസിൽ ദൈവാത്മാവിൻെറ ആദ്യത്തെ ചലനം ഉണ്ടാകുന്നതിനു മുൻപ് 7 വർഷങ്ങൾ താൻ കാത്തിരിന്നുവെന്ന് മൊഫാറ്റ് പ്രഖ്യാപിക്കുന്നു. ബെൻസാമൻറാക്ക (Benza Mantaka) യിൽ ആദ്യത്തെ ഒരു വിശ്വാസിയെ കാണുവാൻ ഹെൻറി റിച്ചാർഡിന് കോം ഗോയിൽ ഏഴു വർഷം ചെലവഴിച്ചു.

ചിലപ്പോൾ പരിതസ്ഥിതികൾ വാഗ്ദത്ത നിവർത്തി അസാദ്ധ്യമാണെന്ന തോന്നൽ ഉളവാക്കും. ഇതുമൂലം നാം നിരാശരായി പ്രാർത്ഥന ഉപേക്ഷി

ക്കുവാൻ സാത്താൻ തന്ത്രപൂർവ്വം ഈ പരിതസ്ഥിതിയെ നമുക്ക് മുൻപിൽ വലുതായി കാണിക്കും. പ്രാർത്ഥനയ്ക്ക് മുൻപിൽ സാത്താൻ തികച്ചും. നിരായുധനാണ് എന്നതാണ് ഇതിന് കാരണം. ഏറ്റവും ദുർബലനായ ഒരു വിശ്വാസിയായി കൊള്ളട്ടെ മുട്ടിന്മേൽ നിൽക്കുമ്പോൾ സാത്താൻ വിറയ്ക്കും. എല്ലാ പ്രാർത്ഥനയും യുദ്ധമാണ്. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ സാഹചര്യങ്ങൾക്ക് വ്യത്യാസം വരുന്നതായി നിങ്ങൾക്ക് തോന്നിയാലും ഇല്ലെങ്കിലും ഒരുകാര്യം തീർച്ചയാണ്. സാത്താൻ നിങ്ങൾക്കു മുമ്പിൽ വിറയ്ക്കുകയാണ്.

നാം പ്രാർത്ഥിക്കുമ്പോൾ ആത്മീയ ലോകത്ത് എന്താണ് സംഭവിക്കുന്നതെന്ന് കാണുവാൻ കഴിഞ്ഞാൽ നാം ഏറെ ഉത്സാഹമുള്ളവരായിത്തീരുമെന്നത് തീർച്ചയാണ്. അഗ്ന്യശ്വങ്ങളും, അഗ്നി രഥങ്ങളും കൊണ്ട് ദൈവം തങ്ങളെ സംരക്ഷിക്കുന്ന ചിത്രം കാണുവാൻ ഏലീശയുടെ ബാല്യക്കാരന്റെ കണ്ണുകൾ ദൈവം തുറന്നതെങ്ങനെയെന്ന് ഓർക്കുക (2 രാജാ 6:17). അതിനാൽ പ്രാത്ഥനയുടെ ഫലം ദൃശ്യമായാലും ഇല്ലെങ്കിലും നഷ്ടപ്പെടുന്ന ജനസമൂഹങ്ങൾക്ക് വേണ്ടിയുള്ള നിങ്ങളുടെ പ്രാർത്ഥന തുടർന്നു കൊണ്ടിരിക്കുക. ഇത്തരത്തിലുള്ള സ്ഥിരോത്സാഹത്തിന്റെ അവിശ്വനീയമായ ഒരു ഉദാഹരണം ജോർജ് മ്യൂളറുടെ ജീവിതത്തിലുണ്ട്. തന്റെ ആദ്യകാല ശുശ്രൂഷയിൽ ജനങ്ങൾ സുവിശേഷം കേട്ടയുടൻ തന്നെ രക്ഷിക്കപ്പെടുവാൻ തുടങ്ങി. ഇതു മൂലം എല്ലായ്പ്പോഴും ഇതുപോലെ തന്നെ തന്റെ ശുശ്രൂഷയിൽ കാര്യങ്ങൾ നടന്നു കൊള്ളും എന്ന ചിന്ത അദ്ദേഹത്തെ ഭരിച്ചു. എന്നാൽ ഇതിനെ സംബന്ധിച്ച അദ്ദേഹത്തിന്റെ സാക്ഷ്യം അത്യന്തം ശ്രദ്ധേയമാണ്. ''ഞാൻ ഒരു വിശ്വാസിയായിത്തീർന്നിട്ട് 54 വർഷങ്ങളും 9 മാസങ്ങളും കഴിഞ്ഞിരിക്കുന്നു. ഇതിനകം എന്റെ മുപ്പതിനായിരം പ്രാർത്ഥനകൾക്ക് (പ്രാർത്ഥിച്ച അതേ മണിക്കൂറിലോ അതേ ദിവസത്തിലോ) ഉത്തരം ലഭിച്ചിട്ടുണ്ട്. ഇതു മൂലം എന്റെ പ്രാത്ഥനകൾക്കെല്ലാം ഉടനടി ഉത്തരം ലഭിക്കാറുണ്ടെന്ന് ആരെങ്കിലുമൊക്കെ ചിന്തിച്ചേക്കാം. എന്നാൽ എന്റെ എല്ലാ പ്രാർത്ഥനകൾക്കും ഈ നിലയിൽ ഉത്തരം ലഭിച്ചിട്ടില്ല. ചിലപ്പോൾ ആഴ്ചകളോ, വർഷങ്ങളോ അനേക വർഷങ്ങളോ പോലും എനിക്ക് കാത്തിരിക്കേണ്ടി വന്നിട്ടുണ്ട്. അങ്ങനെ 1844 നവംബറിൽ ഞാൻ 5 വ്യക്തികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. ആരോഗ്യമുള്ളപ്പോഴും, രോഗിയായിരിക്കുമ്പോഴും, കരയിലായിരിക്കുമ്പോളും, കടലിലായിരിക്കുമ്പോഴും ഞാൻ എന്റെ പ്രാർത്ഥന മുടക്കിയില്ല. 18 മാസങ്ങൾ കടന്നുപോയി. ഞാൻ പ്രാർത്ഥിച്ചവരിൽ ആദ്യത്തെ വ്യക്തി മാനസാന്തരപ്പെട്ടു. ദൈവത്തിനു നന്ദി പറഞ്ഞു കൊണ്ട് ഞാൻ മറ്റുള്ള 4 പേർക്ക് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. 5 വർഷങ്ങൾ കഴിഞ്ഞപ്പോൾ രണ്ടാമത്തേ വ്യക്തി മാനസാന്തരപ്പെട്ടു. അതിനുവേണ്ടി ദൈവത്തിന് നന്ദി പറഞ്ഞു കൊണ്ട് മറ്റ് മൂന്ന് പേർക്ക് വേണ്ടി ഞാൻ പ്രാർത്ഥന തുടർന്നു. 6 വർഷങ്ങൾക്ക്ശേഷം മൂന്നാമത്തെ വ്യക്തി രക്ഷിക്കപ്പെട്ടു. എന്നാൽ തുടർന്നുള്ള 2 പേർ മാനസാന്തരപ്പെട്ടില്ല. ദൈവം തന്റെ കൃപാദാനത്താൽ പ്രാർത്ഥിക്കുന്ന സമയത്ത് തന്നെ പതി നായിരക്കണക്കിനു പ്രാർത്ഥനകൾക്ക് ഉത്തരം നൽകി ആദരിച്ച ഈ മനുഷ്യൻ ഇതാ ഇന്ന് 36 വർഷങ്ങളായി 2 പേരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുന്നു. പക്ഷെ അവർ ഇതുവരെയും മാനസാന്തരപ്പെട്ടിട്ടില്ല. (Steer 246,247)''



എന്നാൽ ഇത് അവസാനമല്ല. അദ്ദേഹം ദിവസങ്ങളോളം വർഷങ്ങളോളം പ്രാർത്ഥന തുടർന്നു. അതിനു ശേഷം അദ്ദേഹം ഇപ്രകാരം എഴുതി ''ഇപ്പോഴിതാ 63 വർഷങ്ങളും 8 മാസങ്ങളുമായി ഞാൻ പ്രാർത്ഥിക്കുന്നു. എങ്കിലും അവൻ മാനസാന്തരപ്പെട്ടില്ല. പക്ഷെ അവൻ മാനസാന്തരപ്പെടും എന്ന് ഞാൻ അറിയുന്നു. മറിച്ച് എന്തെങ്കിലും സംഭവിക്കുക അസാദ്ധ്യമാണ്. കാരണം ഞാൻ ഇപ്പോഴും പ്രാർത്ഥിക്കുകയാണ്.'' എന്നാൽ മ്യൂളറുടെ പ്രവചനം പോലെ ഈ വ്യക്തി രക്ഷിക്കപ്പെട്ടു. പക്ഷെ അപ്പോഴേക്കും അദ്ദേഹം കല്ലറയിലേക്ക് പ്രവേശിച്ചു കഴിഞ്ഞിരുന്നു. അവിടെ ആ ശവസംസ്ക്കാരവേളയിൽ ഈ സുഹൃത്ത് യേശുവിനായി തന്റെ ജീവിതം സമർപ്പിച്ചു. പ്രാർത്ഥനയിലെ സ്ഥിരോത്സാഹം ഇവിടെയിതാ ഒരിക്കൽ കൂടി വിജയിച്ചു. മ്യൂളറുടെ വിജയ രഹസ്യം ലളിതമാണ് ''ജോർജ് മ്യൂളർ ഒരിക്കലും ഉദ്യമം ഉപേക്ഷിച്ചില്ല (Eatsmen 99-100)

പ്രാർത്ഥന ഒരു യുദ്ധമായതിനാൽ മദ്ധ്യസ്ഥതയിൽ ഒരു **''നിർബന്ധ ബുദ്ധി''** അനിവാര്യമാണ്. ദൈവം നമുക്ക് നൽകിയിരിക്കുന്ന അവിശ്വസനീയമായ അധികാരങ്ങൾ നാം ഉപയോഗിക്കണം. (മത്താ 16:19) വിശേഷാൽ ലോകസുവിശേഷീകരണത്തിൽ നാമിത് ഉപയോഗിക്കേണ്ടതത്യാവശ്യമാണ്. (മത്താ. 28:18 – 20)

നാം വിജയികളാണ് (വെളി.12:11). നാം ജേതാക്കളെക്കാൾ ഉന്നതരാണ് (റോമ.8:37) ആയുധം ധരിച്ച് അരമന കാക്കുന്ന ബലവാന്റെ നേരെ പാഞ്ഞുചെന്ന് അവനെ ജയിച്ച് അവന്റെ കോപ്പു കവർന്നുകളയുവാൻ ദൈവം ഇന്ന് നമ്മെ കുറിച്ച് ആഗ്രഹിക്കുന്നു. (ലൂക്കോ.11:22,23) സാത്താൻ തന്റെ തടവുകാരുടെ മേൽ പിടിമുറുക്കിയിരിക്കുന്നു. ഒരു യുദ്ധം കൂടാതെ അവൻ അത് വിട്ടുതരികയില്ല. എന്നാൽ നമ്മുടെ പോരിന്റെ ആയുധങ്ങൾ ജഡികങ്ങളല്ലെന്നും, ദൈവത്താൽ അത് അതിശക്തങ്ങളാണെന്നും നാം എല്ലായ്പ്പോഴും തിരിച്ചറിയണം (2 കൊരി 10:4) ദൈവത്തിന്റെ പടച്ചട്ടയും ആയുധങ്ങളും അണിഞ്ഞു കൊണ്ട് നാം യുദ്ധ സന്നദ്ധരാകുന്നുവെങ്കിലും പ്രാർത്ഥനയാണ് നമ്മുടെ യുദ്ധം. (എഫെ 6:10– 18)

പാതാള ഗോപുരങ്ങളെ നിർബന്ധപൂർവ്വം ആക്രമിച്ചു കീഴടക്കുവാൻ ദൈവം തന്റെ സഭയെ ശക്തീകരിച്ചിരിക്കുന്നു. എന്നാൽ നാമാകട്ടെ പാതാളം അതിന്റെ തൊണ്ടയെ വിസ്താരമായി തുറക്കുവാൻ'' (യെശ 5:14) അനുവദിച്ചു കൊണ്ട് നിസ്സംഗരായി വിശ്രമിക്കുന്നു. ന്യായവിധിയുടെ അപകടങ്ങളെക്കുറിച്ചറിയാതെ വിമ്മിട്ടമുണ്ടാ ക്കുന്ന ഒരു നിസ്സംഗത സഭയെ ബാധിച്ചിരിക്കുന്നു. (Raven hill 80)

ഒരു തടിക്കുറ്റിയിൽ ബന്ധിക്കപ്പെട്ട ആന തന്റെ ശക്തിയെ തിരിച്ചറിയാതെ ഇതിൽ നിന്ന് തനിക്ക് വിമോചനമില്ല എന്ന് ചിന്തിക്കുന്നതു പോലെ, തങ്ങളുടെ സ്വന്തം ശക്തിയെകുറിച്ചുള്ള അജ്ഞതയിൽ സഭയും വഞ്ചിക്കപ്പെട്ടിരിക്കുന്നു. (എഫെ 1:17– 23) നമ്മുടെ അധികാരം ഉപയോഗിക്കാതെ അവിശ്വാസത്തിലും, മയക്കത്തിലും അർദ്ധബോധവസ്ഥയിൽ നാം വിശ്രമിക്കുമ്പോൾ നമ്മുടെ നഷ്ടപ്പെട്ട സഹോദരങ്ങൾ കാരാഗൃഹത്തിൽ വേദനയനുഭവിക്കുന്നു.

തന്റെ ആത്യന്തിക പരാജയത്തെ തിരിച്ചറിയുവാൻ സാത്താൻ ഇന്ന്

വിസമ്മതിക്കുകയാണ്. നിർബന്ധിക്കപ്പെടുന്ന നിമിഷം വരെ ഏതെങ്കിലും അധികാരത്തിനു മുൻപിൽ കീഴടങ്ങുവാൻ സാത്താൻ തയ്യാറാകയില്ല. തനിക്കെതിരെ നടക്കുന്ന ഒരേ നടപടികളേയും ഭയാനകവും കയ്പു നിറഞ്ഞതുമായ ഒരു പോരാട്ടത്തിലൂടെ അവൻ എതിർത്തു നിൽക്കും. നിർബന്ധപൂർവ്വം തന്നിൽ നിന്ന് കവർച്ച ചെയ്യപ്പെടുന്നതു മാത്രമേ അവൻ വീട്ടുതരികയുള്ളൂ. തൻെറ മുകളിൽ സ്ഥാപിക്കപ്പെടുന്ന അധികാരത്തിനു മുൻപിൽ മാത്രമേ അവൻ കീഴ്പ്പെടുകയുള്ളൂ. (Newell 27) ആത്മാക്കൾക്കുവേണ്ടിയുള്ള നിർബന്ധബുദ്ധിയോടുകൂടിയ യുദ്ധത്തിന് സമയമായി. ദൈവരാജ്യം ബലാൽക്കാരത്തിലൂടെ മാത്രം പിടിച്ചെടുക്കേണ്ടതാണ്. (മത്താ 11:12)

മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ ''വാദിക്കൽ'' (Pleading) വളരെയറെ ഫലപ്രദമാണ്. വേദപുസ്തകത്തിൽ ഇതിന് ഒട്ടനവധി ദൃഷ്ടാന്തങ്ങളുണ്ട്. സോദോമിനു വേണ്ടിയുള്ള അബ്രഹാമിൻെറ മദ്ധ്യസ്ഥത, (ഉല്പ 18) യിസ്രായേലിനു വേണ്ടിയുള്ള മോശയുടെ മദ്ധ്യത്ഥത (പുറ32), യഹുദയ്ക്ക് വേണ്ടിയുള്ള ഹിസ്ക്കീയാവിൻെറ മദ്ധ്യസ്ഥത(2രാജാ 19) എന്നിങ്ങനെ ഈ ലിസ്റ്റ് വളരെ നീണ്ടതാണ്. വാദിക്കൽ എന്നാൽ ദൈവം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുവാൻ നിങ്ങൾക്കുള്ള ന്യായങ്ങൾ നിങ്ങൾ വേദപുസ്തത്തിൻെറ ആധാരത്തിൽ ദൈവ മുൻപാകെ കൊണ്ടുവരികയെന്നാണർത്ഥം. “നിങ്ങളുടെ വ്യഹാരങ്ങളെ കൊണ്ടുവരിക”യെന്ന് കർത്താവും നമ്മെ പ്രബോധിപ്പിക്കുന്നുണ്ട് (യെശ 41:21)

ഏ. റ്റി. പിയേഴ്സൻെറ വാക്കുകൾ ശ്രദ്ധിക്കുക. “നമ്മുടെ വ്യവഹാരം നാം ദൈവ മുൻപാകെ വാദിക്കണം. ഇത് ദൈവത്തെ ചില കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിനല്ല നേരെ മറിച്ച് നമ്മെ തന്നെ ബോദ്ധ്യമാക്കുന്നതിനാണ്. ഇതിനുള്ള വേദപുസ്തക ഉദാഹരണങ്ങൾ അനവധിയാണ്. തൻെറ വചനപ്രകാരവും വാഗ്ദത്തപ്രകാരവും, സ്വഭാവപ്രകാരവും നമ്മുടെ പ്രാർത്ഥനകൾക്ക്  ഉത്തരം തരുവാൻ അവൻ ബാദ്ധ്യസ്ഥനാണെന്ന് തെളിയിക്കുന്നതിലൂടെ നമുക്ക് അവനോട് ചോദിക്കുവാനും അവകാശപ്പെടുവാനുമുള്ള അധികാരം ദൈവം നൽകിയിരിക്കന്നുവെന്നും ദൈവത്തിന് സ്വയം തള്ളിപ്പറയുവാൻ കഴിയാത്തതിനാൽ അവൻ നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുമെന്നും നാം നമ്മുടെ വിശ്വാസത്തേ ബോദ്ധ്യപ്പെടുത്തുകയാണ് (Pierson150)

‘വാദ’ത്തിൻെറ ശക്തിയെക്കുറിച്ച് സ്പർജനും ശക്തമായ ബോദ്ധ്യമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ വാക്കുകൾ ശ്രദ്ധിക്കുക. ''വിശ്വാസത്തിന് ഒരു സ്വഭാവമുണ്ട്. പ്രാർത്ഥിക്കുമ്പോഴെല്ലാം അവൾ വാദിക്കാറുണ്ട്. പ്രാർത്ഥന ചൊല്ലുന്നവർ (ഉരുവിടുന്നവർ) യഥാർത്ഥത്തിൽ പ്രാർത്ഥിക്കുന്നില്ല. കാരണം അവർ ദൈവത്തോട് വാദിക്കുവാൻ മറന്നു പോകുന്നു. എന്നാൽ പ്രാർത്ഥനയിൽ പിടിച്ചു നിൽക്കുന്നവർ ശക്തമായ കാരണങ്ങളും വ്യവഹാരങ്ങളും ഉന്നയിച്ചു കൊണ്ട് ദൈവത്തോട് വാദിക്കുന്നു. അല്ലയോ സഹോദരങ്ങളേ ദൈവത്തിൻെറ വാഗ്ദത്തങ്ങളേയും, ചട്ടങ്ങളേയും, നമുക്ക് പ്രയോജനകരമായിത്തീരാവുന്ന സകലത്തേയും ഉപയോഗപ്പെടുത്തി നമുക്ക് ദൈവത്തോട് വാദിക്കമെങ്കിലും എല്ലായ്പ്പോഴും നമുക്ക് വാദിക്കുവാൻ എന്തെങ്കിലുമൊക്കെയുണ്ടായിരിക്കണം. നിങ്ങൾ ദൈവത്തോട് വാദിക്കുന്നതുവരെ നിങ്ങൾ പ്രാർത്ഥിച്ചുവെന്ന് കരുതരുത്. കാരണം “വാദം” പ്രാർത്ഥയുടെ മജ്ജയാണ് (Spurgeon49,50)



സങ്കീ 68:5 ലെ ''അനാഥന്മാർക്ക് പിതാവ്'' എന്ന വാക്ക് ആവർത്തിച്ച് ഉപയോഗിച്ചായിരുന്നു ജോർജ്മ്യൂളർ തൻെറ അനാഥകുഞ്ഞുങ്ങൾക്ക് വേണ്ടി മദ്ധ്യസ്ഥത ചെയ്തത്.ആ വചനത്തിലുള്ളത് ഇതാ അദ്ദേഹത്തിൻെറ വാക്കുകൾ.'' ദൈവസഹായത്താൽ, ദൈവമുൻപാകെയുള്ള എൻെറ വാദമിതാണ്. എൻെറ അനാഥകുഞ്ഞുങ്ങളുടെ ആവശ്യങ്ങൾ മാത്രമേ എനിക്ക് ദൈവത്തേ ഓർമ്മിപ്പിക്കേണ്ടതായിട്ടുള്ളു. (Plerson 143)

ആത്മാക്കളുടെ രക്ഷയ്ക്ക് വേണ്ടി നമുക്ക് ഉപയോഗിക്കുവാൻ കഴിയുന്ന നൂറ് കണക്കിന് തിരുവചന ഭാഗങ്ങൾ ഉണ്ടെന്ന് എനിക്കുറപ്പുണ്ട്. എങ്കിലും സമയത്തിൻേറയും സ്ഥലത്തിൻേറയും പരിമിതി മൂലം ചിലത് മാത്രമേ ഞാൻ ഇവിടെ എടുത്തു കാണിക്കുന്നുള്ളൂ. **ദൈവത്തിന് മനുഷ്യനെക്കുറിച്ചുള്ള ഉദ്ദേശ്യങ്ങൾ ഇതിലൊന്നാണ്** യിര.1:5, ലൂക്കോ.19:10, 2 പത്രൊ 3:9, അ.പ്ര.26:18, എഫെ.2:5–7 **രക്ഷയ്ക്ക് വേണ്ടിയുള്ള ദൈവവാഗ്ദത്തങ്ങളെ മുറുകെ പിടിച്ചു** കൊണ്ട് നമുക്ക് പ്രാർത്ഥിക്കുവാൻ കഴിയും. യോഹ.3:16, യോഹ.1:12, റോമർ 10:13, യോഹ.6:37, **രക്ഷിക്കുവാൻ ദൈവത്തിനുള്ള ശക്തിയെ** മുറുകെ പിടിച്ച് നമുക്ക് വാദിക്കുവാൻ കഴിയും. എബ്രാ 7:25, റോമ.1:16, 1കൊരി 2:4,5, 1പത്രൊ. 1:3–5 സൃഷ്ടാവും വീണ്ടെടുപ്പുകാരനും പിതാവും കർത്താവും എന്ന നിലകളിലുള്ള നമ്മുടെ **ദൈവത്തിൻെറ വ്യക്തിത്വത്തെ മുറുകെ പിടിച്ചു കൊണ്ടും** നമുക്ക് വാദിക്കാം. ദൈവസ്നേഹം, ദൈവകരുണ, കൃപ, ദീർഘക്ഷമ, സൗമ്യത തുടങ്ങിയ **ദൈവത്തിൻെറ പ്രത്യേക സ്വഭാവസവിശേഷതകളേയും,** മനോഭാവങ്ങളേയും ഓർമ്മപ്പെടുത്തിക്കൊണ്ടും നമുക്ക് ദൈവത്തോട് വാദിക്കുവാൻ കഴിയും. എന്നാൽ എനിക്ക് ഏറ്റവും ഇഷ്ടമുള്ള ഒരുവാദമുണ്ട്. മറ്റുള്ളവരെ രക്ഷിക്കുന്നതിലൂടെ കഴിഞ്ഞ നാളുകളിൽ ദൈവം പ്രകടമാക്കിയ അവൻെറ പ്രവൃത്തികളെ കുറിച്ച് ദൈവത്തേ ഓർമ്മപ്പെടുത്തുന്നു ഒരു വാദമാണിത്. നാശത്തിനായി ദൈവം വിധി പറഞ്ഞ നിനവേയെ പിന്നിട് വീണ്ടെടുത്തതെങ്ങനെയെന്നും, വസ്ത്രം ധരിക്കാതെ, ഭൃഷ്ടനായി ആർക്കും അടുത്തുകൂടാതെ ലെഗ്യോൻ ബാധിതനായി ഗദരദേശത്തെ കല്ലറകളിൽ പാർത്ത മനുഷ്യനെ അവൻ വിടുവിച്ചതെങ്ങനെയെന്നും, സഭയ്ക്കു നേരെ പ്രതികാരാഗ്നിയാൽ ജ്വലിച്ച് നാശദൂതനായി കടന്നു വന്ന തർസോസിലെ ശൗലിനെ അവൻ രക്ഷിച്ചതെങ്ങനെയെന്നും, ലുദ്ദയിലും ശാരോനിലും അവൻെറ പ്രവൃത്തി വെളിപ്പെടതെങ്ങനെയെന്നും നിരവധി വിഷയങ്ങളോടുള്ള ബന്ധത്തിൽ ഞാൻ ദൈവത്തേ ഓർമ്മിപ്പിക്കാറുണ്ട്. (അ.പ്ര.9:35)

ദീർഘനാളുകൾ നീണ്ടു നിൽക്കുന്ന പ്രാർത്ഥനയെ അത്യന്തം ഫലരഹിതമാക്കുന്ന ഒരു സുപ്രധാനഘടകം പ്രാർത്ഥനയ്ക്ക് പിന്നിലുള്ള നമ്മുടെ **പ്രേരക ശക്തിയാണ് (Motive). നഷ്ടപ്പെട്ടവർ**ക്ക്വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനയുടെ പ്രേരകശക്തി (Motive) ദൈവമഹത്ത്വം തന്നെയായിരിക്കണം. (യോഹ.15:8) എന്നാൽ പലപ്പോഴും സ്വാർത്ഥത കൊണ്ടും നിഗളം കൊണ്ടും നമ്മുടെ ലക്ഷ്യങ്ങൾ കളങ്കപ്പെട്ടിരിക്കുകയാണ്. തങ്ങളുടെ കുഞ്ഞുങ്ങൾ മറ്റുള്ളവരെ കടത്തി വെട്ടുന്ന കറുത്ത കുതിരകളായി ജീവിത വിജയം നേടണമെന്ന് മാതാപിതാക്കൾ പ്രാർത്ഥിക്കുമ്പോൾ അതിൻെറ പിന്നിൽ അവർക്കുള്ള ലക്ഷ്യം തങ്ങളുടെ കുടുംബത്തിൻെറ പേര് ഉയർത്തുക എന്ന നിഗള മനോഭാവമാണ്.

ഞാൻ അർബുദരോഗിയായ എന്റെ സഹോദരീ ഭർത്താവിന്റെ ശാരീരിക സൗഖ്യത്തിനുവേണ്ടി വർഷങ്ങളോളം പ്രാർത്ഥിച്ചുവെങ്കിലും ഫലമുണ്ടായില്ല. ഞാൻ കൂടുതൽ ശക്തമായി അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. പെട്ടെന്ന് ഈ വിഷയത്തെ കുറിച്ചുള്ള എന്റെ കഴിഞ്ഞകാല പ്രാർത്ഥനകളിൽ സ്വാർത്ഥതയുടെ കറ പുരണ്ടിരിക്കുന്നുവെന്നും, അതുകൊണ്ടാണ് അത് ഫലശൂന്യമായതെന്നും ദൈവമെനിക്ക് വെളിപ്പെടുത്തി. യഥാർത്ഥത്തിൽ എന്റെ സഹോദരിക്ക് നല്ലൊരു ഭർത്താവുണ്ടാകണമെന്നും, കുഞ്ഞുങ്ങൾക്ക് നല്ലൊരു പിതാവുണ്ടാകണമെന്നുമുള്ള സ്വാർത്ഥത നിറഞ്ഞ ആഗ്രഹമായിരുന്നു എന്റെ പ്രാർത്ഥനയുടെ പിന്നിലെ പ്രേരക ശക്തി. ഇതു മൂലം ദൈവത്തിന് എന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുവാൻ കഴിഞ്ഞില്ല. എന്നാൽ എന്റെ ലക്ഷ്യങ്ങൾ നന്നായപ്പോൾ ദൈവം അദ്ദേഹത്തെ വിടുവിച്ചു. "നിങ്ങൾ യാചിക്കുന്നുവെങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിനല്ലാതെ യാചിക്കുന്നതു കൊണ്ട് ലഭിക്കുന്നില്ലെന്ന് ബൈബിൾ വ്യക്തമാക്കുന്നു. (യാക്കോ 4:3) നിങ്ങൾ ഏതെങ്കിലും വ്യക്തികൾക്ക് വേണ്ടി (കുടുംബാംഗമോ, അടുത്ത സുഹൃത്തോ) ദീർഘനാളുകളായി ഫലമില്ലാതെ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നുവെങ്കിൽ നിങ്ങളുടെ പ്രാർത്ഥനയുടെ പ്രേരക ശക്തിയെന്താണെന്ന് നിങ്ങൾ പരിശോധിക്കേണ്ടതാണ്. (കറ പുരളാത്ത ലക്ഷ്യം ദൈവമഹത്വം എന്നുള്ളതാണ്)

ഒരു അഭിഭാഷകൻ നിയമ വിരുദ്ധമായ ഒരു വാദമുന്നയിച്ചാൽ എതിർഭാഗം വക്കീലിന് അത് എതിർക്കുവാൻ അവകാശമുണ്ട്. ന്യായാധിപൻ ആ എതിർപ്പിനെ പിന്തുണച്ചാൽ ആ വാദം ഇല്ലാതെയാകും. ഇത് തന്നെയാണ് ആത്മീയ ലോകത്തിലും സംഭവിക്കുന്നത്. നഷ്ടപ്പെട്ട നമ്മുടെ പ്രിയപ്പെട്ടവർക്ക് വേണ്ടി ദൈവവചനത്തിലെ കാരണങ്ങൾ ഉന്നയിച്ച് വാചാലമായി ദൈവത്തോട് വാദിക്കുവാൻ നമുക്ക് കഴിയുമെങ്കിലും നമ്മുടെ പ്രാർത്ഥനയുടെ പിന്നിലെ പ്രേരക ശക്തി ശുദ്ധമല്ലെങ്കിൽ സാത്താൻ അതിനെ എതിർക്കുകയും, ദൈവം ആ വാദത്തോട് യോജിക്കയും ചെയ്യും. അങ്ങനെ നമ്മുടെ പ്രാർത്ഥനകൾ ഫലശൂന്യമാകും നാം പ്രാർത്ഥിക്കുന്ന വ്യക്തി മരിച്ച് നരകത്തിൽ പോകയും ചെയ്യും.

മദ്ധ്യസ്ഥ പ്രാർത്ഥനയുടെ മറ്റൊരു ഘടകം **"ത്യാഗാത്മകമായ മനോഭാവ"**മാണ്. ഇതിന്റെ എറ്റവും നല്ല ഉദാഹരണം അപ്പോസ്തലനായ പൗലൊസാണ്. യഹൂദാജനം രക്ഷിക്കപ്പെടുവാൻ സ്വയം ക്രിസ്തുവിനോട് വേർപെട്ട് ശാപഗ്രസ്തനാകുവാൻ അദ്ദേഹം ആഗ്രഹിച്ചു (റോമ 9:3) ദൈവജനത്തിന്റെ പാപമോചനത്തിനായി 40 രാവും 40 പകലും പ്രാർത്ഥിച്ച മോശയും ഇതിന് ഉദാഹരണമാണ് (ആവ.9:18,19) ഞാൻ നശിക്കുന്നുവെങ്കിൽ നശിക്കട്ടെ "എന്നു പറഞ്ഞ എസ്ഥേറാണ് മറ്റൊരു ഉദാഹരണം (എസ്ഥേർ.4:16)

"വ്യക്തിപരമായ സുവിശേഷികരണത്തെ" സംബന്ധിച്ച ഒരു സെമിനാർ എക്സ്റ്റൻഷൻ ക്ലാസ്സിൽ പഠിപ്പിക്കുമ്പോൾ ഞാൻ നിങ്ങൾക്ക് വേണ്ടി നരകത്തിൽ പോകാം എന്ന് അച്ചടിച്ച ചില വിഷയ കാർഡുകൾ ഞാൻ ഉണ്ടാക്കി. പ്രാർത്ഥിക്കേണ്ട വ്യക്തികളുടെ പേരെഴുതി അവർക്ക് വേണ്ടി നരകത്തിൽ പോകുവാനും തയ്യാറാണെന്ന മനോഭാവത്തിൽ പ്രാർത്ഥിക്കുവാൻ പ്രേരണ നൽകുകയെന്നതായിരുന്നു ഇതിന്റെ പിന്നിൽ എനിക്കുള്ള ലക്ഷ്യം. അടുത്ത ക്ലാസ്സിൽ ഞാൻ ഈ കാർഡുകൾ വിതരണം ചെയ്തു



കഴിഞ്ഞപ്പോൾ എന്റെ വിദ്യാർത്ഥികളിൽ ഒരാൾ ഇപ്രകാരം പറഞ്ഞു. "പാസ്റ്റർ ആർക്കെങ്കിലും വേണ്ടി നരകത്തിൽ പോകു വാൻ എനിക്ക് കഴിയില്ല." ഈ വിദ്യാർത്ഥി ഞങ്ങൾക്കെല്ലാവർക്കും വേണ്ടിയാണ് സംസാരിച്ചത്. ദൈവം ഇതുപോലെ ഏതെങ്കിലും വ്യക്തിക്ക് പകരം മറ്റൊരു വ്യക്തിയെ നരകത്തിലേക്കയയ്ക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല, എങ്കിലും അതിന് തയ്യാറാകുന്ന മനോഭാവം നമുക്കുണ്ടെങ്കിൽ നമ്മുടെ പ്രാർത്ഥനയുടെ ഫലക്ഷമത വർദ്ധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

മറ്റെല്ലാ കാര്യങ്ങളേയും പോലെ നഷ്ടപ്പെട്ടവർക്ക് വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനയിലും "ഒരുമ" വളരെ സുപ്രധാനമായ ഘടകമാണ്. സാധാരണ ഗതിയിൽ ഇത് വളരെ പെട്ടെന്നുള്ള ഫലങ്ങൾ ഉളവാക്കും. ഒരു വസ്തുവിന്റെ ഘടനയെ വലുതാക്കി കാണിക്കുന്ന ഒരു ഗ്ലാസ്സിലൂടെ (Magnifying glass) സൂര്യകിരണ (Power of sun) ങ്ങൾ കടത്തിവിട്ടാൽ അതിനെ ഒരു തീ പോലെ അത് പ്രതിഫലിപ്പിച്ച് ഒരു പ്രത്യേക സ്ഥാനത്തേക്ക് ആ രശ്മികളെ കേന്ദ്രീകരിക്കും. ഇതുപോലെ ഏതെങ്കിലും ഒരു വ്യക്തി വേണ്ടി വിശ്വാസികൾ ഒരു മനസ്സോടെ പ്രാത്ഥിക്കുമ്പോൾ അത് "ബലവാനെ" (Strong man) ചിതറിക്കുകയും പുത്രന്റെ ശക്തിയെ (Power of the son) ആ വ്യക്തിയിൽ കേന്ദ്രീകരിക്കുകയും ചെയ്യും.

വില്യം കേറിയുടെ മകൻ ജബ്ബേസ് രക്ഷിക്കപ്പെട്ടപ്പോഴും ഇതു തന്നെയാണ് സംഭവിച്ചത്. ലണ്ടനിൽ ബാപ്റ്റിസ്റ്റ് മിഷനറി സൊസൈറ്റിയുടെ വാർഷിക മീറ്റിംഗ് നടക്കുമ്പോൾ ഡോ. റയ്‌ലൻഡിന് ജബ്ബേസ് കേറിയെ സംബന്ധിച്ച വലിയ ആത്മഭാരമുണ്ടായിട്ട് അദ്ദേഹം ഇപ്രകാരം ഒരു ആഹ്വാനം നൽകി സഹോദരങ്ങളെ ജബ്ബേസ് കേറിയുടെ മാനസാന്തരത്തിനു വേണ്ടി ഏകകണ്ഠവും, സാർവത്രികവും തീവ്രവുമായ ഒരു നിശ്ശബ്ദ ഗംഭീര പ്രാർത്ഥന ഇപ്പോൾ നമുക്ക് നടത്താം. പരിശുദ്ധാത്മാവ് ആ സംഘത്തിന്റെ നടുവിലേക്ക് ഇറങ്ങിവന്നെങ്കിലും 2000 ത്തോളം വിശ്വാസികൾ നിശ്ശബ്ദമായി തന്നെ പ്രാർത്ഥിച്ചു കൊണ്ടിരുന്നു ഈ പ്രാർത്ഥനക്ക് ശേഷം ദിവസങ്ങൾ കഴിയുന്നതിനു മുൻപു തന്നെ തന്റെ മാനസാന്തരത്തെ അറിയിച്ചു കൊണ്ട് ജബ്ബേസ് വില്ല്യംകേറിക്ക് കത്തെഴുതി. "സ്മരണീയമായ ഈ മദ്ധ്യസ്ഥത നടന്ന അതേ മണിക്കൂറിലായിരുന്നു ജബ്ബേസ് മാനസാന്തരപ്പെട്ടതെന്ന് അതിൽ നിന്ന് വ്യക്തമായിരുന്നു" (Gordon 87,88)

തന്റെ മകളായ ക്രിസ്റ്റിയുടെ മാനസാന്തരത്തിനു വേണ്ടി ഏതാണ്ട് രണ്ടര വർഷത്തോളം വേദനയോടുകൂടെ പ്രാർത്ഥിച്ചതെങ്ങനെയെന്ന് ജീം സിംബാല വ്യക്തമാക്കുന്നുണ്ട്. ഒരു ചൊവ്വാഴ്ച രാത്രിയിലെ ബ്രുക്ക്ലിൻ ടാബർവാനക്കിളിലെ പ്രാർത്ഥനയിൽ ഒരു യുവതിക്ക് ക്രിസ്റ്റിക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള പ്രേരണ ലഭിച്ചു ഞരക്കവും ഭാരവും നിറഞ്ഞ ഒരു പ്രാർത്ഥന അവിടെ നടന്നു. "സാത്താനേ നിനക്ക് ഈ പെൺകുട്ടിയുടെമേൽ യാതൊരു അധികാരവുമില്ല. ഇവളുടെമേൽ നിന്ന് നിന്റെ കരങ്ങൾ എടുത്തു മാറ്റുക. അവൾ മടങ്ങിവരുവാൻ പോകയാണ്" എന്ന് അവർ ഒരുമിച്ച് പറയുന്നതു പോലെയാണ് ആ പ്രാർത്ഥന നടന്നത്. അതേ അവൾ മടങ്ങിവന്നു. 32 മണിക്കൂർകൾക്ക് ശേഷം അവൾ മടങ്ങിവന്നു. (Cymbala 63 - 65)

ലൂസിയാനയിലെ ജോൺസിലുള്ള ന്യൂ ബാപ്റ്റിസ് ചർച്ചിലെ പാസ്റ്റർ തന്റെ കൂടി വരവിലുള്ളവരോട് ഏതെങ്കിലും ഒരു വ്യക്തി മാനസാന്തരപ്പെടണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ആ വ്യക്തിയുടെ പേര് ഒരു പേപ്പറിലെഴുതി ആ വ്യക്തിക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ സ്വയം സമർപ്പിക്കുവാൻ ആഹ്വാനം ചെയ്തു. ആ കൂട്ടത്തിൽ ഏതാണ്ട് 18 പേർ മൈക്ക് ഡോൾസ് എന്ന വ്യക്തിയുടെ പേര് എഴുതി. തുടർന്നുള്ള 2 ആഴ് ചയ്ക്കകം ഈ വ്യക്തി മാനസാന്തരപ്പെട്ടു.

18 വർഷങ്ങൾ തന്റെ ഭർത്താവിന്റെ മാനസാന്തരത്തിനു വേണ്ടി പ്രാർത്ഥിച്ചിട്ടും ഫലം കാണാതെ വന്നപ്പോൾ ഹെലൻഗ്രസ്ഹാം തന്റെ പാസ്റ്ററായ മിക്കേ ഹഡ്നാലിനോട് പ്രാർത്ഥനയിൽ തന്നെ സഹായിക്കുവാനാവശ്യപ്പെട്ടു. അങ്ങനെ അവർ ഇരുവരും കൂടി പ്രാർത്ഥിച്ചതിന്റെ ഫലമായി വെറും 2 മാസത്തിനകം അവളുടെ ഭർത്താവ് മാനസാന്തരപ്പെട്ടു. ഈ രണ്ട് മാസത്തിനിടയിൽ ദൈവം ഇദ്ദേഹത്തിന്റെ ജീവിതത്തിൽ ചെയ്തു കൗതുകകരമായ കാര്യങ്ങൾ ഈ മനുഷ്യന്റെ സാക്ഷ്യം വായിച്ചാൽ മനസ്സിലാക്കുവാൻ കഴിയും. തന്റെ ഭാര്യയും, പാസ്റ്ററും തനിക്ക് വേണ്ടി പ്രാർത്ഥിക്കുകയായിരുന്നുവെന്ന് ഈ മനുഷ്യൻ അറിഞ്ഞിരുന്നില്ല.

നഷ്ടപ്പെട്ടവർക്ക് വേണ്ടി ഐക്യതയോടു കൂടി പ്രാർത്ഥിക്കുന്നതിന്റെ ശക്തി നാം തിരിച്ചറിയട്ടെ. 2000 പേർ ജബ്ബേസ് കേറിക്ക് വേണ്ടി പ്രാർത്ഥിച്ചു. അദ്ദേഹം അതേ മണിക്കൂറിൽ രക്ഷിക്കപ്പെട്ടു. ക്രിസ്റ്റി സിംബാലക്ക് വേണ്ടി 100 കണക്കിനാളുകൾ പ്രാർത്ഥിച്ചു 32 മണിക്കൂറിനകം അവൾ രക്ഷിക്കപ്പെട്ടു. 18 പേർ മൈക്ക് ഡോൾസിനു വേണ്ടി പ്രാർത്ഥിച്ചു. രണ്ടാഴ്ചക്കകം അവൻ രക്ഷിക്കപ്പെട്ടു. രണ്ടു പേർ റിക്കി ഗ്രെസ്ഹാമിനു വേണ്ടി പ്രാർത്ഥിച്ചു. രണ്ട് മാസത്തിനകം അവന്റെ ജീവിതം രൂപാന്തരപ്പെട്ടു.

ഏതെങ്കിലും മിത്രത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ ഏതെങ്കിലും പ്രാർത്ഥനാ പങ്കാളികളെ നിങ്ങൾക്ക് ലഭിക്കുന്നുവെങ്കിൽ വളരെ നാടകീയമായ ഫലങ്ങൾ നിങ്ങൾ കാണും. അതേ ആത്മീയ ലോകത്തിൽ 2 പേർക്ക് പതിനായിരം പേരെ ഓടിക്കുവാൻ കഴിയും (ആവ32:30). രണ്ട് പേർ ഒരുമനപ്പെട്ട് പ്രാർത്ഥിച്ചാൽ അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുമെന്ന് കർത്താവ് പറയുന്നുണ്ട്. (മത്താ 18:19)

നഷ്ടപ്പെട്ടവർക്ക് വേണ്ടി ഐകമത്യത്തോടു കൂടി പ്രാർത്ഥിക്കുന്നതിൽ ഇത്രമാത്രം ശക്തി എന്തു കൊണ്ടാണെന്ന് ഞാൻ നിങ്ങളോട് പറയാം. ഒന്നാമതായി ദൈവജനത്തിന്റെ മദ്ധ്യത്തിലെ ഐക്യത്തിന് ദൈവം അതുല്യമായ മഹത്ത്വം നൽകുന്നു. യോഹ 17–ാം മദ്ധ്യായത്തിലെ കർത്താവിന്റെ പ്രാർത്ഥനയിലൂടെ ഇത് വ്യക്തമാണ്. (യോഹ. 17) നാം ഒന്നായിത്തീരുവാൻ വേണ്ടി അവിടെ യേശു 5 തവണ പ്രാർത്ഥിക്കുന്നുണ്ട്. കൂടാതെ നാം ചെയ്യുവാൻ ദൈവം കല്പ്പിച്ചിരിക്കുന്ന ലിസ്റ്റിലെ ഒന്നാമത്തെ കാര്യം സകല മനുഷ്യരും രക്ഷിക്കപ്പെടുവാൻ തക്കവണ്ണം അവർക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയെന്നതാണ് (1തിമൊ.2:1–4). ഐക്യത വളരെ അപൂർവ്വമായി മാത്രമേ നാം കാണുന്നുള്ളൂ എന്നതിനാലും, മദ്ധ്യസ്ഥത ചെയ്യുന്നവരാകട്ടെ അത്യപൂർവ്വമായതിനാലും (യിസ്രായേലിൻ ഒരാളെപോലും കണ്ടെത്തുവാൻ കർത്താവിന് കഴിഞ്ഞില്ല. (യെശ.59) നിങ്ങൾ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് വേണ്ടി 2 പേരെ ഒരു മനസ്സുള്ളവരാക്കി തീർക്കുമ്പോൾ രണ്ട് മടങ്ങ് അപൂർവ്വമായ ഒരു കാര്യമായിരിക്കും. നിങ്ങൾ ചെയ്യുന്നത് ദൈവം അതിനെ മൂല്യമുള്ളതായി കാണുന്നതിനാൽ ആ പ്രാർത്ഥനയെ നമ്മുടെ ഭാവനയ്ക്ക് പ്പുറമായി ദൈവം അനുഗ്രഹിക്കും.



ഒരു മനുഷ്യന്റെ ജീവിതം ഒരു ''ബലവാനായ വ്യക്തി''യായിരിക്കും നിയന്ത്രിക്കുന്നതെന്നതാണ് രണ്ടാമത്തെ കാരണം. നിരവധി വ്യക്തികൾ ഒരുമിച്ച് ചേർന്ന് പ്രാർത്ഥിക്കുമ്പോൾ അവനെ വളരെ പെട്ടെന്ന് തോല്പിക്കുവാൻ കഴിയും. നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവനല്ലോ (യോഹ 4:3,4). അപ്പോൾ അവന്റെ കൊള്ളകവർച്ചചെയ്യുന്നതും അനായാസമായിത്തീരും. പലപ്പോഴും നഷ്ടപ്പെട്ട ആത്മാക്കൾ സഹായാഭ്യർത്ഥനയുമായി നിങ്ങളുടെ അടുക്കലേക്ക് കടന്നുവരാറുണ്ട്. ജീംബോ ബാരെന്റെനിന്റെ ജീവിതം ഇതിനുദാഹരണമാണ്. ഇദ്ദേഹത്തിന്റെ ഭാര്യയോടൊപ്പം ജനുവരി മാസത്തിൽ ഞാൻ ഇദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിച്ചു. രണ്ട് മാസങ്ങൾ കഴിഞ്ഞപ്പോൾ ശക്തമായ പാപബോധം നിമിത്തം ഈ മനുഷ്യൻ എന്നെ അന്വേഷിച്ചു വന്നു. എന്നാൽ ഞാൻ ആ സമയം ഈ പാഠോപാധി പഠിപ്പിക്കുവാൻ ആർക്കൻസാസിലുള്ള ഒരു പ്രാർത്ഥനാ കോൺഫ്രൻസിലായിരുന്നു. അതിനാൽ ''രക്ഷപ്രാപിക്കേണ്ടതെങ്ങനെയെന്നറിയുവാൻ ഈ മനുഷ്യൻ ഞങ്ങളുടെ സഭയിൽ തന്നെയുള്ള മറ്റൊരു പ്രസംഗകന്റെ ഭവനത്തിലേക്ക് പോയി. ഞാൻ തിരിച്ചു വരുന്നതുവരെ കാത്തിരിക്കുവാൻ പോലും കഴിയാത്തവിധത്തിലുള്ള ശക്തമായ പാപബോധമായിരുന്നു ഈമനുഷ്യനിലുണ്ടായത്.

മൂന്നാമതായി ഐക്യതയോടെയുള്ള നമ്മുടെ പ്രാർത്ഥന നമ്മുടെ നിഗളത്തെ തകർക്കും. ദൈവത്തിൽ സ്തുതി നിറഞ്ഞിരിക്കുന്നതും പോലെ സാത്താനിൽ നിഗളം നിറഞ്ഞിരിക്കുന്നു. ഒരുവൻ, പ്രാർത്ഥനക്ക് വേണ്ടി അപേക്ഷിക്കുന്നതിനുള്ള വിനയം പ്രകടമാക്കുന്നതുവരെ സാത്താൻ അവന്റെ പരിത സ്ഥിതികളെ നിയന്ത്രിച്ചുകൊണ്ടിരിക്കും. ഇതിലുപരിയായി ദൈവം നിഗളികളോടെതിർത്തു നിൽ ക്കുന്നുവെന്നും താഴ്മയുള്ളവർക്ക് കൃപ നൽകുന്നുവെന്നും തിരുവചനം പറയുന്നു. (യാക്കോ.4:6) പലപ്പോഴും നഷ്ടപ്പെട്ട ഭർത്താക്കന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ ഭാര്യമാർ എന്റെയടുത്തു വരുമ്പോൾ അവർ തങ്ങളുടെ ഭർത്താക്കന്മാരുടെ നല്ല ഗുണങ്ങൾ എന്നോട് പറയാറുണ്ട്. ഇത് അവരുടെ നിഗളം മൂലമാണ്. തങ്ങളുടെ ഭർത്താക്കന്മാർ ദൈവമുമ്പാകെ എത്ര മാത്രം മ്ലേച്ഛമായ നിലയിലാണായിരിക്കുന്നത് എന്ന് അംഗീകരിക്കുവാനുള്ള വിനയം അവർക്കില്ല. ഇതിന്റെ ഫലമായി ഇങ്ങനെയുള്ളവരെ രക്ഷയിലേക്കാനയിക്കുവാൻ എനിക്ക് ബുദ്ധിമുട്ടു നേരിട്ടിട്ടുണ്ട്.



അദ്ധ്യായം 4

# വ്യക്തതയുള്ള പ്രാർത്ഥനാപേക്ഷകൾ

''ദൈവമേ എല്ലാവരേയും രക്ഷിക്കേണമേ'' എന്ന് പൊതുവായി പ്രാർത്ഥന ഉരുവിടുവാൻ മാത്രമേ നാം പഠിച്ചിട്ടുള്ളുവെന്നതിനാൽ മറ്റുള്ളവർ രക്ഷിക്കപ്പെടുന്നതിനു വേണ്ടി വ്യക്തമായി പ്രാർത്ഥിക്കുവാൻ നമുക്ക് ബുദ്ധിമുട്ട് നേരിടുന്നു ഈ ഒരു പ്രസ്താവന ആവർത്തിച്ച് ഉരുവിടുന്നതിന്റെ നിരർത്ഥകതയോർത്ത് നാം പ്രാർത്ഥന തന്നെ അവസാനിപ്പിക്കുന്നു. ഒരു വ്യക്തിയുടെ രക്ഷയ്ക്ക് വേണ്ടി വ്യക്തതയോടു കൂടി പ്രാർത്ഥിക്കുന്നതിൽ 4 പ്രത്യേക ഘടകങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. രക്ഷിക്കപ്പെടേണ്ട വ്യക്തി, ആത്മാവിനെ നേടുന്ന വ്യക്തി, ദൈവവചനം, ഉണർവ്, ഈ ഓരോ മേഖലകൾക്കുവേണ്ടിയും വ്യക്തയോടു കൂടി പ്രാർത്ഥിക്കുവാൻ നാം പഠിക്കുമ്പോൾ നമ്മുടെ മദ്ധ്യസ്ഥത ഫലപ്രദവും ആവേശദായകവുമായിത്തീരും

ഒരു വ്യക്തിയുടെ പേര് പറഞ്ഞ് പ്രാർത്ഥിക്കുമ്പോൾ ഇതാരംഭിക്കുന്നു. അഞ്ച് കാര്യങ്ങൾ ഈ വ്യക്തിയുടെ ജീവിതത്തിൽ ചെയ്തെടുക്കുവാൻ നാം പ്രാർത്ഥിക്കുന്നു. ഒന്നാമതായി ഈ വ്യക്തിയെ കർത്താവ് തനിക്കായി വിശുദ്ധീകരിച്ചു വേർതിരിക്കുവാൻ നാം പ്രാർത്ഥിക്കുന്നു. ഇത് ഒരു അപൂർവ്വ വസ്തുതയായി നിങ്ങൾക്ക് തോന്നിയേക്കാം. എന്നാൽ ദൈവം ഒരുവന്റെ ജീവിതത്തിൽ വീണ്ടെടുപ്പിന്റെ പ്രവർത്തി ആരംഭിക്കുന്നതിങ്ങനെയാണ്. ഒരു വ്യക്തിയെ രക്ഷയുടെ അനുഭവത്തിലേക്ക് നയിക്കുന്നതിനു മുൻപ് ദൈവം ആ വ്യക്തിയെ തനിക്കായി വിശുദ്ധീകരിക്കുന്നു അഥവാ വേർതിരിക്കുന്നു.

ഈ സത്യം 1 പത്രൊ 1:2 ൽ വേദപുസ്തകം വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ''പിതാവായ ദൈവത്തിന്റെ മുന്നറിവിന് ഒത്തവണ്ണം ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ച് അനുസരണം കാണിപ്പാനും....''സഹോദരന്മാരെ, ദൈവം നിങ്ങളെ ആത്മാവിന്റെ വിശുദ്ധീകരണത്താലും സത്യത്തിന്റെ വിശ്വാസത്താലും രക്ഷയ്ക്കായി തെരഞ്ഞെടുത്തു. എന്ന് പൗലോസും പറയുന്നു(2 തെസ്സ.2:13,14)

ദൈവം ഒരു വ്യക്തിയുടെ തലയ്ക്ക് മുകളിൽ തന്റെ അദൃശ്യമായ വൃത്തം വരക്കുകയും അതിനു ശേഷം അവനെ സ്വാധീനിക്കയും ചെയ്യുന്നു. അപ്പോൾ അവനിൽ അവിശ്വസനീയമായ കാര്യങ്ങൾ സംഭവിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ അവസാനം നൽകിയിരിക്കുന്ന വ്യക്തിപരമായ സാക്ഷ്യങ്ങൾ വായിക്കുമ്പോൾ ഇത് കൂടുതൽ വ്യക്തമാകും.

ഈ അത്ഭുത സത്യം മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ മുക്ക് ഏറെ ഉറപ്പ് നൽകും. കൊയ്ത്തിന്റെ കർത്താവായ ദൈവം ഒരുവനെ വിശുദ്ധീകരിച്ചു കഴിഞ്ഞാൽ അവനെ തനിക്കായി നേടിയെടുക്കുക തന്നെ ചെയ്യും. ഒരിക്കൽ നിരീശ്വരവാദിയെന്ന് അഭിമാനിക്കുന്ന ഒരു കോളജ് വിദ്യാർത്ഥി സി.എസ്സ്. ലൂയിസിന് ഒരു കത്തെഴുതി. താൻ ക്രിസ്ത്യാനികളായ ഒരു സംഘം വിദ്യാർത്ഥികളുടെ കയ്യിൽ അകപ്പെട്ടിരിക്കയാണെന്നും അവർ ദിനംപ്രതി അവരുടെ വിശ്വാസം തന്നോട് പങ്കുവയ്ക്കുകയാണെന്നും, അവർ



തന്റെ ചിന്തകളെ ഇളക്കിയിരിക്കുന്നുവെന്നും, വലിയ മാനസിക സമ്മർദ്ദം താൻ അനുഭവിക്കയാണെന്നും അതിൽ എഴുതിയിരുന്നു. ഇതിന് ലൂയിസ് നൽകിയ മറുപടി ശ്രദ്ധേയമാണ്. ''നിങ്ങൾ ഒരു വലിയ വലയിൽ അകപ്പെട്ടിരിക്കയാണ്. പരിശുദ്ധാത്മാവ് നിങ്ങളുടെ പിന്നാലെയാണ്. അവനെ വിട്ടൊഴിഞ്ഞ് നിങ്ങൾക്ക് പോകുവാൻ കഴിയുമോ എന്ന കാര്യം സംശയമാണ്. (Dunn 118)

രണ്ടാമതായി ഈ വ്യക്തിയെ ദൈവം അനുഗ്രഹിക്കുവാൻ നാം പ്രാർത്ഥിക്കണം. യേശു തന്റെ കൊയ്ത്തിനു വേണ്ടി ശിഷ്യന്മാരെ പറഞ്ഞയച്ചപ്പോൾ ഏതെങ്കിലും വീട്ടിൽ ചെന്നാൽ ആ വീട്ടിന് ''സമാധാനം'' എന്ന് ആദ്യം പറയുവാൻ പറഞ്ഞു. (ലൂക്കോ 10:1–5) കാരണം ദൈവ ത്തിന്റെ നന്മ മാത്രമാണ് ഒരു വ്യക്തിയെ മാനസാന്തരത്തിലേക്ക് നടത്തു ന്നത്. (റോമ2:4) നാം ഇപ്രകാരം പറയുമ്പോൾ ദൈവം ആ വ്യക്തിയെ ഔദാര്യമായി അനുഗ്രഹിക്കുവാൻ നാം ദൈവത്തോട് വ്യംഗ്യമായി അപേക്ഷിക്കുകയാണ്.

ചിലപ്പോൾ മറ്റുള്ളവരുടെ രക്ഷയ്ക്ക് വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന വളരെ പെട്ടെന്നുള്ള ഫലങ്ങൾ നൽകാതിരിക്കുമ്പോൾ നാം നിരാശരും, സഹിഷ്ണുതയില്ലാത്തവരുമായിത്തീരുന്നതിനാൽ ''കഷ്ടത്തിന്റെ വടി കൊണ്ട് അവരെ ഒരു പാഠം പഠിപ്പിക്കുവാൻ നാം രഹസ്യമായി ആഗ്രഹിക്കുന്നു. ഒരിക്കൽ ഒരു ശമര്യ ഗ്രാമത്തിലുള്ളവർ യേശുവിനെ നിരസിച്ചപ്പോൾ യേശുവിന്റെ ശിഷ്യന്മാർ സ്വർഗ്ഗത്തിൽ നിന്ന് തീ ഇറക്കി അവരെ നശിപ്പിക്കുവാനാഗ്രഹിച്ചു. ''നിങ്ങൾ ഏത് ആത്മാവിന് അധീനരാണെന്ന് നിങ്ങൾ അറിയുന്നില്ല. മനുഷ്യപുത്രൻ മനുഷ്യരുടെ പ്രാണങ്ങളെ നശിപ്പിക്കുന്നതിനല്ല മറിച്ച് രക്ഷിക്കുന്നതിനാണ് വന്നത് എന്നത്രേ യേശു പറഞ്ഞത് (ലൂക്കോ 9:52–56). നമ്മുടെ രക്ഷകന്റെ മാതൃക പിന്തുടരുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ നാം മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കണം. നാം ആർക്കു വേണ്ടി പ്രാർത്ഥിക്കുന്നുവോ അവരുടെ ജീവിതത്തിൽ ദൈവത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ അനുഗ്രഹങ്ങൾ കടന്നു വരുവാൻ നാം പ്രാർത്ഥിക്കണം.

മൂന്നാമതായി ആ വ്യക്തിക്ക് പാപബോധമുണ്ടാകുവാൻ നാം പ്രാർത്ഥിക്കുന്നു. രക്ഷപ്രാപിക്കുവാൻ പാപബോധം അത്യാവശ്യമാണ്. പരിശുദ്ധാത്മാവിനു മാത്രമേ പാപബോധം നൽകുവാൻ കഴിയുകയുള്ളൂ വെന്നതിനാൽ യോഹ.16:8–11 ഉദ്ധരിച്ചു കൊണ്ട് നാം പ്രാർത്ഥനയിൽ വാദിക്കണം. പാപബോധം എന്നാൽ തെറ്റുകളെ കുറിച്ചുള്ള ബോദ്ധ്യമാണ്. നഷ്ടപ്പെട്ടവരുടെ ഏറ്റവും വലിയ പ്രശ്നം യേശുവിൽ വിശ്വസിക്കാതിരിക്കുക'' എന്നതാണ്. ഈ പാപത്തെകുറിച്ചാണ് പരിശുദ്ധാത്മാവ് പാപബോധം വരുത്തന്നത് (യോഹ.16:9)

തങ്ങൾ ചെയ്യുന്ന എല്ലാ പാപങ്ങളെകുറിച്ചും ജനങ്ങൾക്ക് ബോദ്ധ്യമുണ്ട്. എന്നാൽ യേശുവിനെ വിശ്വസിക്കാതിരിക്കുന്നത് പാപമാണെന്ന് അവർ അറിയുന്നില്ല. കാരണം ഈ പാപമാണ് ഒരു വ്യക്തിയെ ആത്യന്തികമായി നരകത്തിലേക്ക് നയിക്കുന്നത്. അതിനാൽ സാത്താൻ ജനങ്ങളുടെ കണ്ണുകളെ ഇതോടുള്ള ബന്ധത്തിൽ അന്ധമാക്കും. അതിനാൽ ഈ ഒരേ ഒരു വസ്തുതയോടുള്ള ബന്ധത്തിലാണ് ആത്മാവ് ജനങ്ങൾക്ക് പാപബോധം

വരുത്തുന്നത്. യേശുക്രിസ്തുവിനെ അവൻെറ മഹത്ത്വത്തിൽ വെളിപ്പെടുത്തി അവർ രക്ഷിക്കപ്പെടുന്നതിനുളള സാഹചര്യം പരിശുദ്ധാത്മാവ് ഒരുക്കുന്നു എങ്കിലും പാപബോധം രക്ഷയുടെ ഉറപ്പൊന്നുമല്ല. പൗലോസ് നീതിയെക്കുറിച്ചും ന്യായവിധിയെ കുറിച്ചും പ്രസംഗിച്ചപ്പോൾ ഫെലിക്സ് നടുങ്ങിപ്പോയതായി നാം വായിക്കുന്നു (അ.പ്ര 24:25) എന്നാൽ ഫേലിക്സ് ഒരിക്കലും മാനസാന്തരപ്പെട്ടതായി വേദപുസ്തകം വെളിപ്പെടുത്തുന്നില്ല.

അടുത്തതായി സത്യത്തിനു വേണ്ടി ആ വ്യക്തിയുടെ ഹൃദയത്തെ പ്രകാശമാനമാക്കുവാൻ നാം പ്രാർത്ഥിക്കണം. ഒരു വ്യക്തിക്ക് രക്ഷയ്ക്ക് വേണ്ടിയുളള ആവശ്യബോധവും പാപബോധവുമുണ്ടായാലും സുവിശേഷത്തോടുളള ബന്ധത്തിൽ അന്ധമായ അവൻെറ മനസ്സ് അന്ധകാരത്തിൽ തന്നെ തുടർന്നു വസിക്കും (2 കൊരി 4:6). ഒരിക്കൽ നമ്മുടെ ഹൃദയവും മനസ്സും ദൈവവചന സത്യത്തിനു വേണ്ടി തുറക്കപ്പെട്ടു കഴിഞ്ഞാൽ സുവിശേഷം അവനുമായി പങ്കിടുവാൻ ദൈവം ക്രിസ്ത്യാനികളെ ഉപയോഗിക്കും. എത്യോപ്യക്കാരനായ ഷണ്ഡൻ എന്ന സത്യാന്വേഷി, ആലയത്തിൽ ചെന്ന് തിരുവെഴുത്തിൻെറ ചുരുൾ കൈവശമാക്കിയെങ്കിലും, തിരുവെഴുത്ത് തിരിച്ചറിയുവാൻ മറ്റൊരാളിൻെറ സഹായം തനിക്കാവശ്യമാണെന്ന്, അവന് തോന്നി (അ.പ്ര 8:26–30)

കൊർന്നല്യോസിൻെറ കഥ ഇതിലേറെ ആകർഷകമാണ് (അ.പ്ര 10). അവൻ ഭക്തനും സകലഗൃഹത്തോടും കൂടി ദൈവത്തെ ഭയപ്പെടുന്നവനും ജനത്തിന് വളരെ ഭിക്ഷ കൊടുക്കുന്നവനുമായിരുന്നു. അതേ അവൻ മിക്ക ക്രിസ്ത്യാനികളെക്കാളും നല്ലവനായിരുന്നു. എങ്കിലും അവൻ നഷ്ടപ്പെട്ടവനായിരുന്നു. നീ ചെയ്യേണ്ടതെല്ലാം നിന്നോട് പറയേണ്ടതിന് പത്രൊസിനു വേണ്ടി ആളയയ്ക്കുവാൻ ദൂതൻ കൊർന്നല്ല്യോസിനോട് പറഞ്ഞു. കൊർന്നല്യോസും കുടുംബവും സുവിശേഷത്തോട് തുറന്ന മനോഭാവമുളളവരായിരുന്നതിനാൽ വചനം കേട്ടയുടൻ തന്നെ, അഥവാ പത്രൊസ് പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു.

നഷ്ടപ്പെട്ടവരുടെ ഹൃദയവും മനസ്സും സുവിശേഷത്തിനു വേണ്ടി തുറക്കപ്പെടുവാൻ പ്രാർത്ഥിക്കുക. ദൈവം നിശ്ചയമായും അത് ചെയ്യും. അപ്പോൾ അവർ മഹത്ത്വകരമായ നിലയിൽ രക്ഷിക്കപ്പെടും.നാം ഇപ്പോൾ അവരുടെ രക്ഷയ്ക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ തയ്യാറായിക്കഴിഞ്ഞിരിക്കയാണ്. എങ്കിലും അവൻെറ രക്ഷാനുഭവത്തേ ത്വരിതപ്പെടുത്തുവാൻ എന്തെല്ലാം ചെയ്യുവാൻ കഴിയുമോ അതെല്ലാം ചെയ്യുവാൻ നാം മനസ്സുളളവരാകണം. കാരണം ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം ഇത് വളരെ സുപ്രധാനമായ സമയമാണ്. ആ വ്യക്തിയുടെ ജീവിതത്തിൽ ഉണ്ടാകുന്ന സംഭവങ്ങളെയെല്ലാം അവനെ മാനസാന്തരത്തിലേക്ക് നയിക്കതക്കവണ്ണം ദൈവം നിയന്ത്രിച്ചു കൊണ്ടിരിക്കും.

ലൂക്കോസ് 19:10 ലെ കാണാതെ പോയവരെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത് എന്ന വാക്യത്തെ വ്യാഖ്യാനിച്ചു കൊണ്ട് വേണ്ടിയുളള ഫലപ്രദമായ പ്രാർത്ഥനയ്ക്ക് വേണ്ടി സഭകളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടു കൂടിയാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടിരിക്കുന്നത്.



AIDA ശുശ്രൂഷകൾക്ക് കീഴിൽ ഈ ഗ്രന്ഥം അച്ചടിച്ച് പ്രസിദ്ധീകരിക്കുവാൻ ഹൃദയപൂർവ്വം സമ്മതിച്ച ഗ്രന്ഥകാരൻ ലീ. ഈ. തോമസിനോടുളള ഞങ്ങളുടെ കൃതജ്ഞതയും, അഭിനന്ദനങ്ങളും ഇവിടെ രേഖപ്പെടുത്തട്ടെച്ചു കൊണ്ട് ഷാഫെർ ഇപ്രകാരം പറയുന്നു. രക്ഷിക്കപ്പെടാത്ത ഒരു വ്യക്തി ഏതു സ്ഥലത്തിരിക്കുന്നുവെന്ന് അന്വേഷിക്കുന്ന ഒരു ഭൂമിശാസ്ത്രപരമായ അന്വേഷണത്തെക്കുറിച്ചല്ല ഇവിടെ പരാമർശിച്ചിരിക്കുന്നത്. കാരണം നഷ്ടപ്പെട്ട മനുഷ്യർ എല്ലായിടത്തുമുണ്ട്. രക്ഷയുടെ സുവിശേഷത്തിൻെറ വ്യവസ്ഥകളോട് പ്രതികരിക്കത്തക്കവണ്ണം ദൈവം നഷ്ടപ്പെട്ട മനുഷ്യരെ പല വിവിധസംഭവങ്ങളിലൂടെ തയ്യാറാക്കുന്ന അനുഭവത്തെ കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് (Chafer 3 -4)

ടോണി ഫോൺടേനോട്ട്സിൻെറ കുടുംബം അദ്ദേഹത്തിൻെറ രക്ഷയ്ക്ക് വേണ്ടി നിരവധി വർഷങ്ങൾ പ്രാർത്ഥിച്ചു. 1982 മെയ് 22 വരെ ഈ പ്രാർത്ഥനകളെല്ലാം വ്യർത്ഥമായിത്തീരുമെന്നു തോന്നി. എന്നാൽ ആ ദുർദിനത്തിൽ അദ്ദേഹം വിമാനദുരന്തത്തിൽ മരണകരമായ പൊളളലേറ്റവനായി. ദൈവം അവനെ ശ്രദ്ധിച്ചു ബാക്കി കാര്യങ്ങൾ അനായാസമായിരുന്നു.

ഒരു വ്യക്തി സുവിശേഷം സ്വീകരിക്കുവാൻ തയ്യാറായിക്കഴിഞ്ഞാൽ ഒരാൾ അത് അവനോട് പങ്കു വയ്ക്കേണ്ടതായിട്ടുണ്ട്. അതിനാൽ ആ സമയം ആ വ്യക്തിയോട് സുവിശേഷം പങ്കുവയ്ക്കുവാൻ ദൈവം ആരെയെങ്കിലും നിയോഗിക്കുവാൻ നാം പ്രാർത്ഥിക്കണം "കൊയ്ത്ത് വളരെയുണ്ട്. വേലക്കാരോ ചുരുക്കം. ആകയാൽ കൊയ്ത്തിൻെറ യജമാനനോട് കൊയ്ത്തിലേക്ക് വേലക്കാരെ അയക്കേണ്ടതിന് യാചിപ്പിൻ (മത്താ 9:37,38)

"ചുരുക്കം" എന്ന വാക്കിന് പരിധി, അളവ്, എണ്ണം, സമയ പരിധിമൂല്യം എന്നിവയിൽ ചെറുതായിരിക്കുകയെന്ന അർത്ഥമാണ് സ്രോട്രാങ്സ് നിഘണ്ടുവിൽ നാം കാണുന്നത്. ഒന്നാമതായി കൂടുതൽ വേലക്കാരെ അയ്ക്കേണ്ടതിന് വേണ്ടി നാം പ്രാർത്ഥിക്കണം "അയ്യക്കുക" എന്നതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്ക് മൂലപദം "എക്ബല്ലോ" എന്നാണ്. ഇതിൻെറ യഥാർത്ഥം. ബലം പ്രയോഗിച്ച് എന്തിനെയെങ്കിലും "എറിയുക" (throw) പുറത്താക്കുക (cast out) എന്നൊക്കെയാണ്.

വചനം പ്രസംഗിക്കുവാൻ യോനയെ നിനവേയിലേക്കയയ്ക്കുന്ന തിന് ദൈവത്തിന് എന്തെല്ലാം ബുദ്ധിമുട്ടുകളാണ് നേരിട്ടതെന്ന് ഓർത്ത് നോക്കുക. ദൈവം അക്ഷരികമായി അവനെ നിർബന്ധിക്കുകയായിരുന്നു. സഭതങ്ങളുടെ സുഖ സൗകര്യങ്ങളുടെ പരിധിവിട്ട് സുവിശേഷം പ്രസംഗിക്കുവാൻ മുന്നോട്ടിറങ്ങാതെ വന്നപ്പോഴും ഇതു തന്നെയാണ് സംഭവിച്ചത്. അപ്പോൾ യരുശലേമിലെ സഭയിൽ പീഢ വരുവാൻ ദൈവം അനുവദിച്ചു. അവർ യഹൂദ്യ, ശമര്യ പ്രദേശങ്ങളിലേക്ക് ചിതറിപ്പോയി. ചിതറിപ്പോയിടത്തെല്ലാം അവർ വചനം പ്രസംഗിച്ചും. (അ.പ്ര 8:4)

"പരിധി," "മൂല്യം" എന്നീ മേഖലകളിലും വേലക്കാർ ചുരുക്കമായതിനാൽ ഫലപ്രദമായ സാക്ഷ്യം നൽകുവാൻ അവരെ ആവശ്യമായ ഗുണഗണങ്ങൾ കൊണ്ട് അവരെ സജ്ജരാക്കുവാനും നാം പ്രാർത്ഥിക്കണം. എങ്കിലും ഈ തയ്യാറാക്കൽ പരിശുദ്ധാത്മാവിലൂടെയാണ് നടക്കുന്നതെന്ന കാര്യം

നാം മനസ്സിലാക്കണം. സാമുവേൽ ചാഡ്വിക്ക് ഇപ്രകാരമാണ് പറയുന്നത്. ''പരിശുദ്ധാത്മാവിൻെറ ശക്തിയെ അവൻെറ വ്യക്തിത്വത്തിൽ നിന്ന് വിഭജിച്ചു കാണുന്നത് സാദ്ധ്യമാണ്. ദൈവം തൻെറ സ്വഭാവ സവിശേഷതകൾ ഉപേക്ഷിക്കാറില്ല. അവൻെറ ശക്തി ഒരിക്കലും വാടകയ്ക്ക് ലഭ്യമല്ല. അതിനെ അവൻെറ സാന്നിദ്ധ്യത്തിൽ നിന്ന് വേർതിരിക്കുവാനും നമുക്ക് കഴിയുകയില്ല. അവൻ കേവലം ശക്തിയുടെ ദാതാവല്ല അവൻ അതിനെ കൈകളിലുയർത്തുന്നവനാണ്. അത് മറ്റാർക്കും കഴിയുകയുമില്ല'' (chadwick 89)

അതു കൊണ്ടാണ് ഉയരത്തിൽ നിന്ന് ദൈവാത്മ സ്നാനം പ്രാപിക്കുന്നത് വരെ യരുശലേമിൽ കാത്തിരിക്കുവാൻ യേശു തൻെറ ശിഷ്യന്മാരോട് പറഞ്ഞത് (അ.പ്ര 1:4,5). അതിനുശേഷം അവൻ അവരോടിപ്രകാരം പറഞ്ഞു. ''പരിശുദ്ധത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യരുശലേമിലും, യഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എൻെറ സാക്ഷികളാകും'' (അ.പ്ര1:8)

ദൈവാത്മ നിറവ് നമ്മുടെ ജന്മാവകാശമാണെങ്കിലും (അ.പ്ര2:38, 39) വിശ്വസിക്കുന്നവർക്ക് വേണ്ടി വ്യാപരിക്കുന്ന ദൈവശക്തിയുടെ അളവറ്റ വലിപ്പം ദൈവസഭ വളരെ കുറച്ചു മാത്രമേ അറിയുന്നുള്ളൂ. (എഫെ 1:19) നരക കൂഴിയിലേക്ക് അനന്തമായി വഴുതി വീഴുന്ന നമ്മുടെ ചുറ്റുമുള്ള ആത്മാക്കളെ രക്ഷിക്കുവാൻ ഇതു മൂലം നമുക്ക് കഴിയാതെയായിരിക്കുന്നു. അതിനാൽ ദൈവം തൻെറ പ്രവർത്തകരെ തൻെറ ആത്മാവിനാൽ നിറച്ച്, തൻെറ ശക്തി(കഴിവും ബലവും)യാലും ധൈര്യത്താലും അവരെ നിറച്ച് (അ.പ്ര.4:31) ജ്ഞാനവും(സഭ.11:30),ഉത്സാഹവും (കൊലൊ.4:12,13) മനസ്സലിവും (യൂദാ.22, 25), ദിവ്യ ദർശനവും, (യിര.33:3) കൊണ്ട് നിറച്ച് ഉപയോഗിക്കുവാനും അത് വഴി ആത്മാക്കൾ രക്ഷിക്കപ്പെടുവാനും നാം പ്രാർത്ഥിക്കണം.

പ്രത്യേക വ്യക്തികളുടെ രക്ഷയ്ക്കായി പേരെടുത്ത് പറഞ്ഞു പ്രാർത്ഥിക്കുകയും, അവരോട് സുവിശേഷം പങ്കുവയ്ക്കുന്ന സാക്ഷികൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ശേഷം, അവരോട് പങ്കുവയ്ക്കേണ്ട ദൈവവചനത്തിനുവേണ്ടിയും നാം പ്രാർത്ഥിക്കണം. ഇതിന് രണ്ടു കാരണങ്ങളുണ്ട്. ഒന്നാമതായി ദൈവവചനം കേൾക്കാതെ ആരും രക്ഷിക്കപ്പെടുകയില്ല(റോമ 10:14). രണ്ടാമതായി സാത്താൻ ദൈവവചനത്തെ വെറുക്കുന്നുവെന്നു മാത്രമല്ല അത് സ്വീകരിക്കുന്നതിൽ നിന്ന് ജനങ്ങളെ തടയുവാൻ അത്യധികം പരിശ്രമിക്കുകയും ചെയ്യുന്നു. ദൈവവചനം പാപബോധം വരുത്തുന്നതിനാലും (അ.പ്ര 2:37), സ്വതന്ത്രമാക്കുന്നതിനാലും (യോഹ8:32) രക്ഷിക്കുന്നതിനാലും (1പത്രൊസ്1:23) സാത്താൻ അതിനെ അതിശക്തമായി എതിർക്കയും ജനഹൃദയങ്ങളുടെ ഏകാഗ്രത തെറ്റിച്ചു കളയുവാൻ ശക്തമായ് പരിശ്രമിക്കുകയും ചെയ്യും. ജനഹൃദയങ്ങളിൽ സുവിശേഷത്തിനു വിരുദ്ധമായി കോട്ടകൾ നിർമ്മിച്ചു കൊണ്ടും (2 കൊരി.10:4, 5) സുവിശേഷത്തിനു പകരം മറ്റ് പലതും വാഗ്ദത്തം ചെയ്തു കൊണ്ടും, ശത്രു നിശ്ചയമായും സുവിശേഷത്തോട് പോരാടും (2 കൊരി 10:4,5)

സൂപ്പർമാൻെറ കയ്യിൽ ക്രിപ്ടൊണൈറ്റ് (Kryptonite) പോലെയാണ് സാത്താൻെറ കയ്യിൽ ദൈവവചനം. അത് സാത്താനെ ദുർബലനും, പ്രതി



രോധ രഹിതനുമാക്കുന്നു. ദൈവവചനം സാത്താൻെറ സാമ്രാജ്യ ത്തിലെ തടവുകാരെ സ്വതന്ത്രരാക്കുമെന്നതിനാൽ അത് അവൻെറ രാജ്യത്തെ ബലഹീനമാക്കും ''സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കയും ചെയ്യും'' എന്ന് ദൈവവചനം പറയുന്നു. (യോഹ 8:32). എന്നാൽ ഇവിടെ ഒരു കാര്യം ശ്രദ്ധിക്കണം. എല്ലാ സത്യങ്ങളും നിങ്ങളെ സ്വതന്ത്രരാക്കുന്നില്ല. പ്രത്യുത നിങ്ങൾ അറിയുന്ന സത്യം മാത്രമാണ് നിങ്ങളെ സ്വതന്ത്രരാക്കുന്നത്. അതിനാൽ സത്യം നിങ്ങൾ അറിയാതിരിക്കുവാൻ സാത്താൻ വേണ്ടതെല്ലാം ചെയ്യും.

''വിത''യുടെ അർത്ഥം ശിഷ്യന്മാർക്ക് വിശദീകരിക്കുമ്പോൾ ഒരുവൻെറ ഹൃദയത്തിൽ വിതയ്ക്കപ്പെടുന്ന വിത്തിനെ സാത്താൻ എടുത്തു കളയുന്നതിനെ കുറിച്ച് യേശു പറയുന്നുണ്ട്.അതായത് ആ വ്യക്തി വചനം തിരിച്ചറി യുന്നതിനു മുൻപ് സാത്താൻ അത് മോഷ്ടിക്കുന്നു. (മർക്കോ 4:15) അതു കൊണ്ടാണ് നഷ്ടപ്പെട്ട മനുഷ്യരോട് ദൈവവചനം പങ്കുവയ്ക്കുന്ന ശുശ്രൂഷയ്ക്കു വേണ്ടി നാം പ്രാർത്ഥിക്കണമെന്ന് പറയുന്നത്.

നഷ്ടപ്പെട്ടവർ രക്ഷയിലേക്ക് വരുവാൻ തക്കവണ്ണം ദൈവവചനത്തെ ഉപയോഗിക്കുവാൻ നാം പ്രാർത്ഥിക്കുമ്പോൾ നാം 5 പ്രത്യേക കാര്യങ്ങൾക്ക് വേണ്ടി വ്യക്തമായി പ്രാർത്ഥിക്കണം. നഷ്ടപ്പെട്ട മനുഷ്യരെ രക്ഷാനുഭവത്തിലേക്ക് നയിക്കുവാൻ ദൈവം വചനത്തെ ഉപയോഗിക്കുവാൻ നാം പ്രാർത്ഥിക്കുമ്പോൾ നാം അഞ്ചു തരത്തിലുള്ള പ്രത്യേക അപേക്ഷകൾ ചെയ്യേണം. ഒന്നാമതായി ദൈവവചനം സ്വതന്ത്രമായി എല്ലായിടത്തും പ്രഘോഷിക്കപ്പെടുവാൻ നാം പ്രാർത്ഥിക്കണം (2 തെസ്സ.3:1). ദൈവവചന ഘോഷണം തടസ്സമില്ലാതെ മുന്നേറണമെന്ന അർത്ഥം മാത്രമേ ഇതിനുള്ളു. ദൈവവചനത്തിൻെറ ഒഴുക്കിനെ സാത്താൻ ഒരിക്കലും തടയരുത്. തനിക്ക് ഭാവന കാണുവാൻ കഴിയുന്ന സകല നിലകളിലും സാത്താൻ ദൈവവചനത്തെ തടയുവാനും, ദൈവശുശ്രൂഷകനെ പീഡിപ്പിക്കുവാനും, ദൈവവചനത്തെ വിരുപമാക്കുവാനും, ദൈവവചന പ്രതികളെ നശിപ്പിക്കുവാനും, കേൾവിക്കാരുടെ ഹൃദയങ്ങളിൽ സംശയം ജനിപ്പിക്കുന്നതിനുമൊക്കെ ശ്രമിക്കും.

അടുത്തതായി ദൈവവചനം മഹത്ത്വപ്പെടുവാൻ നാം പ്രാർത്ഥിക്കണം (2 തെസ്സ.3:1). ഇതിൻെറയർത്ഥം കേൾവിക്കാർ അതിനെ മാനിക്കണമെന്നാണ്. ദൈവം വചനത്തിന് തൻെറ നാമത്തിലും അധികമായ മഹത്ത്വമാണ് നൽകിയിരിക്കുന്നത് എന്ന് നാം കാണുമ്പോൾ ദൈവവചനത്തോട് നമുക്ക് ഒരു പുതിയ ബഹുമാനം തോന്നും. (സങ്കീ. 138:2) യഥാർത്ഥത്തിൽ ജഡം ധരിച്ച ദൈവവചനമാണ് നമ്മുടെ കർത്താവ് ''ആദിയിൽ വചനമുണ്ടായിരുന്നു വചനം ദൈവമായിരുന്നു. വചനം ജഡം ധരിച്ചു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു (യോഹ 1:1,14)''

ദൈവവചനം പെരുകേണ്ടതിനായും നാം പ്രാർത്ഥിക്കണം (അ.പ്ര 12:24). കൊയ്ത്തിൻെറ നിയമങ്ങളിലൊന്ന്. ''ധാരളമായി വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും. (2കൊരി.9:6) എന്നാണല്ലോ ദൈവവചനം പ്രതികൂല സാഹചര്യങ്ങളിലും ബലം പ്രയോഗിച്ച് നിലനിൽക്കുവാൻ നാം പ്രാർത്ഥിക്കണം. (അ.പ്ര. 19:20). ഒരുകോൺക്രീറ്റ് സ്ലാബിനുള്ളിൽ വിതയ്ക്കപ്പെടുന്ന വിത്ത്

മുളയ്ക്കുമ്പോൾ അതിൻെറ ശക്തി ആ കേൺക്രീറ്റ് സ്ലാബിനെ പൊട്ടിക്കുവാൻ സാദ്ധ്യതകളുണ്ട്.

ദൈവവചനത്തെ ഓർത്ത് പ്രാർത്ഥിക്കുമ്പോൾ എനിക്ക് ഏറ്റവും പ്രിയങ്കരമായ ഒരു പ്രാർത്ഥനയുണ്ട്. ദൈവവചനം ഫലമുള്ളതായിത്തീരണമെന്നതാണത്. അ.പ്ര 14:1ൽ പറയുന്നത് ശിഷ്യന്മാർ പ്രസംഗിച്ചപ്പോൾ വലിയോരു കൂട്ടം യഹൂദന്മാരും യവനന്മാരും വിശ്വസിച്ചു എന്നാണ്. യെശ 55.11 ഉപയോഗിച്ച് നമുക്ക് ദൈവത്തോട് വാദിക്കുവാൻ കഴിയും.''...... അത് (ദൈവവചനം) വെറുതേ എൻെറ അടുക്കലേക്ക് മടങ്ങാതെ എനിക്കിഷ്ടമുള്ളത് നിവർത്തിക്കയും ഞാനയച്ച കാര്യം സാധിപ്പിക്കയും ചെയ്യും.'' ദൈവവചനം ഫലപ്രദമായി തീരണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. നിങ്ങൾ അതിനു വേണ്ടി പ്രാർത്ഥിക്കണം. അത് ദൈവഹിതപ്രകാരമുള്ള പ്രാർത്ഥനയാണ് എന്നുള്ളതിനാൽ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിശ്ചയമായും ഉത്തരം ലഭിക്കും.

യൂദാ ഇസ്ക്കര്യോത്ത ജീവിക്കുന്ന ദൈവവചനത്തോടുള്ള നിരന്തര സമ്പർക്കത്തിലാണ് ജീവിച്ചത്. എങ്കിലും അവൻ മരിച്ച് നേരെ നരകത്തിലേക്ക് പോയി. ആ മനുഷ്യൻ ജനിക്കാതിരുന്നെങ്കിൽ കൊള്ളാമായിരുന്നുവെന്ന് യേശു പോലും അവനെ കുറിച്ച് പറഞ്ഞു. (മർക്കോ.14: 21). പരീശന്മാർ ദൈവവചനം ധരിച്ച് നടക്കുന്നവരും, ദൈർഘ്യമേറിയ ദൈവവചനത്തിലെ ഭാഗങ്ങൾ മന:പാഠമാക്കിയവരായിരുന്നെങ്കിലും അവർ ദൈവവചനത്തിൽ നിന്ന് ഏറെ ദൂരെ സഞ്ചരിച്ചവരായിരുന്നു.

ഒരു കേൾവിക്കാരൻെറ ഹൃദയത്തേ ദൈവാത്മാവ് വചനം കൊണ്ട് ഉണർത്തുമ്പോൾ മാത്രമേ ഒരു വ്യക്തിക്ക് രക്ഷാനുഭവത്തിലെത്തുവാൻ കഴിയുകയുള്ളു. അതു കൊണ്ടാണ് കേൾവിക്കാരുടെ ഹൃദയങ്ങളിൽ ദൈവവചനം ഫലപ്രദമായി പ്രവർത്തിക്കുവാൻ നാം പ്രാർത്ഥിക്കേണ്ടത്.

വൻകൂട്ടങ്ങൾ രക്ഷാനുഭവത്തിലെത്തണമെങ്കിൽ നാം ഉണർവിനു വേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. ഉണർവിൻെറ താക്കോലെന്ന് അറിയപ്പെടുന്ന ഐതിഹാസിക വചനമാണ് 2 ദിന 7:14 ''എൻെറ നാമം വിളിക്കപ്പെട്ടിരിക്കുന്ന എൻെറ ജനം തങ്ങളെത്തന്നെ താഴ്ത്തി എൻെറ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുന്നുവെങ്കിൽ......... ഈ വാകൃത്തിൽ പറഞ്ഞിരിക്കുന്ന പ്രാർത്ഥന മദ്ധ്യസ്ഥപ്രാർത്ഥന, അഥവാ മറ്റുള്ളവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയാണ്. ഇയ്യോബ് മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ (പ്രാർത്ഥന എന്നതിന് ഇവിടെയും അതേ എബ്രായ പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്.) ദൈവം അവൻെറ അവസ്ഥയ്ക്ക് നാടകീയമായ വിധത്തിൽ ഭേദം വരുത്തി. (ഇയ്യോ. 42:10)

ഉണർവ് സമയങ്ങളിൽ ഒട്ടുമിക്ക പ്രാർത്ഥനകളും പൂർണ്ണമായും മറ്റുള്ളവർക്ക് വേണ്ടിയുള്ളതായിരിക്കും. ഉണർവിനെ കുറിച്ച് ഡങ്കൻ കാമ്പ്ബെൽ ഇപ്രകാരമാണ് പറയുന്നത്. ''ദൈവം നിറഞ്ഞിരിക്കുന്ന ജനത'' (Ed wards 26 ) ജനങ്ങൾ ദൈവത്തിൽ ലയിക്കുമ്പോൾ തങ്ങളെക്കാളുപരി മറ്റുള്ളവരെ കുറിച്ച് അവർ കരുതലുള്ളവരായിത്തീരും. ആത്മാക്കൾക്കു വേണ്ടിയുള്ള ദൈവത്തിൻെറ തീക്ഷ്ണമായ ആഗ്രഹം അവരുടേയും ആഗ്രഹമായിത്തീരും.



ഉണർവിൻെറ കാലത്തെ നിലനിൽക്കുന്ന പ്രാർത്ഥനയെ കുറിച്ച് ഫിന്നി പറയുന്നത് ശ്രദ്ധിക്കുക ''ഈ ഉണർവുകളിൽ വ്യാപരിച്ചിരുന്ന പ്രാർത്ഥനയുടെ ആത്മാവ് അതിൻെറ ഒരു സുപ്രധാന പ്രത്യേകതയായിരുന്നു. പ്രാർത്ഥനാ സഭകളിൽ യുവജനങ്ങൾ ഏറെ തീക്ഷ്ണതയോടു കൂടെ പങ്കെടുത്തിരുന്നു ചിലപ്പോഴൊക്കെ മുഴുവൻ രാത്രിയും ഉണർവോടെ പ്രാർത്ഥിക്കുവാൻ അവർ ആത്മാഭാരമുള്ളവരായിരുന്നു.'' ശരീരബലം ക്ഷയിക്കുന്നതുവരെ ആത്മാക്കളെ കുറിച്ചുള്ള ഭാരം പ്രാർത്ഥനയ്ക്ക് വേണ്ടി അവരെ നിർബന്ധിച്ചു കൊണ്ടിരുന്നു. ആ ക്രിസ്ത്യാനികളുടെ ഉള്ളത്തിൽ പരിശുദ്ധാത്മാവിൻെറ ശക്തമായ സമ്മർദ്ദം ഉണ്ടായിരുന്നു. അനശ്വരരായ ആത്മാക്കളെ കുറിച്ചുള്ള ഭാരം തങ്ങളാണ് വഹിക്കുന്നതെന്ന് അവർക്ക് തോന്നി. ക്രിസ്ത്യാനികൾ തമ്മിൽ കണ്ടു മുട്ടുമ്പോൾ പരസ്പര സംഭാഷണത്തിലേർപ്പെടുന്നതിനു പകരം മുട്ടുകുത്തി പ്രാർത്ഥിക്കുന്നത് പലയിടങ്ങളിലും ദൃശ്യമായിരുന്നു.

പ്രാർത്ഥനാ കൂട്ടങ്ങളിൽ ജനക്കൂട്ടം പെരുകി നിറഞ്ഞതിനു പുറമേ രഹസ്യപ്രാർത്ഥനയ്ക്ക് വേണ്ടി അവർ മണിക്കുറുകൾ ചെലവഴിച്ചിരുന്നു. രണ്ടോ മൂന്നോ പേർ കണ്ടു മുട്ടിയാൽ ''ഭൂമിയിൽ വച്ച് രണ്ട് പേർ ഒരു കാര്യത്തിൽ ഐകമത്യപ്പെട്ടാൽ സ്വർഗ്ഗീയ പിതാവ് അത് അവർക്ക് നൽകിക്കൊടുക്കുമെന്ന'' വാഗ്ദത്തം ഏറ്റുപറഞ്ഞ് അവർ പ്രാർത്ഥിച്ചിരുന്നു. ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിക്ക് വേണ്ടി പ്രാർത്ഥിക്കുവാനാണ്, അവർ ആ സമയം വിനിയോഗിച്ചത്. അവരുടെ പ്രാർത്ഥന എല്ലാ മേഖലകളിലും പെരുകലിലൂടെ പ്രകടമായി. ജനങ്ങൾക്ക് പാപബോധമുണ്ടായപ്പോൾ ദൈവത്തോടെതിർത്ത് നിൽക്കുവാൻ അവർക്ക് കഴിഞ്ഞില്ല. അങ്ങനെ ദിനംപ്രതിയും എന്തിന് ഓരോ മണിക്കൂറുകളിൽ പോലും ദൈവം അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചുക്കൊണ്ടിരുന്നു. (Finney 141,142)

ഉണർവുകളെ കുറിച്ച് ഉപരിതലാത്മകമായി പഠിച്ചാൽപോലും ആയിരക്കണക്കിനോ മില്യൻ കണക്കിനോ ആളുകൾ അതിലൂടെ കർത്താവിങ്കലേക്ക് തിരിഞ്ഞിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. തൻെറ രാജ്യത്തെ വിസ്തൃതമാക്കുവാൻ ദൈവ മുപയോഗിക്കുന്ന സുപ്രധാന മുഖാന്തരങ്ങളിലൊന്നാണ് ''ഉണർവ്'' എന്ന് ജോനാഥാൻ എഡ്വേർഡ്സ് (Edwards 26) അഭിപ്രായപ്പെടുന്നു. അതിനാൽ ആത്മാക്കൾ രക്ഷിക്കപ്പെട്ടു കാണുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഉണർവിനു വേണ്ടി പ്രാർത്ഥിക്കുക.



അദ്ധ്യായം 5

# ആത്മീയ യുദ്ധം

ആരും നഷ്ടപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നില്ല എന്നതിനാൽ നഷ്ടപ്പെട്ടവർക്ക് വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന ദൈവത്തിന്റെ മനസ്സ് മാറ്റുന്നതിനല്ല (2പത്രൊ 3:9) അങ്ങനെയായിരുന്നെങ്കിൽ പാപികൾക്ക് വേണ്ടി മരിക്കുവാൻ ദൈവം ക്രിസ്തുവിനെ അയയ്ക്കുമായിരുന്നില്ല (1 യോഹ 2:2). അങ്ങനെയെങ്കിൽ ആത്മാക്കൾക്ക് വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന യുടെ പിന്നിലെ ഉദ്ദേശ്യമെന്ത്? ഈ പ്രാർത്ഥന ആത്മീയയുദ്ധത്തോടു ബന്ധ പ്പെട്ടതാണ്. ജനങ്ങൾ രക്ഷാനുഭവത്തിലെത്തക്കവണ്ണം സാത്താന്യ സ്വാധീ നത്തിൽ നിന്ന് ദൈവം അവരെ വിടുവിക്കുവാനാണ് നാം പ്രാർത്ഥിക്കുന്നത്.

നഷ്ടപ്പെട്ടവരുടെ ഇപ്പോഴത്തെ പരിതാപകരമായ നിലയെ കുറിച്ചുള്ള ബൈബിളിലെ ഹ്രസ്വവിവരണം ഈ നിർണ്ണായക സത്യം മനസ്സിലാക്കു വാൻ നമ്മെ സഹായിക്കും, നഷ്ടപ്പെട്ട മനുഷ്യർ സാത്താന്റെ തടവറയിലാ ണ്. അവരെ വിട്ടു തരുവാൻ സാത്താൻ വിസമ്മതിക്കുന്നു. (യെശ 14:17) അവർ സാത്താന്യ അധികാരത്തിലും വിചാരണയിലുമാണ് (അ.പ്ര 26:18) അവർ പിശാചിന്റെ മക്കളാണ് (യോഹ 8:14) സുവിശേഷത്തോടുള്ള ബ ന്ധത്തിൽ അവർ അന്ധരാണ് (11 കൊരി 4:3,4) സാത്താന്യ അധികാരത്താൽ ശക്തിപ്പെടുന്നവരാണവർ (എഫെ 2:2), സാത്താന്റെ മുഷ്ടിയിൽ നിസ്സ ഹായരായി പിടയുന്ന വരാണിവർ (1 യോഹ. 5:19) അവർ ബലവാന്റെ വീട്ടിലെ കോപ്പാണ് (മർക്കോ.3:27)

ഇതിൽ ചില വേദഭാഗങ്ങൾ അല്പമായി വിശദീകരിച്ചാൽ ഈ വസ്തുത കൂടുതൽ വ്യക്തമാകും. ഉദാഹരണത്തിന് എഫെ. 2:2 ൽ ഇപ്രകാരം നാം വായിക്കുന്നു. ''അവയാൽ ....... അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായവനെ അനുസരിച്ചു നടന്നിരു ന്നു. ഇവിടെ വ്യാപരിക്കുന്നു (Worketh) എന്നതിനുള്ള ഗ്രീക്ക് പദം ''എനർ ജിയോ'' ശക്തീകരിക്കൽ എന്നാണ്. ഇതിന്റെ അർത്ഥമാകട്ടെ നഷ്പ്പെട്ട മനുഷ്യരെ പിശാച് ദിനംപ്രതി ശക്തീകരിക്കുന്നുവെന്നാണ്. ഒരു നഷ്ടപ്പെട്ട മനുഷ്യൻ ഇത് അറിയുന്നില്ലെന്നു മാത്രമല്ല ഇത് സമ്മതിക്കുവാനും അവൻ തയ്യാറല്ല. താൻ സ്വതന്ത്രനാണെന്ന് അവൻ ചിന്തിക്കുന്നു. (ഇത് അവന്റെ നഷ്ടപ്പെട്ട അവസ്ഥയുടെ ഭാഗമാണ്). എന്നാൽ യഥാർത്ഥത്തിൽ ആകാശ ത്തിലെ അധികാര ശക്തിയാണ് അവന്റെ വഴികളെ നിർണ്ണയിക്കുകയും അവനെ നയിക്കുകയും ചെയ്യുന്നത് (Dunn 120)

1 യോഹ 5:19 നമുക്കൊന്നു പരിശോധിക്കാം. ''സർവ്വലോകവും ദുഷ്ട ന്റെ അധീനതയിൽ കിടക്കുന്നു'' വെന്നാണ് നാം അവിടെ വായിക്കുന്നത്. ഇതിന്റെയർത്ഥം ലോകത്തിലെ സകല മനുഷ്യരും ദുഷ്ടന്റെ സ്വാധീന ത്തിൽ അധോമുഖരായി വീണു കിടക്കുന്നുവെന്നാണ്. ഈ വാക്യത്തെ കുറിച്ച് സ്റ്റേറ്റ് പറയുന്നത് ശ്രദ്ധിക്കുക ''ലോകം ദുഷ്ടന്റെ പിടിയിൽ അവന്റെ അധികാരത്തിൽ കീഴിലാണ്. മാത്രമല്ല ലോകം അവിടെ



കിടക്കുകയാണ്. ദുഷ്ടന്റെ കയ്യിൽ നിന്ന് സ്വതന്ത്രമാകുവാൻ കൈകാലി ട്ടടിക്കുന്ന അവസ്ഥയിലല്ല ലോകത്തെ ചിത്രീകരിച്ചരിക്കുന്നത്. നേരെ മറിച്ച് സാത്താന്റെ കൈകളിൽ അബോധാവസ്ഥയിൽ ശാന്തമായി അത് ഉറങ്ങുകയാണ്. ദുഷ്ടൻ "ക്രിസ്ത്യാനിയെ" തൊടുന്നില്ല. പക്ഷെ "ലോകം" വളരെ നിസ്സഹായത യോടുകൂടി അവന്റെ കൈകളിൽ ഉറങ്ങുകയാണ്.

മർക്കോ 3.27 നെ നഷ്ടപ്പെട്ടവരെ ക്രിസ്തുവിനു വേണ്ടി നേടുന്നതി നുള്ള അത്യന്തം സുപ്രധാനമായ ഒരു വാക്യമായി ഞാൻ കാണുന്നു. ''ബലവാന്റെ വീട്ടിൽ കടന്ന് അവനെ പിടിച്ച് കെട്ടിയിട്ടല്ലാതെ അവന്റെ കയ്യിലുള്ള കോപ്പ് കവർന്നു കളയുവാൻ കഴിയുകയില്ലെന്ന് ആ വചനം പറയുന്നു. ഒരു നഷ്ടപ്പെട്ട ആത്മാവിനെ നിയന്ത്രിക്കുന്ന ദുഷ്ടാത്മ സ്വാധീ നിങ്ങളിൽ നിന്ന് ഒരു വ്യക്തിയെ ആരെങ്കിലും വിടുവിക്കാതെ ആ വ്യക്തി രക്ഷിക്കപ്പെടുകയില്ലയെന്നാണ് ഇതിന്റെയർത്ഥം. ഈ സ്വതന്ത്രമാക്കൽ പ്രക്രിയ പ്രാർത്ഥനയിലൂടെ മാത്രമേ നടക്കുകയുള്ളൂ. നഷ്ടപ്പെട്ടവരെ നേടുന്ന ഈ യുദ്ധം ജയിക്കണമെങ്കിൽ നാം ചില അടിസ്ഥാനപരമായ കാര്യങ്ങൾ ചെയ്യണം. ഒന്നാമതായി ദൈവദത്തമായി നമ്മുടെ കയ്യിലുള്ള ആയുധങ്ങളെ നാം ഉപയോഗിക്കണം സൈനിക പരിശീലനക്കാലത്ത് എന്റെ പരിശീലനത്തിന്റെ ഒരു ഭാഗം വിയറ്റ്നാം യുദ്ധത്തിൽ എനിക്ക് ഉപയോഗി ക്കേണ്ടിയിരുന്ന ആയുധങ്ങളെ കുറിച്ച് നല്ല അറിവ് കരസ്ഥമാക്കുന്നതാ യിരുന്നു. M-16 നെ കുറിച്ചുള്ള വിവരങ്ങൾ മനസ്സിലാക്കുന്നതിന് എനി ക്കതിനെ അഴിച്ച് പണിയേണ്ടതായി വന്നു. കാരണം യുദ്ധ മേഖലയിലെ ഒരു ജീവരക്ഷാ ഉപാധിയായിരുന്നു ഇത്.

ആത്മീയ യുദ്ധത്തിൽ ഉപയോഗിക്കുവാൻ ശക്തിയേറിയ ആയുധങ്ങൾ ദൈവം നമുക്ക് നൽകിയിട്ടുണ്ട്. ''നമ്മുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങളല്ല. കോട്ടകളെ ഇടിക്കുവാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നെ (2 കൊരി 10:4). നമ്മുടെ ആയുധങ്ങൾ എന്തെല്ലാമാണെന്ന് നമുക്ക് തന്നെ പരിചയമില്ല. യുദ്ധമെന്താണെന്നും നാം മനസ്സിലാക്കുന്നില്ല.

ആയുധങ്ങളെ കുറിച്ചും അതുപയോഗിക്കേണ്ട രീതിയെ, കുറിച്ചും നിങ്ങ ളെ പരിചയപ്പെടുത്തുന്നതിനു മുൻപ് പ്രാർത്ഥനയിൽ പോരാടുകയാണ് നമ്മുടെ യഥാർത്ഥ യുദ്ധമെന്ന് നാം തിരിച്ചറിയണം. നാം പ്രാർത്ഥനയിലൂടെ യുദ്ധം ചെയ്യുകയാണ്. മിക്കേ ബോണർ പലപ്പോഴും പറഞ്ഞ് ഞാൻ കേട്ടിട്ടുള്ള ഒരു വസ്തുതയുണ്ട്. ''നാം പ്രാർത്ഥിക്കുന്നില്ലെങ്കിൽ സാത്താൻ ജയിക്കുകയാണ്, എന്നാൽ നാം പ്രാർത്ഥിക്കുമ്പോൾ സാത്താൻ പരാജയപ്പെ ടുകയാണ്, കാരണം പ്രാർത്ഥനയ്ക്ക് നേരെ അവന് ഒരു പ്രതിരോധവും ഉയർത്തുവാൻ കഴിയുന്നില്ല." അതു കൊണ്ടാണ് "ഇടവിടാതെ പ്രാർത്ഥിപ്പിൻ (1 തെസ്സ.5:17) എന്ന് ദൈവവചനം പറയുന്നത്. അതു കൊണ്ടാണ് പ്രാർത്ഥന യ്ക്കും ദൈവവചനത്തിനു വേണ്ടി അപ്പൊസ്തലന്മാർ തങ്ങളെത്തന്നെ ഏല്പിച്ചത്. ബോംബുകൾ, ടാങ്കുകൾ, മിസ്സൈലുകൾ, ഗ്രനേഡുകൾ, റൈഫി ളുകൾ തുടങ്ങിയ എല്ലാ യുദ്ധോപകരണങ്ങളും ഒരേ ഒരു ഉദ്ദേശ്യത്തിനാ യിട്ടാണ് ഉപയോഗിക്കുന്നത്. ശത്രുവിനെ പരാജയപ്പെടുത്തുകയെന്നതാണത്. എല്ലാവിധ ആത്മീയ ആയുധങ്ങളുടെ ഉദ്ദേശ്യവും ഇതു തന്നെയാണ്

അതിനാൽ നമ്മുടെ ശക്തിയേറിയ ആയുധങ്ങളെക്കുറിച്ച് നല്ല പരിചയമുള്ള വരായി നമുക്ക് തീരാം. പ്രാർത്ഥനാ സമയത്ത് നമുക്ക് അവയെ ഉപയോഗിക്കാം.

യേശു ക്രിസ്തുവിന്റെ തിരുരക്തം നമ്മുടെ ശക്തിയേറിയ ആയുധങ്ങ ളിലൊന്നാണ്. അവർ കുഞ്ഞാടിന്റെ രക്തം ഹേതുവായി ജയിച്ചു'' എന്ന് വെളി.2:14 രേഖപ്പെടുത്തിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തം ഉപയോ ഗിച്ച് ദൈവത്തോട് വാദിക്കുന്നതിന്റെ ശക്തിയെ കുറിച്ച് എബ്രാ 2:14 പറയുന്നുണ്ട്. ''മരണത്തിന്റെ അധികാരിയായ പിശാചിനെ അവൻ സ്വന്തമര ണത്താൽ നീക്കി'' സോട്രാങ്ങ് സിന്റെ നിഘണ്ടുവിൽ നീക്കി എന്നതിന് ''സമ്പൂർണ്ണമായി ഉപയോഗ ശൂന്യമാക്കി'' അർത്ഥമാണുള്ളത്.

നിഷ്ക്കളങ്കനായ ദൈവപുത്രനെ സാത്താൻ വധിച്ചപ്പോൾ അവൻ സ്വയം നശിപ്പിക്കയായിരുന്നു. ആദമിന്റെ വീഴ്ചയിലൂടെ സാത്താൻ ഈ ഭൂമിയിൽ സ്ഥാപിച്ച എല്ലാ നിയമപ്രകാരമുള്ള അവകാശങ്ങളും റദ്ദാക്കപ്പെട്ടു. ക്രൂശിനു ശേഷം സാത്താന് ലോകത്തിലുള്ള ഒരു വ്യക്തിയുടെ മേലോ വസ്തുവി ന്റെ മേലോ നിയമപ്രകാരമുള്ള ഒരധികാരവുമില്ല. അതിനാൽ ഇന്ന് സാത്താ ൻ ആരുടെയെങ്കിലും മേൽ ഏതെങ്കിലും തരത്തിലുള്ള അധികാരം പ്രയോഗി ക്കുന്നുവെങ്കിൽ അത് പൂർണ്ണമായും വഞ്ചനാപരമായിട്ടാണ് (Billheimer 31)

നാം യേശുവിന്റെ രക്തത്തെ ഏറ്റു പറയുമ്പോൾ സാത്താനും, ദുഷ്ടാത്മ ശക്തികളും പരാജയപ്പെട്ടുവെന്ന വസ്തുത നാം അവരെ ഓർമ്മപ്പെടുത്തു ന്നു. ആത്മാക്കൾക്കു വേണ്ടിയുള്ള നമ്മുടെ യുദ്ധത്തിൽ ഇത് വളരെ പ്രസക്തമാണ്. കാരണം കാൽവറി ക്രൂശിൽ ഒഴുക്കപ്പെട്ട രക്തത്തിലൂടെ മനുഷ്യരാശിയുടെ പാപത്തിന്റെ കടം ദൈവം കൊടുത്തു തീർത്തും. (1യോഹ. 2:3) അതിനാൽ സാത്താൻ ഇന്ന് ആത്മാക്കളെ തന്റെ തടവിൽ സൂക്ഷിച്ചിരിക്കുന്നത് അന്യായമായിട്ടാണ്. അവരെ അഴിച്ചു വിടുവാൻ നാം സാത്താനെ നിർബന്ധിക്കാത്തതു കൊണ്ടാണിത്.

നമ്മുടെ മറ്റൊരു ശക്തമായ ആയുധം **യേശുവിന്റെ നാമമാണ്**. യേശു വിന്റെ ശിഷ്യന്മാർ സാക്ഷ്യത്തിന്റെ ശുശ്രൂഷ ചെയ്തു മടങ്ങി വരുമ്പോൾ ''കർത്താവേ നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്ക് കീഴടങ്ങുന്നു (ലൂക്കോ.10:17). അതേ അവർ നമുക്കും കീഴടങ്ങും." എന്നാണല്ലോ പ്രസ്താവിച്ചത്

ആത്മീയ ലോകത്തിൽ നമ്മുടെ കർത്താവായ യേശുവിന്റെ നാമം ഇത്രമാത്രം ശക്തമായിരിക്കുവാൻ വേദപുസ്തക പ്രകാരം മൂന്ന് കാരണങ്ങൾ ളുണ്ട്. ഒന്നാമതായി **സൃഷ്ടാവ്** എന്ന നിലയിൽ യേശു സകലത്തിനും മീതെ **കർത്താവാണ്.** ''സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും, ദൃശ്യമായ തും, അദൃശ്യമായതും, സിംഹാസനങ്ങളാകട്ടെ കർത്ത്യത്വങ്ങളാകട്ടെ, വാഴ്ച കളാകട്ടെ, അധികാരങ്ങളാകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്ക പ്പെട്ടു. അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടി രിക്കുന്നു (കൊലൊ.1:16)

രണ്ടാമതായി അവന്റെ **ക്രൂശുമരണം** മൂലം അവൻ സകലത്തിന്റേയും കർത്താവായി മാറിയിരിക്കുന്നു. മരണത്തിന്റെ അധികാരിയായ പിശാചിനെ അവൻ തന്റെ സ്വന്ത മരണത്തിലൂടെ നീക്കി ജീവപര്യന്തം മരണഭീതിക്ക് അടിമകളായിരുന്നവരെയൊക്കെയും വിടുവിച്ചു.(എബ്രാ. 2:14,15)



മൂന്നാമതായി സ്വർഗ്ഗത്തിലേക്കുള്ള **''സ്ഥാനാരോഹണത്തിലൂടെയും''** അവൻ സകലത്തിന്റേയും കർത്താവായിത്തീർന്നു.''അവൻ സ്വർഗ്ഗത്തിലേ ക്ക് പോയി ദൈവത്തിന്റെ വലത്ത് ഭാഗത്ത് ഇരിക്കുന്നു. ദൂതന്മാരും അധികാരങ്ങളും ശക്തികളും അവന് കീഴ്പ്പെട്ടുമിരിക്കുന്നു. (1 പത്രൊ.3:22)

നഷ്ടപ്പെട്ടവർ സ്വതന്ത്രരാകുവാൻ നാം പ്രാർത്ഥിക്കുമ്പോൾ അത് നമ്മുടെ കർത്താവായ യേശുവിന്റെ കല്പനയെ നാം അനുസരിക്കുകയാണ്. യേശു വിന്റെ നാമത്തിന് കീഴ്പ്പെട്ടിരിക്കുന്ന സാത്താന്യശക്തികൾ അത് അനുസ രിക്കും. പ്രാർത്ഥനയിൽ നമുക്ക് ഉപയോഗിക്കുവാൻ കഴിയുന്ന മറ്റൊരു ശക്തമായ ആയുധമാണ് **ദൈവവചനം.** നാം ഇതിനകം പ്രസ്താവിച്ചതു പോലെ ദൈവവചനം ഉപയോഗിച്ച് പ്രാർത്ഥനയിൽ വാദിക്കുന്നത് അത്യന്ത്യം ഫലപ്രദമാണ്. ദൈവവചനത്തെ ''ആത്മാവിന്റെ വാൾ'' എന്നും അറിയ പ്പെടുന്നു (എഫെ 6:17)

കാൽവറിയിൽ വച്ച് സാത്താന്റെ അധികാരവും ശക്തിയും ഉരിയപ്പെട്ടു. (കൊലെ.2:15 എബ്രാ.2:14) ഇന്ന് ഭോഷ്ക്കിലൂടെയല്ലാതെ ന്യായമായ മറ്റൊരു രീതിയിലും സാത്താന് പ്രവർത്തിക്കുവാൻ കഴിയുകയില്ല, എന്നാൽ തന്റെ ഭോഷ്ക്കിലൂടെ മുഴുലോകത്തെയും തനിക്ക് വഞ്ചിക്കുവാൻ കഴിയുന്നതിൽ സാത്താൻ തൃപ്തനാണ്. എന്നാൽ ദൈവവചനത്തിലെ സത്യങ്ങൾ സാത്താ ന്റെ ഭോഷ്ക്കുകളെ അതത് സമയങ്ങളിൽ അടിച്ചമർത്തും. അതിനാൽ ദൈവവ ചനം ഉപയോഗിച്ച് നാം പ്രാർത്ഥനയിൽ യുദ്ധം ചെയ്യുമ്പോൾ നാം ജയിക്കുകയും ആത്മാക്കൾ സ്വതന്ത്രരാകയും ചെയ്യും.

നാം ഉപയോഗിക്കേണ്ട മറ്റൊരു സുപ്രധാന ആയുധം സ്തുതിയാണ്. കാരണം നാം ദൈവത്തേ **സ്തുതിക്കു**മ്പോൾ ദൈവം നമ്മുടെ സാഹചര്യ ത്തിലേക്കിറങ്ങിവരും. സങ്കീ.22:3) ഒരു യുദ്ധരംഗത്ത് കമാൻഡർ–ഇൻ–ചീഫ് ഇറങ്ങിവരുന്നത് എത്രയോ അത്ഭുതകരമാണ്. ഇതിനോടുള്ള ബന്ധത്തി ലുള്ള ഒരു അത്ഭുത സാക്ഷ്യം 2 ദിന:20–ാം മദ്ധ്യായത്തിൽ നാം കാണുന്നു. വിവിധ ശത്രു രാജ്യത്തിലെ സൈന്യങ്ങൾ ഒന്നിച്ച് യഹൂദയെ ആക്രമിച്ചു. സ്ഥിതി വളരെ പരിതപകരമായപ്പോൾ യഹോശാഫാത്ത് രാജാവ് യഹൂദായെ മുഴുവനും ഉപവാസത്തിനും പ്രാർത്ഥനയ്ക്കുമായി ആഹ്വാനം ചെയ്തു. ''എന്നാൽ അവർ പാടിസ്തുതിച്ചു തുടങ്ങിയപ്പോൾ അമ്മോന്യർക്കും മോവാബ്യർക്കും സേയിർപർവ്വതക്കാർക്കും നേരെ യഹോവ പതിയിരു പ്പുകാരെ വരുത്തി. അങ്ങനെ അവർ തോറ്റുപോയി (വാക്യം 22)

ആത്മാക്കൾക്കു വേണ്ടിയുള്ള നമ്മുടെ യുദ്ധത്തിൽ ''**സ്തുതി**'' എത്ര മാത്രം ശക്തമായ ഒരായുധമാണെന്ന കാര്യത്തിൽ പലർക്കും ഇന്ന് വരെ ഒരു ദർശനം ലഭിച്ചിട്ടില്ല. അതിന്റെ ശക്തിയെ അറിയത്തക്ക നിലയിൽ അതിനെ നാം മതിയായിടത്തോളം ഉപയോഗിക്കുന്നില്ല എന്നതായിരിക്കാം അതിന് കാരണം. ജോൺ ഹൈഡിന്റെ ആത്മാക്കൾക്കു വേണ്ടിയുള്ള അതിയായ ദാഹത്തിൽ സ്തുതിക്ക് ഉണ്ടായിരുന്ന സുപ്രധാനമായ പങ്കിനെ കുറിച്ച് ഫ്രാൻസിക് മാക്ജാവ് പ്രസ്താവിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. ''നാല് ആത്മാക്കളെയെങ്കിലും നേടുവാൻ കഴിയാത്ത ദിവസങ്ങളിൽ ശക്തമായ ഹൃദയഭാരം തനിക്കുണ്ടാകാറുണ്ടായിരുന്നുവെന്നും, ആഹാരം കഴിക്കുവാ

നോ ഉറങ്ങുവാനോ കഴിയാത്ത വിധത്തിൽ ആ ഭാരം ശക്തമായിരുന്നുവെന്നും ജോൺ എന്നോട് പറഞ്ഞത് ഞാൻ ഓർക്കുന്നു. അതിനുള്ള കൃപ തനിക്ക് ലഭിക്കാതിരിക്കുവാൻ തന്റെ ജീവിതത്തിലുള്ള തടസ്സമെന്തെന്ന് തനിക്ക് കാണിച്ചു തരുവാൻ അദ്ദേഹം ദൈവത്തോട് പറഞ്ഞു. “തന്റെ ജീവിതത്തിൽ “സ്തുതി” കുറവാണെന്ന് ഒടുവിൽ അദ്ദേഹം കണ്ടെത്തി. നൂറു കണക്കിനു വേദഭാഗങ്ങളിൽ സ്തുതിയുടെ പ്രാധാന്യത്തെകുറിച്ച് ദൈവവചനത്തിൽ ആവർത്തിച്ച് പ്രസ്താവിച്ചിട്ടുണ്ട്. അതേ ഇത് ഏറ്റവുമധികം സുപ്രധാനമായ ഒരു വസ്തുത തന്നെയാണ്. ഈ തെറ്റ് മനസ്സിലാക്കിയതോടെ അദ്ദേഹം തന്റെ പാപത്തെ ഏറ്റു പറയുകയും യേശുവിന്റെ രക്തത്താലുള്ള പാപക്ഷമ സ്വീകരിക്കയും ചെയ്തു. അപ്പോൾ തന്റെ വെണ്ണീറിന് പകരം സ്തുയുടെ പൂച്ചെണ്ട് അദ്ദേഹം സ്വീകരിച്ചു, തന്റെ വിലാപത്തിനുപകരം ക്രിസ്തുവിന്റെ ആനന്ദതൈലവും വിഷണ്ഡ ഹൃദയത്തിനു പകരം സ്തുതിയെന്ന മേലാടയും സ്വീകരിച്ചു (ദൈവം ചെയ്യുവാൻ പോകുന്നകാര്യത്തിനു വേണ്ടി മുൻകൂട്ടി അവന് സ്തുതി കരേറ്റുക) ഇപ്രകാരം അവൻ ദൈവത്തേ സ്തുതിച്ചപ്പോൾ ആത്മാക്കൾ അവന്റെ അടുക്കലേക്ക് കടന്നുവന്നു. കുറവായുള്ള എണ്ണം തികഞ്ഞുവന്നു (Carre 39)

നമ്മുടെ ആയുധവർഗ്ഗത്തിൽ ഏറെയൊന്നും നാം ഉപയോഗി ക്കാത്ത മറ്റൊരു ശക്തിമായ ആയുധമാണ് **ഉപവാസം.** നമുക്ക് ലഭ്യമായിരിക്കുന്ന അത്യന്തം ശക്തിയേറിയ ആയുധമാണിത് എന്റെ വ്യക്തി പരമായ അഭിപ്രായത്തിൽ ഉപവാസം പ്രാർത്ഥനയുടെ ശക്തിയെ പത്തു മടങ്ങ് വർദ്ധിപ്പിക്കും

ആത്മീയ യുദ്ധത്തിന്റെ ലക്ഷ്യം ശത്രുവിനെ പരാജയപ്പെടുത്തുകയാണ്. അത് ഫലപ്രദമായി ചെയ്യുവാൻ നമ്മെ സഹായിക്കുന്നത് ഉപവാസമാണ്. യെശ 58:6 ൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. “ഇതല്ലയോ എനിക്ക് ഇഷ്ടമുള്ള ഉപവാസം, അന്യായ ബന്ധനങ്ങളെ അഴിക്കുക. പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക. എല്ലാ നുകത്തേയും തകർക്കുക.” ഒരിക്കൽ ഒരു ചെറിയ കുട്ടിയിലുള്ള ദുഷ്ടാത്മാവിനെ പുറത്താക്കുവാൻ യേശുവിന്റെ ശിഷ്യന്മാർക്ക് കഴിയാതെ വന്നപ്പോൾ. “ഉപവാസത്താലും, പ്രാർത്ഥനയാലുമല്ലാതെ ഈ ജാതി ഒഴിഞ്ഞു പോകയില്ല” എന്ന് യേശു പറഞ്ഞത് ഓർക്കുക (മർക്കോ 9:29)

ആത്മീയ ലോകത്തിൽ ഏറ്റവുമധികം ശക്തിയെ സ്വതന്ത്രമാക്കുന്ന മറ്റൊരു സുപ്രധാന ആയുധം **സ്നേഹ** (Love) മാണ്. ദൈവത്തേ തന്റെ മുഴു വ്യക്തിത്വം കൊണ്ടും സ്നേഹിക്കുന്നവനും, നഷ്ടപ്പെട്ട മനുഷ്യരെ തന്നെപ്പോലെ തന്നെ സ്നേഹിക്കുന്നവനുമായ ഒരു വ്യക്തിയെ ആർക്കും തടയുവാൻ കഴിയുകയില്ല. വെളി. 12:11 ൽ ഇപ്രകാരമാണ് നാം വായിക്കുന്നത്“അവർ കുഞ്ഞാടിന്റെ രക്തത്താലും തങ്ങളുടെ സാക്ഷ്യവചനത്താലും അവനെ ജയിച്ചു. മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല”

നിങ്ങൾ ഒരു വ്യക്തിയെ ആഴമായി സ്നേഹിക്കുന്നുണ്ടെങ്കിൽ ആ വ്യക്തിയെ നരകത്തിൽ നിന്ന് രക്ഷിക്കുവാനാവശ്യമായ സകലതും നിങ്ങൾ ചെയ്യും. യഥാർത്ഥത്തിൽ സ്നേഹം “എല്ലാം പൊറുക്കുന്നു. എല്ലാം വിശ്വസിക്കുന്നു. എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു” അതേ സ്നേഹം ഒരുനാളും ഉതിർന്നു പോകുന്നില്ല.



ഇനി ഈ ആയുധങ്ങൾ ഉപയോഗിച്ച് നാം പ്രാർത്ഥിക്കുമ്പോൾ എന്തു സംഭവിക്കുന്നുവെന്ന് നോക്കാം. 2കൊരി.10:4,5 വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു. “നമ്മുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങളല്ല. കോട്ടകളെ തകർപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നെ. “അവയാൽ ഞങ്ങൾ സങ്കൽപ്പങ്ങളേയും, ദൈവത്തിന്റെ പരിജ്ഞാനത്തിനു വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയേയും ഇടിച്ചു കളഞ്ഞു, ഏതു വിചാരത്തേയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി പിടിച്ചടക്കി നിങ്ങളുടെ അനുസരണം തികഞ്ഞുവരുമ്പോൾ എല്ലാ അനുസരണക്കേടിനും” പ്രതികാരം ചെയ്യുവാൻ ഒരുങ്ങിയിരിക്കുന്നു.”


പ്രാർത്ഥനയിലൂടെ നാം ഉയർത്തുന്ന ആയുധങ്ങൾ കോട്ടകളെ തകർക്കുന്നതും, സങ്കല്പങ്ങളേയും വിചാരങ്ങളേയും പിടിച്ചടക്കുന്നതുമാണ്. ദൈവവചനത്തിനും, ദൈവഹിതത്തിനുമെതിരായുള്ള മാനസിക അവസ്ഥകളാണ് കോട്ടകൾ (Strongholds) മാനസിക അവസ്ഥകൾ, മനോഭാവങ്ങൾ, സങ്കൽപങ്ങൾ, വിചാരങ്ങൾ എന്നിവയോടുള്ള ബന്ധത്തിലാണ് നാം പോരാടുന്നത്. അതിന്റെയർത്ഥം ഒരു വ്യക്തിയുടെ മനസ്സാണ് ഇവിടുത്തെ യുദ്ധക്കളം എന്നാണ്

നാം മനസ്സിലാക്കേണ്ട ഒരു സുപ്രധാന വസ്തുതയാണിത്. കാരണം ഒരു വ്യക്തിയുടെ മനസ്സിനെ ആരാണോ നിയന്ത്രിക്കുന്നത് അയാൾക്ക് ആ വ്യക്തിയെ നിയന്ത്രിക്കുവാൻ കഴിയും. സാത്താൻ ഒരു വ്യക്തിയുടെ മനസ്സിനെ നിയന്ത്രിച്ചാൽ ആ വ്യക്തിയെ രക്ഷിക്കപ്പെടുന്നതിൽ നിന്ന് തടയുവാൻ അവന് കഴിയും. സുബോധമുള്ള ഒരോ വ്യക്തിയും സാത്താനു പകരം യേശുവിനേയും നരകത്തിനുപകരം സ്വർഗ്ഗത്തേയും മാത്രമേ തെരഞ്ഞെടുക്കുകയുള്ളുവെന്നതിനാൽ ഒരു വ്യക്തിയെ രക്ഷയിൽ നിന്ന് തടയുവാൻ സാത്താന്റെ മുൻപിൽ ഒരേ ഒരു മാർഗ്ഗമേയുള്ളു. ആ വ്യക്തിയെ സുവിശേഷത്തോടുള്ള ബന്ധത്തിൽ അന്ധനാക്കുകയെന്നതാണത്. ഗദര ദേശക്കാരനിൽ നിന്ന് ഭൂതങ്ങൾ വിട്ടുമാറിയപ്പോൾ അവൻ യേശുവിനെ തന്നെ തെരഞ്ഞെടുത്തുവെന്നമാത്രമല്ല ഒരു ശക്തനായ സുവിശേഷകനായി മാറുകയും ചെയ്തു (മർക്കോ.5:15–20)

ദൈവത്തെ സംബന്ധിച്ചിടത്തോളം മനുഷ്യൻ സമ്പൂർണ്ണ സ്വാതന്ത്ര്യമുള്ള ഒരുസ്വതന്ത്ര വ്യക്തിത്വമാണ്. എന്നാൽ പാപം സ്വാർത്ഥത, മുൻവിധി എന്നിവയോടുള്ള ബന്ധത്തിൽ ചിന്തിക്കുമ്പോൾ മനുഷ്യൻ ഏറ്റവും വലിയ ഒരടിമയാണ്. അതിനാൽ ഒരു മനുഷ്യൻ ദൈവത്തെ സ്വീകരിക്കുവാൻ നിർബന്ധിക്കുവാനല്ല നാം പ്രാർത്ഥിക്കുന്നത്. നേരെ മറിച്ച് ദൈവത്തോടുള്ള ബന്ധത്തിൽ സ്വതന്ത്രമായ അവന്റെ ഇച്ഛാശക്തിയെ വരിഞ്ഞു മുറുക്കുന്ന സ്വാധീനങ്ങളിൽ നിന്ന് അവന് വിടുവിക്കുവാനാണ്. അവന് ശരിയായി കാണുവാൻ കഴിയത്തക്കനിലയിൽ അവന്റെ കണ്ണുകളിൽ നിന്ന് പൊടി എടുത്തുകളയുന്ന അനുഭവമാണിത്. ഒരിക്കൽ അവൻ സ്വാതന്ത്ര്യം പ്രാപിച്ചു കഴിഞ്ഞാൽ അവന് കാര്യങ്ങൾ വ്യക്തമായി കാണുവാൻ അവന് കഴിയുമെന്നുമാത്രമല്ല, മുൻവിധി കൂടാതെ കാര്യങ്ങളെ വിലയിരുത്തുവാനും അവന് സാധിക്കും. അപ്പോൾ ശരിയായിട്ടുള്ള ആ ഏകകാര്യത്തെത്തന്നെ അവൻ തെരഞ്ഞെടുക്കുവാനുള്ള സാദ്ധ്യത തെളിയും. ആ വ്യക്തിയെ

ദുഷ്ടന്റെ കയ്യിൽ നിന്ന് വിടുവിക്കേണ്ടതിനാണ് നാം പ്രാർത്ഥിക്കേണ്ടത് യേശുക്രിസ്തു ജേതാവായതിനാൽ വിടുതൽ നിശ്ചയമായും സംഭവിക്കും. അങ്ങനെ നാം പ്രാർത്ഥിക്കുമ്പോൾ. വ്യക്തികൾ വിടുവിക്കപ്പെടുമെന്ന പൂർണ്ണമായ ഉറപ്പ് നമുക്ക് ലഭിക്കും. യേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥന മനുഷ്യന്റെ ഇച്ഛാ ശക്തി എന്ന യുദ്ധക്കളത്തിൽ നിന്ന് ശത്രുവിനെ അകറ്റുകയും ശരിയായ തെരഞ്ഞെടുപ്പ് നടത്തത്തക്കവണ്ണം അവനെ സ്വതന്ത്രനാക്കയും ചെയ്യും (Gordon 192-194)


സാത്താന്റെ കോട്ടകളെ ഇടിക്കുവാൻ നമ്മുടെ പ്രാർത്ഥനയെ ദൈവം ഉപയോഗിക്കുമെന്ന വസ്തുത നാം തിരിച്ചറിഞ്ഞ സ്ഥിതിക്ക് മനുഷ്യരെ രക്ഷിക്കപ്പെടുന്നതിൽ നിന്ന് തടയുവാൻ സാത്താൻ അവരുടെ ഉള്ളിൽ സൃഷ്ടിക്കുന്ന കോട്ടകൾ ഏതെല്ലാമാണെന്ന് പരിശോധിക്കാം എല്ലാ കോട്ടകളിലും വച്ച് ശക്തമായ ഒരു കോട്ട അവിശ്വാസമാണ്. രക്ഷിക്കപ്പെട്ടവരും അല്ലാത്തവരുമായ എല്ലാ മനുഷ്യരുടേയും ഹൃദയത്തിൽ ഈ കോട്ട രൂപം കൊള്ളാറുണ്ട്. ദൈവവചന സത്യങ്ങളെ വിശ്വസിച്ച് ദൈവരാജ്യത്തിൽ ശക്തരും ഫലക്ഷമതയുള്ള വ്യക്തികളായിത്തീരുന്നതിൽ നിന്ന് ക്രിസ്ത്യാനികളെ തടയുവാൻ സാത്താൻ ഈ പ്രത്യേക കോട്ടയെ ക്രിസ്ത്യനികളുടെ മനസ്സിൽ നിർമ്മിക്കാറുണ്ട്. എന്നാൽ യേശു ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുന്നതിൽ നിന്ന് അവിശ്വാസികളെ തടയുവാനാണ് സാത്താൻ ഈ കോട്ട അവരുടെ ഉള്ളിൽ സൃഷ്ടിക്കുന്നത്.




ഒരുവനെ നരകയോഗ്യനാക്കുന്ന ഒരേ ഒരു പാപമാണ് അവിശ്വാസമെന്നതിനാൽ സാത്താൻ അതിനെ ബഹുമൂല്യമായി കാണുന്നു. മറ്റ് കോട്ടകളോടൊപ്പം സാത്താൻ ഇതിനേയും ശക്തമായി സൂക്ഷിക്കുന്നു. നിത്യജീവൻ പ്രാപിക്കുവാൻ താൻ–എന്തു ചെയ്യണമെന്ന് ചോദിച്ചുകൊണ്ട് യേശുവിന്റെ അടുക്കൽ വന്ന ധനവാനായ പ്രമാണിക്ക് നിത്യജീവൻ പ്രാപിക്കുന്നതിനുള്ള വഴി യേശുപറഞ്ഞു കൊടുത്തില്ല. നേരെ മറിച്ച് തനിക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുവാൻ യേശു അവനോടാവശ്യപ്പെട്ടു. എന്നാൽ ഇതിന് മനസ്സില്ലാതെ അവൻ മടങ്ങിപ്പോകയാണുണ്ടായത്. അത്യാഗ്രഹം അവന്റെ മനസ്സിനെ നിയന്ത്രിച്ചിരുന്നുവെന്ന് യേശു അറിഞ്ഞിരുന്നു. അത് രക്ഷപ്രാപിക്കുന്നതിൽ നിന്ന് അവനെ തടഞ്ഞു കൊണ്ടിരുന്നു. ആ കോട്ട ഇടിയുന്നതുവരെ സുവിശേഷം ഫലശൂന്യമാകും (മർക്കോ 10)

സുഖാറിലെ ശമര്യ സ്ത്രീയുടെ മനസ്സിൽ ഉണ്ടായിരുന്ന കോട്ട ജഡമോഹമായിരുന്നു. തന്റെ ജീവിതത്തിലെ ചില സുപ്രധാന പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധതിരിച്ചു വിടുവാൻ അവൾ സാമൂഹ്യവും, ചരിത്രപരവുമായ വിഷയങ്ങൾ യേശുവുമായി ചർച്ച ചെയ്തു. എന്നാൽ അവൾ 5 തവണ






വിവാഹം ചെയ്തുവെന്നും ഇപ്പോൾ അവൾ ആരൊടൊപ്പം ജീവിക്കുന്നുവോ അയാൾ അവളുടെ ഭർത്താവല്ലെന്നും യേശു അവളോട് വ്യക്തമായി പറഞ്ഞു ഇതിലൂടെ അവളുടെ ശ്രദ്ധ പിടിച്ചെടുക്കുവാൻ യേശുവിന് കഴിഞ്ഞു (യോഹ4)

ദൈവ സ്നേഹത്തിന്റെ സത്യം നമ്മുടെ ഹൃദയങ്ങളിലേക്ക് കടന്നുവരുന്നത് തടയുവാൻ സാത്താൻ കയ്പു നിറഞ്ഞ മനോഭാവം കൊണ്ട് മനുഷ്യ ഹൃദയത്തെ ബന്ധിക്കുന്നു. ഉദാഹരണത്തിന് ചെറുപ്പത്തിൽ ലൈംഗീകമായി ചൂഷണം ചെയ്യപ്പെട്ട ഒരു ചെറിയ പെൺകുട്ടിയോട്. വർഷങ്ങൾക്കു ശേഷം ആരോ സുവിശേഷം പങ്കുവച്ചുവെന്നിരിക്കട്ടെ. ഇതു കൊണ്ട് അവളുടെ ഹൃദയത്തിലെ കയ്പ് മാറണമെന്നില്ല ദൈവസ്നേഹത്തിന്റെ സദ്വാർത്ത അവൾ ഉള്ളിൽ സ്വീകരിക്കുന്നതിനു മുൻപ് അവളുടെ ഹൃദയത്തിൽ ഉണ്ടായിരിക്കുന്ന കോട്ട തകരേണ്ടതാവശ്യമാണ്.

ഇതു പോലെ സ്വവർഗ്ഗഭോഗികളെ ക്രിസ്തുവിനുവേണ്ടി നേടുന്നതും ബുദ്ധിമുട്ടുള്ള കാര്യമാണ്. ദൈവം അവരെ സ്നേഹിക്കാത്തും കൊണ്ടോ, സുവിശേഷത്തിന് ശക്തിയില്ലാത്തതു കൊണ്ടോ അല്ല ഇത്. നേരെ മറിച്ച് നാം അവരോട് സ്നേഹവും കരുതലും പ്രദർശിപ്പിക്കാത്തതും കൊണ്ടാണിത്. എങ്കിലും ഇത് അത്യന്തം ശക്തമായ ഒരു കോട്ടയായതിനാൽ പ്രാർത്ഥന, ഉപവാസം, സ്ഥിരോത്സാഹം, വിശ്വാസം എന്നിവമൂലം മാത്രമേ അവ തകരുകയുള്ളൂ. പലപ്പോഴും. വിജയം കൈവരിക്കുന്നതിനു മുൻപ് നാം ഉദ്യമം ഉപേക്ഷിക്കുന്നതായിട്ടാണ് കണ്ടു വരുന്നത്.

ഒരിക്കൽ ഒരു പ്രത്യേക വ്യക്തിക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ ആ വ്യക്തി സുവിശേഷത്തെ നിരന്തരമായി എതിർക്കുവാനും തള്ളി ക്കളയുവാനും കാരണമെന്തെന്ന് ഞാൻ കർത്താവിനോട് ചോദിച്ചു. അപ്പോൾ ''നിയന്ത്രണം'' എന്ന ഒരു ശബ്ദം ദൈവം എന്റെ ഹൃദത്തിൽ തന്നു. അതുകൊണ്ട് ദൈവം എന്താണർത്ഥമാക്കുന്നതെന്ന് എനിക്ക് മനസ്സിലായില്ല. എന്നാൽ ഞാൻ ആ വ്യക്തിയെ കൂടുതൽ അടുത്തറിഞ്ഞതോടെ ആ വ്യക്തി തന്റെ സകലകാര്യങ്ങളെയും തന്റെ സ്വാധീന വലയത്തിലാക്കി ഇരുമ്പു മുഷ്ടികൊണ്ട് അതിനെ ഭരിക്കുന്നവനാണെന്ന് എനിക്ക് മനസ്സിലായി. ''നിയന്ത്രണം'' എന്ന കോട്ടയാണ് ക്രിസ്തുവിൽ നിന്ന് അവനെ അകറ്റി നിറുത്തുന്നതെന്ന് എനിക്ക് മനസ്സിലായി. ഒരുവൻ രക്ഷിക്കപ്പെടണമെങ്കിൽ അവൻ ദൈവത്തിന്റെ അധികാരത്തിന് കീഴപ്പെടേണ്ടതാണ്.

ഈ പുസ്തകത്തിന്റെ പരിധിക്കുള്ളിൽ കോട്ടകളെ കുറിച്ച് ആഴമായി ഞാൻ മുതിരുന്നില്ല. എങ്കിലും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾക്ക് അടിമകളായ വ്യക്തികളെയോർത്ത് പ്രാർത്ഥിക്കുന്നവരോട് ഞാൻ ചില കാര്യങ്ങൾ പറയട്ടെ. ലഹരിയോടുള്ള അവരുടെ ആസക്തി

മറ്റ് ചില പ്രശ്നങ്ങളുടെ മുഖംമൂടിമാത്രമാണ്. അവരുടെ അഹംബോധത്തിന് (Ego) കാര്യമായി പരുക്കേറ്റിരിക്കുന്നുവെന്നതാണ് യഥാർത്ഥ പ്രശ്നം. ഇതുമൂലം അവരുടെ സ്വയപ്രതിച്ഛായയും സ്വയബഹുമാനവും (Self image, Self estem ) അവർക്ക് നഷ്ടമായിരിക്കുന്നു. ഇത് ഏതെങ്കിലും തരത്തിലുള്ള നിരസനത്തിൻേറയോ, നിന്ദയുടേയോ, നിരാശയുടെയോ ഫല മായിരിക്കാം. അവർക്ക് ലഹരിയോടുള്ള ആസക്തി അവരുടെ പ്രശ്നത്തെ മറയ്ക്കുന്നുവെന്നുമാത്രമേയുള്ളൂ. അതിനാൽ വിജയം ലഭ്യമാകണമെങ്കിൽ പ്രശ്നത്തിൻെറ വേര് നാം കണ്ടെത്തണം.

കൗൺസിലിങ്ങിനു വേണ്ടി കടന്നുവന്ന ഒരു പ്രത്യേക വ്യക്തിയെ സഹായിക്കുവാൻ ആഗ്രഹിച്ചു കൊണ്ട് എഡ്ഡീസ്മീത്ത് ആ പ്രത്യേക വ്യക്തിക്ക് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. പെട്ടെന്ന് ദൈവം ''പാശ് ചാത്യ നാടോടിനൃത്തം'' എന്ന ഒരു പദം അദ്ദേഹത്തിൻെറ ശ്രദ്ധയിലേക്ക് കൊണ്ടുവന്നു. അതിനെ കുറിച്ച് ഈ വ്യക്തിയോട് ചോദിക്കുവാൻ ദൈവാ ത്മാവ് സ്മിത്തിനോട് ആവശ്യപ്പെട്ടു. അദ്ദേഹം അതു ചോദിച്ചപ്പോൾ ആ വ്യക്തി പൊട്ടിക്കരയുകയാണുണ്ടായത്. അതിനുശേഷം തൻെറ കഥ എഡ്ഡീസ്മിത്തിനോട് പറഞ്ഞു 15 ാംമത്തെ വയസ്സിൽ ഒരു പശ്ചാതൃനാ ടോടിനൃത്തം കാണുവാൻ ഇവർ തൻെറ സുഹൃത്തിനോടൊപ്പം കടന്നുപോ യി. അപ്പോൾ അവിടെ അവരുടെ സണ്ടേസ്കൂൾ അദ്ധ്യാപകൻ മദ്യപിച്ച് കൂത്താടുന്ന കാഴ്ച അവൾ കണ്ടു. ഉടൻ തന്നെ അവർ ദൈവത്തോട് ''ഇത് ക്രിസ്ത്യാനിത്വമാണെങ്കിൽ അത് എനിക്ക് വേണ്ട'' എന്നു പറഞ്ഞു. എഡ്ഡിയോട് ഇപ്രകാരം അവർ പറഞ്ഞു ''അതിനു ശേഷം'' ഇന്നുവരെ നരകതുല്യമായ അനുഭവത്തിലാണ് ഞാൻ ജീവിക്കുന്നത്. ഞാൻ മദ്യത്തിനും നിയമവിരുദ്ധമായ മയക്ക്മരുന്നുകൾക്കും അടിമയാണ്. ഞാൻ പല തവണ വിവാഹം കഴിച്ചു ഇന്നു ഞാൻ തകർന്ന് നിരാശമായ ജീവിതമാണ് നയിക്കു ന്നത്, അവളുടെ പ്രശ്നത്തിൻെറ വേര് തിരിച്ചറിഞ്ഞതോടെ അവളുടെവി ടുതലിനു വേണ്ടി അവളോടൊപ്പം പ്രാർത്ഥിക്കുവാൻ എഡ്ഡിക്ക് കഴിഞ്ഞു (Smith 71-73)

''അവിശ്വാസം'' എന്ന പ്രശ്നത്തെ സൂക്ഷിക്കുവാൻ സാത്താൻ നൂറു കണക്കിന് കോട്ടകളെ ഉപയോഗിക്കുന്നുണ്ട് എങ്കിലും രക്ഷിക്കപ്പെടാത്ത ഒരു വ്യക്തി സുവിശേഷത്തെ സ്വീകരിക്കാതിരിക്കത്തക്കവണ്ണം അവൻെറ ഹൃദയത്തിൽ ഒരു മുഖ്യമായ കോട്ട ഉണ്ടായിരിക്കും. ഇവിടുത്തെ യുദ്ധം ആ വ്യക്തി ചെയ്യുന്ന നിരവധി പാപങ്ങളോടല്ല നേരെ മറിച്ച് ഒരേ ഒരു കോട്ടയോടാണ്. ഈ കോട്ടയാണ് ആ വ്യക്തിയുടെ ഉള്ളിലുള്ള ബലവാൻ ആശ്രയിക്കുന്ന ആയുധ വർഗ്ഗം. എന്നാൽ അവൻെറ കോട്ട അഥവാ ആ യുധവർഗ്ഗം തകർക്കപ്പെടുന്നതോടുകൂടി ബലവാൻ പരാജയപ്പെടുകയും ആ വ്യക്തി രക്ഷയ്ക്ക് വേണ്ടി തയ്യാറാക്കപ്പെടുകയും ചെയ്യും (ലൂക്കോ.11: 21,22) ആത്മാക്കളെനേടുവാനുള്ള ആത്മീയയുദ്ധത്തിലെ അത്യന്തം സുപ്രധാനമായ മറ്റൊരു ഘടകം യേശുവിൻെറ അധികാരം ഉപയോഗിക്കുക യെന്നതാണ്. ദൈവം തൻെറ അവിശ്വാസനീയമായ അധികാരങ്ങൾ നമ്മുടെ പക്കൽ ഏൽപിച്ചിരിക്കുന്നു. (മത്താ.16:19) എങ്കിലും നാം അതിനെ ഉപയോ ഗിക്കേണ്ടതാണ്. ഒരു ജംഗ്ഷനിൽ നിൽക്കുന്ന ട്രാഫിക് പോലീസ് വാഹന മോടിക്കുന്നവരെ നിയന്ത്രിക്കുന്നതുപോലെ ഒരു വിശ്വാസിക്ക് മനുഷ്യരുടെ



ആത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിച്ച് സാത്താൻ കൂരുടാക്കിയിരിക്കുന്ന അവരുടെ കണ്ണുകളെ സുവിശേഷത്തിനു വേണ്ടി തുറക്കുവാൻ കഴിയും. അപ്പോൾ യേശുവിൻെറ രക്തത്താൽ തങ്ങളുടെ ശക്തി തകർക്കപ്പെട്ടതാ യി അന്ധകാരശക്തികൾ തിരിച്ചറിയും. അതിനെതിരായി നാം നമ്മുടെ അധികാരം ഉപയോഗിക്കുമ്പോൾ അവ നമ്മുടെ മുൻപിൽ നിൽക്കയില്ല. തൻെറ അധികാരം ഉപയോഗിക്കുന്നതിനുള്ള ആയുധങ്ങളായിട്ടാണ് ദൈവം നമ്മെ കാണുന്നത്. അതിനാൽ വിശ്വാസത്താൽ എതിർപ്പുകളെ അവഗണിച്ച് നമുക്ക് ആ സ്ഥാനം നമുക്ക് സ്വീകരിക്കാം. അപ്പോൾ നമുക്ക് സ്വപ്നം കാ ണുവാൻ പോലും കഴിയാത്ത വിധത്തിൽ ദൈവത്തിന് പ്രവർത്തിക്കുവാൻ കഴിയും. (Epp 108 - 10)

യേശുക്രിസ്തു കാൽവറിയിൽ പാപത്തിൻെറ പിഴ അടച്ചതിനാൽ എല്ലാ ആത്മാക്കളും നിയമപരമായി ദൈവത്തിനുള്ളതാണ് (1 യോഹ.2:2) എന്നാൽ സാത്താനാകട്ടെ ബലപ്രയോഗത്തിലൂടെ അന്യായമായി, അവരെ തടവുകാ രാക്കി അവരെ വിട്ടയയ്ക്കുവാൻ വിസമ്മതിക്കുന്നു. സാത്താൻ ആത്മീയ അന്ധതയിൽ അവരെ കൊട്ടിയടച്ചിരിക്കുന്നു. നാം നമ്മുടെ ന്യായമായ സ്ഥാനത്ത് നിലയുറപ്പിച്ച് അവരെ വിടുവിക്കുവാൻ വേണ്ടി നമ്മുടെ സിംഹാ സനാധികാരങ്ങളെ യേശുവിൻെറ രക്തത്താലും, നമുക്ക് നിയോഗിച്ചു ന ൽകിയിരിക്കുന്ന അധികാരത്താലും ഉപയോഗിക്കുന്നതുവരെ സാത്താൻ ആത്മാക്കളെ പിടിച്ചുവച്ചു കൊണ്ടിരിക്കും.

യേശുക്രിസ്തു വീണ്ടെടുപ്പിൻെറ വില അടച്ചു തീർത്തതിനാൽ ഒരൊറ്റ ആത്മാവും മരിച്ച് നരകത്തിലേക്ക് പോകുവാൻ ന്യായമായ ഒരു കാരണവു മില്ല. ആരെങ്കിലും മരിച്ച് നരകത്തിലേക്ക് പോകുന്നുവെങ്കിൽ അതിന് ഒരേയൊരു കാരണമേയുള്ളൂ. നാം നമ്മുടെ അധികാരമുപയോഗിച്ച് ബലവാ നെ ബന്ധിച്ച് ആത്മാക്കളെ വിട്ടയയ്ക്കുവാൻ അവനെ നിർബന്ധിക്കുന്നില്ല യെന്നതാണത്. അവരെ വിട്ടയ്യക്കുവാൻ നാം പിശാചിനെ നിർബന്ധിക്കാ ത്തിടത്തോളം കാലം അവൻ അവരെ വിട്ടയയ്ക്കുകയില്ല.

ജനറൽ ജോനാഥാൻ വെയിൻ റൈറ്റും മറ്റ് തടവുകാരും ഫോർമോസ് ദ്വീപിൽ ബന്ധിക്കപ്പെട്ടു. യുദ്ധം അവസാനിച്ചെങ്കിലും ജപ്പാൻകാരനായ കമാൻഡർ അവരെ വിട്ടയച്ചില്ല. വളരെ പെട്ടെന്ന് ഒരു വിമാനം വിജയവാർ ത്തയുമായി അവിടെയെത്തി. അപ്പോൾ ജനറൽ വെയിൻ റൈറ്റ് ജാപ്പനീസ് കമാൻഡറിനോടിപ്രകാരം പറഞ്ഞു. എൻെറ കമാൻഡർ–ഇൻ–ചീഫ് നിങ്ങളു ടെ കമാൻഡർ–ഇൻ–ചീഫിനെ പരാജയപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ഇപ്പോൾ ചുമതല എനിക്കാണ്. അതേ ഇതു തന്നെയാണ് നാമും ചെയ്യുന്നത്. ഒരോ വ്യക്തി ജീവിതങ്ങളേയും അടക്കി ഭരിക്കുന്ന ബലവാനോട് പറയുവാ ൻ നമുക്കൊരു സന്ദേശമുണ്ട്. ''എൻെറ കമാൻഡർ–ഇൻ–ചീഫ് നിങ്ങളുടെ കമാൻഡർ ഇൻ ചീഫിനെ പരാജയപ്പെടുത്തിയിരിക്കുന്നു. ഈ തടവുകാരെ വിട്ടയയ്ക്കണം അതേ നാം നിർബന്ധിച്ചാൽ വിടുതൽ നിശ്ചയമായും സംഭവിക്കും

ആത്മാക്കൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിൽ അടങ്ങിയിരിക്കുന്ന അവ സാനത്തേതും, സുപ്രധാനവുമായ ഒരു ഘടകം നിരന്തരമായി പിശാചിനോട് എതിർത്ത് നിൽക്കുകയെന്നതാണ്. പിശാചിൻെറ തന്ത്രങ്ങളോട് എതിർത്തു

നിൽക്കുവാനും, ദുർദിവസത്തിൽ എതിർക്കുവാനും വേണ്ടി ദൈവത്തിൻെറ സർവായുധവർഗ്ഗം ധരിക്കുവാൻ ദൈവം നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു (എഫെ.6:10–18). ആത്മാക്കളുടെ രക്ഷയെ നാം ഗൗരവമായി എടുക്കുമ്പോൾ സാത്താൻ നമ്മുടെ ജീവിതത്തിനെതിരായോ അതല്ലെങ്കിൽ നാം പ്രാർത്ഥിക്കുന്ന ജീവിതങ്ങൾക്കെതിരായോ പ്രയാസകരമായ സാഹചര്യങ്ങൾ സൃഷ്ടിക്കും. അതുകൊണ്ടാണ് ഒരു മാതാവോ ഭാര്യയോ തൻെറ ഭർത്താവിൻെറയോ, മകൻെറയോ മാനസാന്തരത്തിനു വേണ്ടി പ്രാർത്ഥിക്കുമ്പോൾ അവർ നന്നാകുന്നതിനു പകരം അവരുടെ സ്ഥിതി വഷളാകുന്നത്. ഈ ആത്മാക്കളുടെമേലുള്ള തൻെറ സ്വാധീനം അയയുന്നു എന്ന് മനസ്സിലാക്കുന്ന സാത്താൻ പ്രാർത്ഥിക്കുന്ന വ്യക്തിയെ നിരാശപ്പെടുത്തുവാൻ ശ്രമിക്കുകയാണ്.

അതിനാൽ ഈ സന്ദർഭങ്ങളിൽ നിങ്ങൾ പിശാചിനോട് എതിർത്തു നിൽക്കുമ്പോൾ പ്രതികൂല പരിതസ്ഥിതികളോ, സാഹചര്യങ്ങളോ നിങ്ങളുടെ പ്രാർത്ഥനയെ ബാധിക്കുകയില്ല എന്ന് പ്രഖ്യാപിക്കയാണ്. ഏതെങ്കിലും ആസ്ബസ്റ്റോസ് അഗ്നിരോധകമാ(Fire Proof)ണെന്നു പറഞ്ഞാൽ അഗ്നിയാൽ അതിന് കേടുവരികയില്ലയെന്നാണർത്ഥം. ഏതെങ്കിലും വസ്തുത ജലരോധകം (WaterProof) ആണെന്നു പറഞ്ഞാൽ വെള്ളത്താൽ അതിനു കേടുവരികയില്ലയെന്നാണർത്ഥം. നാം സാത്താന്യരോധകങ്ങൾ ആണ് (Satan resistants). അതിൻെറ അർത്ഥം സാത്താൻ എന്തു തന്നെ ചെയ്യട്ടെ. അതു മുഖാന്തരം നമുക്ക് കേടുവരികയില്ല. മറ്റുള്ളവരുടെ രക്ഷയ്ക്ക് വേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന നാം തുടർന്നുകൊണ്ടേയിരിക്കും.

43–ാം വർഷക്കാലം വീറ്റൺ കോളജിൻെറ പ്രസിഡൻറായിരുന്ന ചാൾസ് ബ്ലൻച്ചാർഡ് താൻ കേട്ട ഒരു സാക്ഷ്യം പങ്കു വയ്ക്കുകയുണ്ടായി. ഒരു ആത്മാവിൻെറ രക്ഷയ്ക്ക് വേണ്ടി സാത്താനോടെതിർത്തു നിൽക്കുന്നതിൻെറ വിസ്മയകരമായ ഒരു പ്രദർശനമാണ് ആ സാക്ഷ്യം. ഇത് സത്യമാണെന്ന് അദ്ദേഹം സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കുന്നുവെന്നു മാത്രമല്ല "Getting things from God" എന്ന തൻെറ ഗ്രന്ഥത്തിൽ അദ്ദേഹം അത് രേഖപ്പെടുത്തിയിട്ടുമുണ്ട്. അത് താഴെ കൊടുക്കുന്നു.

"സുഹൃത്തുക്കളെ ഏതാണ്ട് 2., 3 വർഷങ്ങൾ ഞാൻ ഫിലദൽ ഫിയായിലെ ഒരു ആശുപത്രിയിലായിരുന്നു. ഞാൻ പെൻസിൽ വാനിയ ലൈൻസിലെ ഒരു എൻഞ്ചിനിയറായിരുന്നു. എൻെറ ഭാര്യ പ്രാർത്ഥിക്കുന്നവളായിരുന്നെങ്കിലും ജീവിതകാലം മുഴുവനും ഞാൻ ഒരു പാപിയായിട്ടാണ് ജീവിച്ചത്. ആ സമയം ഞാൻ വളരെ ശാരീരിക അസ്വസ്ഥതയുള്ളവനായിരുന്നു എൻെറ ഭാരം ഏതാണ്ട് ഒരു പൗണ്ടിലേറെ കുറഞ്ഞു.

ഒടുവിൽ എന്നെ ചികിത്സിക്കുന്ന ഡോക്ടർ എൻെറ ഭാര്യയോട് ഞാൻ മരിച്ചു" എന്ന് പറഞ്ഞു. അതു കേട്ട് എൻെറ ഭാര്യ ഇപ്രകാരം മറുപടി പറഞ്ഞു. "ഇല്ല അദ്ദേഹം മരിച്ചിട്ടില്ല. മരിക്കുവാൻ കഴിയുകയില്ല. കാരണം കഴിഞ്ഞ 27 വർഷങ്ങളായി ഞാൻ അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുന്നു. അദ്ദേഹം രക്ഷിക്കപ്പെടുമെന്ന് ദൈവം എനിക്ക് വാഗ്ദത്തവും ചെയ്തിട്ടുണ്ട്. കഴിഞ്ഞ 27 വർഷങ്ങളായി ഞാൻ പ്രാർത്ഥിക്കുന്ന വ്യക്തി ദൈവവാഗ്ദത്ത പ്രകാരം രക്ഷിക്കപ്പെടാതെ മരിക്കുവാൻ ദൈവം



അനുവദിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഇതുകേട്ട് ഡോക്ടർ ഇപ്രകാരം പറഞ്ഞു. "നിങ്ങൾ പറയുന്നത് ശരിയായിരിക്കാം. എങ്കിലും അതിനെക്കുറിച്ചൊന്നും എനിക്കറിയില്ല. പക്ഷെ ഒന്നെനിക്കറിയാം. നിങ്ങ ളുടെ ഭർത്താവ് മരിച്ച് കഴിഞ്ഞു അപ്പോഴേക്കും അദ്ദേഹം കിടന്ന കട്ടിലിനു മുൻപിൽ ഒരു സ്ക്രീൻ കൊണ്ടുവന്ന് മറച്ചു കഴിഞ്ഞു. (മരിച്ചവരെയും ജീവനുള്ള രോഗികളെയും വേർതിരിക്കുന്ന സ്ക്രീൻ)"

ഒടുവിൽ എൻെറ ഭാര്യയെ തൃപ്തിപ്പെടുത്താനെന്നവണ്ണം വേറെ 7 ഡോക്ടർമാർ വന്ന് എന്നെ പരിശോധിച്ചു. അതിനുശേഷം അവരെല്ലാവരും ആദ്യത്തെ ഡോക്ടറുടെ അഭിപ്രായം സ്ഥിരീകരിച്ചു. സ്ഥിരീകരിച്ചു. ഈ സമയം എൻെറ സമയം എൻെറ ഭാര്യ എൻെറ കിടക്കയ്ക്കരികിൽ മുട്ട്കുത്തി നിന്ന് എൻെറ ജീവനുവേണ്ടി വാദിക്കുകയായിരുന്നു. ഞാൻ മരിച്ചിട്ടില്ല എന്ന് അവൾ ആവർത്തിച്ചു പ്രസ്താവിച്ചു. അഥവാ ഞാൻ, മരിച്ചാൽ തന്നെ ദൈവം എന്നെ മടക്കിവരുത്തുമെന്നും ഞാൻ രക്ഷിക്കപ്പെടുമെന്ന് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നതിനാൽ അത് സംഭവിക്കുമെന്നും അവൾ വാദിച്ചു കൊണ്ടിരുന്നു. ഏറെ നേരം മുട്ടുകുത്തിനിന്നത് മൂലം അവളുടെ പാദങ്ങൾ വേദനിച്ചപ്പോൾ അവൾ നഴ്സിനോട് ഒരു കുഷ്യൻ ആവശ്യപ്പെട്ടു.

മൂന്ന് മണിക്കൂറുകൾ കടന്നുപോയി. എൻെറ കട്ടിലിനു മുൻപിൽ അപ്പോഴും സ്ക്രീനുണ്ടായിരുന്നു. ഏതാണ്ട് മൃത പ്രായനായി ഞാൻ അവിടെ കിടക്കുകയായിരുന്നു. ഏതാണ്ട് 13 മണിക്കൂറുകൾ കടന്നു പോയി. എന്നാൽ അപ്പോഴും എൻെറ ഭാര്യ മുട്ടിന്മേൽ നിൽക്കയായിരുന്നു. അപ്പോൾ മറ്റുള്ളവരും ആംഗ്യത്തിലൂടെ പ്രാർത്ഥനയവസാനിപ്പിച്ചു മടങ്ങിപ്പോകുവാൻ അവളോടാവശ്യപ്പെട്ടു. എന്നാൽ അതിന് അവൾ ഇപ്രകാരമാണ് മറുപടി പറഞ്ഞത്. "ഇല്ല അദ്ദേഹം മരിക്കയില്ല. അദ്ദേഹം രക്ഷിക്കപ്പെടേണ്ടതുണ്ട്. ദൈവത്തിന് അദ്ദേഹത്തിൻെറ ജീവൻ മടക്കി കൊടുക്കേണ്ടതുണ്ട്. കാരണം രക്ഷിക്കപ്പെടുന്നതുവരെ അദ്ദേഹത്തിന് മരിക്കുവാൻ കഴിയുകയില്ല."

എന്നാൽ 13 മണിക്കൂറുകൾ കഴിഞ്ഞപ്പോൾ ഞാൻ കണ്ണുതുറന്നു. "എന്തുവേണം എന്ന് എൻെറ ഭാര്യ എന്നോടു ചോദിച്ചു. എനിക്ക് വീട്ടിലേക്ക് മടങ്ങണമെന്ന് ഞാൻ മറുപടി പറഞ്ഞു. "പോകാം" എന്ന് അവൾ എനിക്ക് ഉറപ്പു നൽകി. എന്നാൽ ഇക്കാര്യം ഞാൻ ഡോക്ടർമാരോടു പറഞ്ഞപ്പോൾ അവർ അതിനെ എതിർത്തു. "കൊണ്ട് പോകരുത് അയാൾ മരിച്ചുപോകും"എന്നവർ പറഞ്ഞു ഇതു കേട്ട് എൻെറ ഭാര്യ ഇപ്രകാരം പറഞ്ഞു "അദ്ദേഹം മരിച്ചുവെന്നാണല്ലോ നിങ്ങൾ പറഞ്ഞത്. ഇപ്പോൾ നോക്കുക അദ്ദേഹം ജീവൻ പ്രാപിച്ചു. ഞാൻ അദ്ദേഹത്തെ വീട്ടിലേക്ക് കൊണ്ടുപോകയാണ്.

അതേ ഇന്ന് എനിക്ക് 246 പൗണ്ടുണ്ട്. പെൻസിൽ വാനിയ ലൈൻസിൽ ഞാൻ വേഗതയേറിയ തീവണ്ടികൾ ഇപ്പോഴും ഓടിക്കാറുണ്ട്. ഒരു ചെറിയ അവധിക്കാലത്ത് ഞാൻ മിനിയ പോലിസിലെത്തി. യേശുവിനെന്തു ചെയ്യുവാൻ കഴിയുമെന്ന് ഞാൻ അവിടെയുള്ള ജനങ്ങളോട് പറഞ്ഞു. യേശു എന്തെല്ലാം ചെയ്യുമെന്ന് നിങ്ങളോടും പറയുവാൻ എനിക്ക് സന്തോഷമുണ്ട്. (Blanchard 94-95)

ജനങ്ങളുടെ ആത്മരക്ഷയ്ക്കു വേണ്ടിയുള്ള നിങ്ങളുടെ പ്രാർത്ഥന തടസ്സപ്പെടുവാനോ, ഉത്തരം ലഭിക്കാതിരിക്കുവാനോ, രണ്ട് കാരണങ്ങളാണു ള്ളത്. പ്രാർത്ഥിക്കുന്ന വ്യക്തിയുടെ ഉള്ളിലുള്ള അവിശ്വാസമോ, പാപമോ അതിനെ തടസ്സപ്പെടുത്താം, അതല്ലെങ്കിൽ സാത്താൻ അതിനെ തടസ്സപ്പെടു ത്താം. അതിനാൽ നിങ്ങളുടെ ജീവിതത്തെ ക്രമീകരിച്ചു കൊണ്ട്, തുടർമാനമായി പ്രാർത്ഥിക്കുന്നുവെങ്കിൽ ഉത്തരം ലഭിക്കുക തന്നെ ചെയ്യും. (യോഹ.15:7) ധീരവും തീക്ഷണത നിറഞ്ഞതുമായ, ആത്മീയയുദ്ധ പ്രാർത്ഥനയെ തടയുവാൻ ശത്രുവിന് കഴിയുകയില്ല.

എന്നാൽ ഒരു യുദ്ധത്തിൽ ഒരു യുദ്ധാസൂത്രണം നാം നടത്തണം. സൈ നികർ വെറുതേ മുൻപോട്ടു നീങ്ങി കാണുന്നിടത്തേക്കെല്ലാം നിറയൊഴിക്കാ റില്ല. ആത്മാക്കൾക്ക് വേണ്ടിയുള്ള യുദ്ധത്തിലും ഇത് സത്യമാണ്. നമുക്ക് ഒരു യുദ്ധതന്ത്രത്തിന്റെ യാവശ്യമുണ്ട് ഫലപ്രദമായ ചില യുദ്ധതന്ത്രങ്ങൾ ഞാ ൻ നിങ്ങൾക്ക് മുമ്പിൽ അവതരിപ്പിക്കാം.

മുഴുവൻ സഭയും നിരന്തരമായ പ്രാർത്ഥനയ്ക്കു വേണ്ടി തങ്ങളെ ത്തന്നെ ഏല്പിച്ച് കൊടുക്കുകയെന്നതാണ് ആത്യന്തികമായ ഒരു യുദ്ധതന്ത്രം. ആദിമ സഭ ഇങ്ങനെ ചെയ്തിരുന്നു. അവർ ഒരു മന പ്പെട്ട് പ്രാർത്ഥന കഴിച്ചു (അ.പ്ര1:14) ഇതിന്റെ ഫലമായി അവരുടെ ജീവിതത്തിൽ വിസ്മയകരമായ ഫലങ്ങൾ ഉണ്ടായി. "അന്ന് മൂവായിരത്തോളം പേർ അവരോട് ചേർന്നു (2:41) അ.പ്ര 4:4 ൽ നാം വായിക്കുന്നത്" "വചനം കേട്ടവരിൽ പലരും വിശ്വസിച്ചു. പുരുഷ ന്മാരുടെ എണ്ണം തന്നെ അയ്യായിരത്തോളമായി" എന്നാണ് (അ.പ്ര 4:4 )

മറ്റൊരു പ്രാർത്ഥനാ സമയം "അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോ ടെ പ്രസ്താവിച്ചു" (അ:പ്ര 4:31) ആത്മാക്കളുടെ വലിയ കൊയ്ത്ത് തുടർന്നപ്പോൾ "മേൽക്കുമേൽ അനവധി പുരുഷന്മാരും സ്ത്രീകളും അവരോട് ചേർന്ന് വന്നു"(5:14). യരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി (6:7) ലുദ്ദ, ശാരോൻ എന്നീ നഗരങ്ങൾ കർത്താവി ങ്കലേക്ക് തിരിഞ്ഞു. (അ.പ്ര 9:35). ഇതു പോലെയുള്ള അനേകം വിവരണങ്ങ ൾ അപ്പൊസ്തല പ്രവർത്തികളിലുണ്ട്. ആദിമ സഭയുടെ ഈ പ്രാർത്ഥനാ മാതൃക ഇന്നത്തെ സഭ പിന്തുടർന്നാൽ ഇത് പോലെയുള്ള വിപ്ലവാത്മക ഫലങ്ങൾ നമുക്കും ലഭിക്കും.

ഫലപ്രദമായ മറ്റൊരു യുദ്ധനീക്കം "**പ്രാർത്ഥനാ സംഘങ്ങളാണ്.** മിക്ക സഭകളിലുമുള്ള സണ്ടേസ്ക്കൂൾ ക്ലാസ്സുകളും ഭവന സെൽഗ്രൂപ്പുകളും പ തിവായി കൂടി വരുന്നവയായതിനാൽ തങ്ങളുടെ ലിസ്റ്റിലുള്ള നഷ്ടപ്പെട്ട മനുഷ്യർ ക്രിസ്തുവിങ്കലേക്ക് വരുന്നതുവരെ നിരന്തരമായും, സ്ഥിരോത്സാ ഹത്തോടുകൂടെയും പ്രാർത്ഥിക്കുവാൻ അവർക്ക് കഴിയും. ഇവെലിൻ ക്രി സ്റ്റൻസൺ സുവിശേഷീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനു മുൻപുള്ള ഒരു **"മൂവർ സംഘ പ്രാർത്ഥന"**(Triplet Prayer)യുടെ ഒരു ലളിതമായ നിർദ്ദേശം നൽകുന്നുണ്ട്. മൂന്നു ക്രിസ്ത്യാനികൾ ഒരാഴ്ചയിൽ 9 അവിശ്വാ സികളുടെ മാനസാന്തരത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ തങ്ങളെത്തന്നെ ചിട്ടപ്പെടുത്തുന്ന അനുഭവമാണിത്. ഇംഗ്ലണ്ടിൽ നടന്ന 2 ബില്ലിഗ്രഹാം



ക്രൂസേഡുകളിൽ ഈ പ്രാർത്ഥന ഏറെ ഫലപ്രദമായ ഫലങ്ങൾ ഉളവാക്കി യെന്ന് അവർ പറയുന്നു. ബില്ലിഗ്രഹാമിന്റെ 1984 ലെ മിഷൻ ഇംഗ്ലണ്ട് ക്രൂസേഡിൽ ഏതാണ്ട് 90,000 ക്രിസ്ത്യനികൾ മൂന്നുപേരുള്ള സംഘങ്ങളായി പിരിഞ്ഞ് "ക്രൂസേഡ് പൂർവ്വ പ്രാർത്ഥന" നടത്തി. ഇവരിൽ ഒരോ മൂന്നു പേരും മൂന്നു അവിശ്വാസികളെ തെരഞ്ഞെടുത്ത് അവർ ഒൻപതു പേരും രക്ഷിക്കപ്പെടുവാൻ ആഴ്ചയിലൊരിക്കൽ കൂടിവന്ന് (ക്രൂസേഡിനൊരു വർ ഷം മുമ്പ്) ഒരു വർഷം മുഴുവൻ പ്രാർത്ഥിച്ചു. 1989 ജനുവരിയിൽ ബില്ലിഗ്രഹാ മിന്റെ 1989 ലെ മിഷൻ ഇംഗ്ലണ്ട് II എന്ന ക്രൂസേഡിൽ മൂവർ സംഘപ്രാർ ത്ഥനയെ പ്രോത്സാഹിപ്പിച്ചു കൊണ്ട് "Decision" മാസിക പുറത്തിറങ്ങിയ പ്പോൾ ഈ മൂവർ സംഘങ്ങൾ മിക്കതും തങ്ങളുടെ ലക്ഷ്യ ത്തിലെത്തിയതാ യും, ബില്ലിഗ്രഹാം എത്തുന്നതിനു മുൻമ്പ് തന്നെ അവർ പ്രാർത്ഥി ച്ചിരുന്ന വ്യക്തികൾ രക്ഷിക്കപ്പെട്ടതായും വെളിപ്പെടുത്തി. 89 ലെ മിഷൻ ഇംഗ്ലണ്ട് ക്രൂസേഡിനുവേണ്ടി 7000 ത്തോളം സഭകളിൽ ഇതുപോലുള്ള മൂവർ സംഘങ്ങൾ ഉണ്ടായിരുന്നതിനാൽ അതിന്റെ ഫലം വളരെ സ്ഫോട നാത്മകമായിരുന്നു. ഒരു മുഴുവൻ രാഷ്ട്രത്തിലുമുള്ള ആളുകൾക്ക് വേണ്ടി സാത്താനോട് പടവെട്ടുന്നതിനുള്ള എത്രയോ ശക്തമായ ഒരു മാർഗ്ഗമാ ണിത്. (Christanson 110) ആത്മാക്കൾ രക്ഷിക്കപ്പെടുവാൻ വേണ്ടി പ്രാർത്ഥി ക്കുന്നതിലെ അത്യന്തം ഫലപ്രദമായ മറ്റൊരു പദ്ധതിയാണ് **പ്രാർത്ഥനാ പങ്കാളികൾ**. ഒരു വലിയ കൂട്ടത്തെ ഒന്നിച്ചു കൂട്ടുന്നതിനെക്കാൾ രണ്ടുപേരെ ഒന്നിച്ചു കൂട്ടുന്നത് ഫലപ്രദമാണ്. ഒരു ഭാര്യയും ഭർത്താവും ഇതിന് അ നുയോജ്യമായ നല്ല ജോഡികളാണ്. കാരണം എല്ലാദിവസവും അവർ ഒന്നിച്ചുണ്ടായിരിക്കും. അതു മാത്രമല്ല തങ്ങളുടെ ബന്ധുക്കൾ സുഹൃത്തുക്ക ൾ അയൽക്കാർ എന്നിവർക്ക് വേണ്ടിയുള്ള അവരുടെ ആത്മഭാരത്തിനും സമാനതകൾ ഉണ്ട്. എങ്കിലും ഏതു തരത്തിൽ പ്രാർത്ഥനാ പങ്കാളികളെ ജോടികളായിത്തിരിച്ചാലും അത് ഫലപ്രദമാണ് ഇങ്ങനെയുള്ള ജോടികളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭ്യമാണെന്ന യേശു ക്രിസ്തുവും നമുക്ക് ഉറപ്പ് നൽകുന്നുണ്ട് (മത്താ.18:19)

വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് ഏറ്റവുമധികം പ്രയോജനപ്രദമായ ഒരു അന്തിമ പദ്ധതി കൂടെ ഞാൻ നിർദ്ദേശിക്കട്ടെ. ഒരു **പ്രാർത്ഥനാലിസ്റ്റാ**ണത്. ഞാനും ആയിരക്കണക്കിന് മറ്റ് വിശ്വാസികളും ഒരു പ്രാർത്ഥനാലിസ്റ്റ് വർ ഷങ്ങളോളം ഉപയോഗിക്കുകയും അതിലൂടെ അനേകം ആത്മാക്കൾ ക്രിസ്തു വിങ്കലേക്ക് കടന്നു വരുന്നത് കാണുകയും ചെയ്തിട്ടുണ്ട്. ഇതോടുള്ള ബന്ധത്തിൽ എനിക്ക് അനുഗ്രഹപ്രദമായിത്തീർന്ന ഒരു കഥ നിങ്ങൾക്കും അത് പ്രയോജനകരമായിത്തീരുമെന്ന വിശ്വാസത്തിൽ നിങ്ങളോടും പങ്കുവയ്ക്കട്ടെ.

"ചില വർഷങ്ങൾക്ക് മുൻപ് ഇല്ലിനോയ്സിലുള്ള ഒരു മനുഷ്യൻ ഒരു പ്രാർത്ഥനാ സംഘത്തെ ഒന്നിച്ചു കൂട്ടി അവരുടെ മുൻപിൽ ഒരു നിർദ്ദേശം അവതരിപ്പിച്ചു ഇന്ന് വൈകുന്നേരം നിങ്ങൾ ഭവനത്തിലെത്തുമ്പോൾ സ്പ്രി ഗ്ഫീൽഡ് നഗരത്തിൽ രക്ഷിക്കപ്പെട്ടു കാണുവാൻ നിങ്ങൾ ആഗ്രഹിക്കുന്ന എല്ലാ വ്യക്തികളുടേയും പേര് എഴുതി ദിനംപ്രതി മൂന്നു തവണ അവർ രക്ഷിക്കപ്പെടുവാൻ വേണ്ടി പ്രാർത്ഥിക്കുക. അതിനുശേഷം ആ വ്യക്തികളെ രക്ഷയിലേക്കാനയിക്കുവാൻ സാദ്ധ്യമായ എല്ലാകാര്യങ്ങളും നിങ്ങൾ ചെയ്യുക.

സ്പ്രിഗ്ഫീൽഡിൽ 17 വർഷങ്ങളായി കിടക്കയിലായിരുന്നു. അവശയും ബലഹീനയുമായ ഒരു സ്ത്രീ ഉണ്ടായിരുന്നു. ഒരു വലിയ കൂട്ടം ജനങ്ങൾ രക്ഷിക്കപ്പെടുന്നതിനു വേണ്ടി നാളുകളായി അവർ പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഇല്ലിനോയ്സിലെ പ്രാർത്ഥനാ കൂട്ടത്തിനു ലഭിച്ച പ്രാർത്ഥനാ നിർദ്ദേശത്തെ കുറിച്ച് അവളുടെ കുടുംബാംഗങ്ങൾ അവളോട് പറഞ്ഞു. അപ്പോൾ അവൾ "എനിക്കും ചിലത് ചെയ്യുവാൻ കഴിയും എന്നു പറഞ്ഞു കൊണ്ട് തന്റെ അല്പം ചലന ശേഷിയുള്ള വലതുഭാഗം ഉയർത്തി ഒരു പേപ്പറും പേനയും അവൾ ആവശ്യപ്പെട്ടു. അതിനു ശേഷം ആ പേപ്പറിൽ അവർ 57 പരിചയക്കാരുടെ പേരുകൾ എഴുതി. ദിവസവും മൂന്നു തവണ അവർ ഈ 57 പേർക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഈ വ്യക്തികളോട് സുവിശേഷമറിയിക്കുവാനാവശ്യപ്പെട്ടു കൊണ്ട് അവർക്ക് ഏറ്റവുമധികം പരിചയമുള്ള വ്യക്തികൾക്ക് അവർ കത്തെഴുതി അവർക്ക് ദൈവത്തിങ്കൽ നിസ്സന്ദേഹമായ വിശ്വാസമുണ്ടായിരുന്നു. ദൈവത്തിലുള്ള അവരുടെ വിനീതമായ ആശ്രയം മൂലം ആ രക്ഷിക്കപ്പെടാത്ത വ്യക്തികൾക്ക് വേണ്ടി അവൾ മദ്ധ്യസ്ഥത ചെയ്തു കൊണ്ടിരുന്നു. അത്ഭുതമെന്നു പറയട്ടെ കാലത്തിന്റെ നീക്കത്തിൽ ഈ 57 പേരും യേശുക്രിസ്തുവിൽ രക്ഷകൻ എന്ന നിലയിലുള്ള വിശ്വാസം അർപ്പിച്ചു (Moclure 124,125)"





**അദ്ധ്യായം 6**

# വ്യക്തിപരമായ സാക്ഷ്യങ്ങൾ

2002 മെയ് 22 ന് ഞാൻ ഈ പഠനോപാധി ലൂസിയാനയിലെ ഫാർമർവില്ലെയിലുള്ള ക്രൈസ്റ്റ്വ്യൂ ബാപിറ്റിസ്റ്റ് ചർച്ചിൽ പഠിപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു. പാസ്റ്ററായ ബ്രദർ വെയ്നെ വൈറ്റ് സൈഡ് എനിക്ക് ഇപ്രകാരം ഒരു കത്തെഴുതി "അനേക ജനങ്ങളുടെ ജീവിതത്തിൽ നിന്ന് കോട്ടകൾ തകർന്നു വീഴുന്നത് ഞങ്ങൾ കണ്ടു. നിങ്ങൾ പങ്കുവച്ച പഠനോപാധി ആത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള ദൈവീക തത്ത്വങ്ങൾ പരിശീലിക്കുന്നവരുടെ ജീവിതത്തെ വിപ്ലവാത്മകമായി സ്വാധീനിക്കും."

വധശിക്ഷയ്ക്കു വിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന ചില അന്തേവാസികളെ കുറിച്ചുള്ള ഒരു വലിയ ഭാരം ബ്രദർ. വെയ്നയ്ക്ക് ഉണ്ടായിരുന്നു. ഇങ്ങനെയുള്ളവരെ ക്രിസ്തുവിനു വേണ്ടിനേടുവാൻ ഈ ജയിൽ വാസികളോടൊപ്പം അദ്ദേഹം നിരവധി സമയങ്ങൾ ചെലവഴിച്ചു. അദ്ദേഹം തന്റെ കഥ ഇപ്രകാരം തുടർന്നു. "ടെക്സാസിലെ ഹൺട്സ് വില്ലെയിൽ ഈയിട വധശിക്ഷയ്ക്ക് വിധേയനായ ഒരു തടവുകാരന്റെ കഥ വിജയത്തിന്റെ ഇതിഹാസമാണ്. ഇദ്ദേഹം ഭക്തനായ ഒരു മുസ്ലിം വിശ്വാസിയായിരുന്നു. ഞാൻ അറിയുന്ന മിക്ക ക്രിസ്ത്യാനികളെക്കാളും ഉയർന്ന സദാചാരബോധം ഇദ്ദേഹത്തിനുണ്ടായിരുന്നു. ഇദ്ദേഹത്തോട് ഏതാണ്ട് 2 വർഷത്തോളം ഞാൻ സുവിശേഷം പങ്കുവച്ചു. എന്റെ സഭാംഗങ്ങളും ഇദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. എങ്കിലും അതെല്ലാം വ്യർത്ഥമാണെന്ന് ആദ്യം തോന്നി. ഇയാൾ എനിക്ക് കത്തെഴുതു മ്പോൾ ഒടുവിലായി "അല്ലാഹു നിങ്ങളോടു കൂടെയിരിക്കട്ടെ" എന്നെഴുതാറുണ്ടായിരുന്നു. ഇത് കാണുമ്പോൾ എനിക്ക് വളരെ നിരാശ അനുഭവപ്പെടാറുണ്ടായിരുന്നു.

അങ്ങനെയിരിക്കെ സെപ്റ്റംബറിൽ ഇദ്ദേഹത്തിന്റെ വധശിക്ഷ നടക്കുന്നതിന് 2 ദിവസം മുൻപ് ഇയാളുടെ ഉള്ളിലുള്ള "കപടമത" ( False Religion) ത്തിന്റെ "ബലവാനെ" ബന്ധിക്കുവാൻ യേശുവിന്റെ രക്തം ഉപയോഗിച്ച് വാദിക്കുവാൻ ഞാൻ എന്റെ സഭാംഗങ്ങളെ ഉത്സാഹിപ്പിച്ചു. പെട്ടെന്ന് തന്റെ ഉള്ളിൽ ഒരു മാറ്റമുണ്ടായി. യേശു ഒരു നല്ല ഗുരുവാണെന്ന് സമ്മതിച്ചു തുടങ്ങി. ഇതിനുശേഷം ഉള്ള അവന്റെ കത്തുകളുടെ അവസാന വാചകത്തിന് വ്യത്യാസമുണ്ടായി. "ദൈവം നിങ്ങളോടുകൂടെ യിരിക്കട്ടെ" എന്ന് അവൻ എഴുതുവാൻ തുടങ്ങി.

തന്റെ വധശിക്ഷ നടക്കുന്ന ദിവസം അതിൽ സംബന്ധിക്കുവാൻ ഇയാൾ എന്നേയും ക്ഷണിച്ചു. ഈ മനുഷ്യനെ അവസാനമായി കാണുവാൻ ഞാൻ ഹൺട്സ് വില്ലയിലേക്ക് യാത്ര ചെയ്തു. രക്ഷയ്ക്കുവേണ്ടി ക്രിസ്തുവിൽ വിശ്വസിക്കുവാൻ താൻ എന്താണ് ചെയ്യേണ്ടതെന്ന് ഈ മനുഷ്യൻ എന്നോടു ചോദിച്ചപ്പോൾ ഞാൻ ആവേശഭരിതനായി. ഒടുവിൽ വൈകുന്നേരം 3.05 ന് തന്നെ രക്ഷിക്കുവാൻ അയാൾ യേശുവിനോടാവശ്യപ്പെട്ടു. ഇതിനു ശേഷം 51 മണിക്കൂറും 12 മിനിറ്റും കഴിഞ്ഞപ്പോൾ അയാൾ വധിക്കപ്പെട്ടു. തന്റെ വധശിക്ഷ നടപ്പാകുന്നതിന് 2 മണിക്കൂർ മുൻപ് ഈ മനുഷ്യൻ എന്നോട് ഇപ്രകാരം പറഞ്ഞു. ഞാൻ താങ്കളെ സ്നേഹിക്കുന്നു.

താങ്കൾക്ക് വേണ്ടി ഞാൻ സ്വർഗ്ഗത്തിൽ കാത്തിരിക്കും. ഭൂമിയിൽ വച്ച് ഈ മനുഷ്യൻ ഉച്ചരിച്ച അവസാന വാക്കുകൾ. "ദൈവം ക്ഷമിക്കുന്നു അവൻ വലിയവനാണ്" എന്നായിരുന്നു. വളരെ ശാന്തമായ ഒരു മുഖത്തോടു കൂടിയാണ് ഈയാൾ മരണം വരിച്ചത്. ജയിൽ വാർഡൻ പോലും ഇത് സാക്ഷ്യപ്പെടുത്തി. ഈ മനുഷ്യനിലുള്ള കപടമതത്തിന്റെ "ബലവാനെ" യേശുവിന്റെ രക്തമുപയോഗിച്ച് പറത്താക്കുന്ന നിമിഷം വരെ ഈ വ്യക്തിയെ ക്രിസ്തുവിനു വേണ്ടി നേടുവാനുള്ള ഞങ്ങളുടെ പരിശ്രമങ്ങളെല്ലാം വിഫലമായി. എന്നാൽ പ്രാർത്ഥനയിലൂടെ ഈ മനുഷ്യൻ സുവിശേഷത്തോട് തുറന്ന മനോഭാവമുള്ളവനായി മാറിയെന്ന് മാത്രമല്ല താൻ രക്ഷിക്കപ്പെടേണ്ടതെങ്ങനെയെന്ന് എന്നോട് ചോദിക്കയും ചെയ്തു. നഷ്ടപ്പെട്ടവർക്ക് വേണ്ടി ഫലപ്രദമായി പ്രാർത്ഥിക്കുന്നതിനും. പ്രത്യേകിച്ച് മർക്കോസ് 3:27ൽ യേശു പറഞ്ഞത് പോലെ ബലവാനെ ബന്ധിക്കുന്നതിനും ഞങ്ങൾ പഠിച്ചതിനാൽ അയാൾ ഇന്ന് സ്വർഗ്ഗത്തിലാണ്. താങ്കൾ ഈ സത്യം ഞങ്ങളെ പഠിപ്പിച്ചതിന് നന്ദി. അന്ത്യകാല കൊയ്ത്തിന്റെ ശുശ്രൂഷയിൽ ദൈവം നിങ്ങൾക്ക് നല്ല വിജയം നൽകട്ടെ. ആരുടെയെങ്കിലും ആത്മരക്ഷയ്ക്കു വേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ ദൈവം ആ വ്യക്തിയുടെ തലയ്ക്ക് ചുറ്റും ഒരു അദൃശ്യമായ വൃത്തം വരയ്ക്കും. റിക്കിഗ്രെസ്ഹാമിന്റെ ജീവിതത്തിലും ഇത് തന്നെയാണ് സംഭവിച്ചത്. അദ്ദേഹത്തിന്റെ ഭാര്യ ഹെലനും പാസ്റ്റർ വിക്കേ ഹുഡ്നാളും അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. റിക്കിയുടെ കഥ അദ്ദേഹം വിവരിക്കുന്നത് ശ്രദ്ധിക്കുക "1990 ഫെബ്രുവരി, മാർച്ച് മാസങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖപൂർണ്ണമായ ദിനരാത്രങ്ങളായിരുന്നു. ആ സമയങ്ങളിൽ പരിശുദ്ധാത്മാവ് നൽകുന്ന ശക്തമായ കുറ്റബോധം എന്നെ ഭരിച്ചുകൊണ്ടിരുന്നു. പക്ഷെ എനിക്കത് മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. എനിക്കെന്താണ് സംഭവിക്കുതെന്ന് ഞാനറിഞ്ഞിരുന്നില്ല എങ്കിലും ഞാൻ ആ നാളുകളിൽ എവിടേക്ക് തിരിഞ്ഞാലും ദൈവത്തേ സംബന്ധിച്ച കാര്യങ്ങൾ മാത്രമേ ഞാൻ കേട്ടിരുന്നുള്ളു. രാവിലെ എഴുന്നേൽക്കുമ്പോൾ ദൈവം അവിടെയുള്ളതായി എനിക്ക് തോന്നത്തക്ക നിലയിൽവരെ കാര്യങ്ങൾ എത്തി. വർഷങ്ങളായി എനിക്ക് പരിചയമുള്ള വ്യക്തികളും എന്നെ കാണുമ്പോൾ ദൈവത്തെ കുറിച്ചാണ് സംസാരിക്കുന്നത്. ഒരിടത്തും എനിക്ക് മറഞ്ഞിരിക്കുവാൻ കഴിയുകയില്ല എന്നെനിക്ക് തോന്നി. ഒരിക്കൽ ഞാൻ എന്റെ ഏറ്റവും അടുത്ത സുഹൃത്തുമായി ഒരു ട്രക്കിൽ യാത്ര ചെയ്യുമ്പോൾ. യാത്രക്കിടയിൽ എന്റെ സുഹൃത്തിന്റെ ഒരു മിത്രം വഴിയിൽ വച്ച് ഞങ്ങളെ കണ്ട് ട്രക്ക് നിറുത്തിച്ച് ട്രക്കിൽ കയറിയിരുന്ന് എന്റെ സുഹൃത്തിനോട് യേശുവിനെ രക്ഷകനായി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് സംസാരിക്കുവാൻ തുടങ്ങി. അതേ ഒരിക്കൽ കൂടി ഇതാ ഞാൻ ദൈവത്തേ കുറിച്ച് കേൾക്കുന്നു. എനിക്ക് എവിടേയും പോയി ഒളിക്കുവാൻ കഴിയുന്നില്ല. എന്നെനിക്ക് തോന്നി. ഞാൻ നിശ്ശബ്ദനായി ട്രക്കിനുള്ളിൽ തന്നെ ഇരുന്നു ഒരു വശത്ത് എനിക്ക് ആ വ്യക്തിയുടെ വാക്കുകൾ ശ്രദ്ധിക്കുവാൻ ആഗ്രഹം തോന്നി. മറുവശത്താകട്ടെ എന്റെ സുഹൃത്ത് വണ്ടി ഓടിച്ചിരുന്നെങ്കിൽ എന്നെനിക്കു തോന്നി ആ അഞ്ചു മിനിറ്റ് ഒരു മണിക്കൂർ പോലെയാണ് എനിക്ക് അനുഭവപ്പെട്ടത്. അതിനുശേഷം എന്റെ സുഹൃത്ത് വണ്ടിയോടിച്ചു.



ദിവസം കഴിയുന്തോറും ദൈവം എല്ലായിടത്തും തന്നെത്തന്നെ എനിക്ക് വെളിപ്പെടുത്തുന്നതായി എനിക്ക് തോന്നി. ജോലിസ്ഥലത്ത് പോലും ദൈവീക വെളിപ്പാടുകൾ എനിക്ക് ലഭിക്കുന്നതായി തോന്നി. അക്കാലത്ത് ഞാൻ ഒരു മെഷീൻ കടയിൽ ജോലി ചെയ്യുകയായിരുന്നു. ഒരു കറുത്ത മനുഷ്യൻ പലപ്പോഴും എന്റെ അടുക്കൽ വന്ന് സംസാരിക്കാറുണ്ടായിരുന്നു. ഞാൻ ശക്തമായ പാപബോധം അനുഭവിച്ചു കൊണ്ടിരുന്ന അന്നാളുകളിൽ അദ്ദേഹം എന്റെ കടയിൽ വന്നു. സാധാരണ ഗതിയിൽ അഭിമാനം നിമിത്തം എനിക്ക് പരിചയമുള്ള വ്യക്തികളോട് കർത്താവിനെ കുറിച്ച് ഞാൻ ചോദിക്കാറില്ല. എന്നാൽ ഒടുവിൽ ഞാൻ ധൈര്യം സംഭരിച്ച് ആ വ്യക്തിയോട് കർത്താവിനെ കുറിച്ച് ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടിക്ക് വേണ്ടി ഞാൻ തയ്യാറായിരുന്നില്ലെങ്കിലും എന്നോട് സംസാരിക്കുവാൻ അദ്ദേഹം ഒരുക്കമായിരുന്നു.

അന്നാളുകളിൽ അദൃശ്യമായ ഏതോ ഒരു ശക്തി ദൈവവചനത്തിലേക്ക് എന്നെ ആകർഷിച്ചു കൊണ്ടിരുന്നു. ആരോടെങ്കിലും "ഒരു ബൈബിൾ തരുവാൻ ആവശ്യപ്പെടുന്നത് അഭിമാനക്കേടായി ഞാൻ കരുതിയിരുന്നതിനാൽ ഞാൻ സർവ്വവിജ്ഞാനകോശമെടുത്ത് അതിൽ യേശു ക്രിസ്തുവിനെ കുറിച്ച് എഴുതിയിരിക്കുന്ന പേജ് മറിച്ചു. യേശു ക്രൂശിന്മേൽ തൂങ്ങിക്കിടക്കുന്ന ഒരു ചിത്രം അതിൽ ഉണ്ടായിരുന്നു. കർത്താവിന്റെ ആ ചിത്രത്തിലേക്ക് ആരോ എന്നെ ആകർഷിച്ചു കൊണ്ടിരുന്നു.

**രാത്രി തോറും ഒളിച്ച് ചെന്ന് ഞാൻ ആ ചിത്രം നോക്കാറുണ്ടായിരുന്നു.** അടുത്ത ചില ആഴ്ചകളിൽ ഞാൻ എന്റെ ജീവിതത്തിനു മാറ്റം വരുത്തുവാൻ ശ്രമിച്ചു കൊണ്ടിരുന്നു. ഞാൻ എപ്പോൾ വായ് തുറന്നാലും ഒരു ശാപവാക്ക് ഉച്ചരിക്കുന്നത് പതിവായിരുന്നു. അങ്ങനെ ചെയ്യാതിരിക്കുന്നത് എനിക്ക് ബുദ്ധിമുട്ടാണ് എന്ന നിഗമനത്തിൽ ഞാൻ എത്തി ചേർന്നിരുന്നു. അതു നിറുത്തുവാൻ എനിക്ക് സാധിച്ചില്ല. ആ ദുസ്വഭാവം എന്നെ നിയന്ത്രിച്ചു കൊണ്ടിരുന്നു. ഒടുവിൽ ഒരു ദിവസം ജോലിചെയ്തു കൊണ്ടിരുന്നപ്പോൾ ഞാൻ കർത്താവിനോടിപ്രകാരം പറഞ്ഞു. "കർത്താവേ എനിക്ക് കഴിയുന്നില്ല. എന്നെ സഹായിച്ചാലും യേശു ക്രൂശിൽ വച്ച് ചെയ്തതെന്താണെന്ന് എനിക്കറിയില്ല. പക്ഷെ നീ അത് എനിക്ക് കാണിച്ചു തന്നാൽ നിന്നെ അനുഗമിക്കുവാൻ ഞാൻ തയ്യാറാണ്. എന്നാൽ അന്നു മുതൽ എന്റെ ഉള്ളിൽ എന്തോ ഒരു പുതുക്കം വന്നതായി എനിക്കനുഭവപ്പെട്ടു. ശപിക്കുന്ന സ്വഭാവം എന്നെവിട്ടുമാറി. അതിനുള്ള ആഗ്രഹം തന്നെ എനിക്കില്ലാതായി. അങ്ങനെയൊരു ഭാഷ ഞാൻ ഒരിക്കലും ഉപയോഗിച്ചിട്ടില്ല എന്നു പോലും എനിക്ക് തോന്നി."

എനിക്ക് സംഭവിച്ചു കൊണ്ടിരിക്കുന്ന കാര്യത്തെ കുറിച്ച് ആരോടെങ്കിലും പങ്കു വയക്കണമെന്ന ഭാരം എന്റെ ഹൃദയത്തിലുണ്ടായി. അതുകൊണ്ട് സഭയിൽ അല്പം സംസാരിക്കുവാൻ അവസരം നൽകണമെന്ന് ഞാൻ പാസ്റ്ററോട് പറഞ്ഞു. യേശുവിനെ സ്നേഹിക്കുന്ന അവസ്ഥയിലേക്കും, ശിഷ്ടകാലം യേശുവിനു വേണ്ടി ജീവിക്കുവാൻ മനസ്സുള്ള അവസ്ഥയിലേക്കും ദൈവം എന്നെ കൊണ്ടുവന്നിരിക്കുന്നുവെന്നു പറയുവാൻ മാത്രമേ അന്ന് ഞാൻ അറിഞ്ഞിരുന്നുള്ളൂ.

ആ രണ്ട് മാസക്കാലം ഞാൻ അറിയാതിരുന്ന ഒരു കാര്യമുണ്ട്. എന്റെ ഭാര്യയും പാസ്റ്ററും എന്റെ രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ തങ്ങളെ

ത്തന്നെ സമർപ്പിച്ചിരുന്നു. അവരുടെ പ്രാർത്ഥനയ്ക്കുള്ള ഉത്തരമായിരുന്നു ഞാൻ എന്റെ ജീവിതത്തിൽ അനുഭവിച്ചു കൊണ്ടിരുന്നത്. വിശ്വസ്തമായ പ്രാർത്ഥനയുടെ ഒരു ഉല്പന്നമാണ് ഞാൻ എന്ന് ഇന്ന് ഞാനറിയുന്നു. എപ്പോഴെങ്കിലും നിങ്ങൾ അങ്ങനെ പ്രാർത്ഥിച്ചിട്ടുണ്ടെങ്കിൽ ഞാൻ പറയുന്നത് നിങ്ങൾക്ക് മനസ്സിലാകും. ഇപ്പോൾ ഞാൻ ഒരു സഭയുടെ പാസ്റ്ററായി പ്രവർത്തിക്കുന്നു. ദൈവകൃപയുടെ സമൃദ്ധി ഞാൻ എന്റെ ജീവിതത്തിൽ കൂടുതലായി അനുഭവിച്ചു കൊണ്ടിരിക്കുന്നു.

നാം ഒരാളുടെ ആത്മരക്ഷയ്ക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ ആ വ്യക്തിയെ ദൈവത്തിങ്കലേക്കടുപ്പിക്കുവാൻ എന്തെല്ലാം ചെയ്യണമോ അതെല്ലാം ചെയ്യുവാൻ നാം ദൈവത്തിന് അനുവാദം നൽകണം. വെസ്ലിഡ്യൂവെൻ ഇപ്രകാരമാണ് പറയുന്നത്. ''ദൈവത്തിന്റെ പദ്ധതിക്കു മുൻപിൽ സമർപ്പിക്കുവാനുള്ള മനസ്സാണ് പല പ്രാർത്ഥനകൾക്കും ഉത്തരം ലഭിക്കുന്നതിനുള്ള വ്യവസ്ഥ. ദൈവം സ്വാധീനങ്ങളും, സമ്മർദ്ദങ്ങളുമുപയോഗിച്ചാണ് മനുഷ്യരെ തന്നിലേക്കാനയിക്കുന്നത് (Duewel 262) ഈ സമ്മർദ്ദങ്ങൾ ചിലപ്പോൾ അതികഠിനങ്ങളാണെന്നും വരാം ടോണി ഫോൺടേനോട്ടിന്റെ അനുഭവം നോക്കാം. ''എന്റെ മാതാവ്, വലിയമ്മ, അമ്മായിമാർ, അമ്മാവൻമാർ എന്നിവരുൾപ്പെടെ വലിയ പ്രാത്ഥനായോദ്ധാക്കൾ ഉള്ള ഒരു ക്രിസ്തീയ കുടുംബത്തിലായിരുന്നു ഞാൻ ജനിച്ചത്. അവരെല്ലാം വർഷങ്ങളായി എനിക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നെങ്കിലും ഞാൻ എന്റേതായ രീതിയിലാണ് കാര്യങ്ങൾ ചെയ്തു കൊണ്ടിരുന്നത്. ദൈവം നമ്മോട് ഏതെങ്കിലും വിഷയത്തിൽ ഇടപെടുമ്പോൾ നാം നമ്മുടേതായ രീതിയിൽ കാര്യങ്ങൾ ചെയ്യുന്നു. അപ്പോൾ വളരെ ഭയാനകമായ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കുവാൻ ദൈവം അനുവദിക്കുന്നു. ഇതിലൂടെ നിശ്ചയമായും ദൈവത്തിന് നമ്മുടെ ശ്രദ്ധ പിടിച്ചു പറ്റുവാൻ കഴിയും

1982 മെയ് 22 ന് ഞങ്ങളുടെ സോയാബീൻ വയലിൽ രാസവളങ്ങൾ സേ്പ്ര ചെയ്തു താവളത്തിലേക്ക് മടങ്ങുമ്പോൾ വന നിബിഡമായ ഒരു നിർജ്ജന പ്രദേശത്ത് എന്റെ വിമാനം തകർന്നു വീണു. എന്റെമേൽ തീ ആളിപ്പടരുകയായിരുന്നു. തീ കെടുത്തുവാൻ വളരെ നേരം നിലത്തു കിടന്ന് ഉരുണ്ട ശേഷം എന്റെ ഷർട്ട് മുഴുവനായും കത്തി കരിഞ്ഞതായും എന്റെ കൈകളിലെ ത്വക്ക് ഒരു ചിലന്തിവല പോലെ വിരലുകളിൽ തുങ്ങി കിടക്കുന്നതായിട്ട് എനിക്ക് തോന്നി. എന്റെ വലതു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു. എന്റെ ശരീരത്തിൽ നിന്ന് ദ്രവങ്ങൾ ഒഴുകികൊണ്ടിരുന്നു.

ഞാൻ സഹായത്തിനുവേണ്ടി നിലവിളിച്ചെങ്കിലും ആരും എന്നെ സഹായിപ്പാൻ വന്നില്ല. എന്റെ ശരീരം തളരുന്നതു വരെ ഞാൻ ഓടിക്കൊണ്ടിരുന്നു ഒടുവിൽ ഞാൻ ഒരു മരത്തിന്റെ തണലിൽ കിടന്നു. അവിടെ വച്ച് ഞാൻ പ്രാർത്ഥിക്കുവാൻ തുടങ്ങി. ആരെങ്കിലും എന്നെ സഹായിപ്പാൻ എത്തണമെന്നും ഞാൻ മരിക്കുവാൻ ദൈവം അനുവദിക്കരുതെന്നും ഞാൻ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. പെട്ടെന്ന് എന്തൊക്കെയോ സംഭവിച്ചു. ആരോ എന്നെ പിടിച്ചുയർത്തി. ഒരു വലിയ ഊർജ്ജം എന്റെ ശരീരത്തിലൂടെ പ്രവഹിച്ചു. ഈ പുതിയ ശക്തിയുമായി ഞാൻ വിണ്ടും ഓടി. ഒരു ട്രക്ക് ദൂരത്തു നിന്ന് കണ്ട് ഞാൻ അതിന്റെ സമീപത്തേക്ക് നിലവിളിച്ചു കൊണ്ട് കടന്നു ചെന്നു. ഏതോ ഒരു ഉപകരണം ഉപയോഗിച്ച് പണി ചെയ്തുകൊണ്ടിരുന്ന ഒരു മനുഷ്യൻ എന്റെ അവസ്ഥ കണ്ട് എന്നെ ആശുപത്രിയിൽ എത്തിച്ചു. അവിടെ നിന്ന് അവർ എന്നെ ജോൺ സീലേ ബേൺ സെന്ററിലേക്ക് മാറ്റി അവിടുത്തെ തീവ്രപരിചരണ വിഭാഗത്തിൽ തുടർന്നുള്ള രണ്ട് മാസങ്ങൾ ഞാൻ ചെലവഴിച്ചു.



ഈ ഭയാനക പരീക്ഷണത്തിലും ദൈവം എന്റെ ശ്രദ്ധയെ ആകർഷിച്ചു. 1982 നവംബറിൽ ബ്രദർ ലീ തോമസ് ഇൻഡ്യൻ വില്ലേജ് ബാപ്റ്റിസ്റ്റ് സഭയിൽ ഉണർവുയോഗത്തിൽ പ്രസംഗിച്ചു. ആ മീറ്റിംഗിൽ വച്ച് അദ്ദേഹം എന്നോട് സുവിശേഷം പങ്കുവയ്ക്കുകയും ക്രിസ്തുവിൽ ഞാൻ എന്റെ വിശ്വാസമർപ്പിക്കുകയും ചെയ്തു. അദ്ദേഹം എന്നോട് ഇപ്രകാരം പറഞ്ഞു. ''ടോണി ഈ വിമാനാപകടം താങ്കളുടെ ജീവിതത്തിൽ നടന്ന ഏറ്റവും മഹത്തായ സംഭവമാണ്. കാരണം അതിലൂടെയാണല്ലോ നിങ്ങൾ കർത്താവിനെ കണ്ടത്.'' ഞാൻ അത് അംഗീകരിച്ചു. ഒസ്വാൾസ് ചേംബേഴ്സ് ഇ പ്രകാരം പറയുന്നു. ''നാം മറ്റുള്ളവരുടെ ആത്മരക്ഷയ്ക്കു വേണ്ടി പ്രാർ ത്ഥിക്കുമ്പോൾ നാം അറിയാതെയും, നാം ആർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന വോ അവരറിയാതെയും, അവരുടെ ഉപബോധ മനസ്സിൽ ദൈവാത്മാവ് പ്രവർത്തിച്ചു കൊണ്ടിരിക്കും. നാം ആർക്ക് വേണ്ടി പ്രാർത്ഥിക്കുന്നുവോ ആ വ്യക്തിയുടെ ബോധമനസ്സിൽ ചില അലോസരങ്ങളും, അസ്വസ്ഥതകളും പ്രകടമാകും. ഇത്തരത്തിലുള്ള പ്രാർത്ഥന സാത്താന്യ സാമ്രാജ്യത്തിന് ശക്തമായ ക്ഷതങ്ങൾ ഉളവാക്കും. ആദ്യഘട്ടത്തിൽ ഇതിന്റെ സ്വാധീനം വളരെ അപ്രസക്തവും ദുർബലവുമായിരിക്കും. പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിലേക്ക് നമ്മുടെ യുക്തിബോധം കടന്നു വരുന്നില്ലെങ്കിൽ നാം ദൈവത്തേ അനുസരിച്ചില്ലെന്നും വരാം'' (Chambers 102,103) ജേക്കബ് വില്ല്യംസിന്റെ ജീവിതത്തിലും ഇതു തന്നെയാണ് സംഭവിച്ചത്. ദീർഘ നാളുകളായി പാപത്തെ സംബന്ധിച്ച കുറ്റബോധം അദ്ദേഹത്തെ അലട്ടിയി രുന്നുവെങ്കിലും തന്റെ കുടുംബാംഗങ്ങളും സുഹൃത്തുക്കളും തന്റെ രക്ഷയ്ക്ക് വേണ്ടി ഭാരത്തോടെ പ്രാർത്ഥിക്കുവാൻ തുടങ്ങിയപ്പോൾ മാത്രമാണ് അദ്ദേഹം രക്ഷയിലേക്ക് വന്നത്. അദ്ദേഹത്തിന്റെ കഥ താഴെ കൊടുക്കുന്നു. ''എന്റെ കൗമാര പ്രായത്തിലാണ് വെസ്റ്റ് വുഡ് ബാപ്റ്റിസ്റ്റ് ചർച്ചിൽ ഞങ്ങൾ പോകുവാൻ തുടങ്ങിയത്. പെട്ടെന്ന് തന്നെ എനിക്ക് പാപബോധമുണ്ടായി. എങ്കിലും ആ ചിന്തയെ ഞാൻ മന: പൂർവ്വം അടിച്ച മർത്തി. ഒടുവിൽ പാപബോധം ക്രമാനുഗതമായി എന്നിൽ നിന്ന് നഷ്ടമാക യും പള്ളിയിൽ പോകുവാനുള്ള ആഗ്രഹം തന്നെ എനിക്ക് നഷ്ടമാകയും ചെയ്തു. എന്റെ അമ്മ പള്ളിയിൽ പോകുവാൻ എന്നെ നിർബന്ധിച്ചിരുന്നു വെങ്കിലും കഴിയുന്നിടത്തോളം വീട്ടിൽ തന്നെ ഒതുങ്ങി കൂടുവാനാണ് ഞാൻ ആഗ്രഹിച്ചത്. ഈ സമയം ഒരു പെൺകുട്ടിയുമായി വളരെ മോശമായ ഒരു ബന്ധത്തിലേക്ക് ഞാൻ കടന്നുവന്നു. ദിനം പ്രതി കാര്യങ്ങൾ വഷളായി കൊണ്ടിരുന്നു.''

ഈ സമയം എന്റെ കുടുംബാംഗങ്ങൾക്ക് എന്നെ കുറിച്ച് വലിയ ആത്മഭാരമുണ്ടായി. ഏതാണ്ട് ക്രിസ്തുമസ് ആയപ്പോഴേക്കും അവൾ ഗൗരവമായി എന്റെ രക്ഷയ്ക്കു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. ഞാൻ വളരെ വൈകി മാത്രമേ വീട്ടിൽ തിരിച്ചെത്തുമായിരുന്നുള്ളുവെന്നതിനാൽ എന്റെ ഡാഡി ആ സമയം വരെ ഉണർന്നിരുന്ന് എന്റെ ആത്മീയ അവസ്ഥകളെ

കുറിച്ച് എന്നോട് ചോദിച്ചറിയുമായിരുന്നു. എൻെറ 13–ാം വയസ്സിൽ ഞാൻ രക്ഷിക്കപ്പെടുമെന്ന് ഞാൻ എൻെറ പിതാവിനോട് പറയാറുണ്ടായിരുന്നു വെങ്കിലും അത് കളളമാണെന്ന് ഞങ്ങൾക്കിരുവർക്കും അറിയാമായിരുന്നു.

ഈ സമയമായപ്പോഴേക്കും ഞാൻ ശക്തമായ പാപബോധത്തിന് വിധേയനായിക്കഴിഞ്ഞിരുന്നു. രക്ഷിക്കപ്പെടണം എന്ന ചിന്ത എൻെറ മനസ്സിൽ ഉണ്ടായെങ്കിലും ഞാൻ ആ ചിന്തയോട് നിരന്തരമായി മത്സരിച്ചു. കൊണ്ടിരുന്നു. ഒടുവിൽ ഫെബ്രുവരി അവസാനമായപ്പോഴേക്കും എനിക്ക് പിടിച്ചു നിൽക്കുവാൻ കഴിയാതെ വന്നു. എന്നെ രക്ഷിക്കുവാൻ ഞാൻ കർത്താവിനോടാവശ്യപ്പെട്ടു. അപ്പോഴാണ് എനിക്ക് ഒരു കാര്യം മനസ്സിലായത് ആ സമയം എൻെറ കുടുംബാംഗങ്ങളും സഭാവിശ്വാസികളുമുൾപ്പെട്ടെ വലിയൊരു കൂട്ടം എനിക്ക് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയായിരുന്നു. എൻെറ ഇളയ സഹോദരൻ ജോഷ് തൻെറ യൂത്ത് ഗ്രൂപ്പിനോടൊപ്പം എനിക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ദൈവം അവരുടെയെല്ലാം പ്രാർത്ഥനയ്ക്ക് ഉത്തരം നൽകിയതിൽ എനിക്ക് സന്തോഷമുണ്ട്.''

റേച്ച്ലേ ബാരൺെറൻ വളരെ നിരാശയോടു കൂടിയാണ് തൻെറ ഭർത്താവിൻെറ മാനസാന്തരത്തിനു വേണ്ടി പ്രാർത്ഥിക്കണമെന്ന് എന്നോടാവശ്യപ്പെട്ടത്. മദ്യപാനം, ചൂതുകളി, രാത്രി വളരെ ഇരുട്ടിയ ശേഷവും വീട്ടിൽ വരാതിരിക്കൽ, എന്നിവ മൂലം റേച്ചലേ വളരെയധികം നിരാശയായിരുന്നു. അവളുടെ പ്രാർത്ഥന മുഴുവൻ നിഷ്ഫലമാകുന്നതായി അവൾക്ക് തോന്നി. പലപ്പോഴും പിശാച് ഇങ്ങ നെയുളള ചിന്ത നമ്മുടെ ഉളളിൽ കൊണ്ട് വരാറുണ്ട്. നാം നിരാശരായി ഉദ്യമം ഉപേക്ഷിക്കുന്നതിനാണത്. ഒരു വ്യക്തിയുടെ ജീവിതത്തിൽ ദൈവീക ഇടപെടലിൻെറ മുൻകാല ചിഹ്നങ്ങൾ ഒന്നും ഇല്ലാതിരിക്കുമ്പോൾ തന്നെ ശക്തമായ പാപബോധത്തിലൂടെ ആ വ്യക്തിയെ സ്പർശിക്കുകയെന്നത് ദൈവം ചിലപോൾ ചെയ്യുന്ന കൗതുകകരമായ ഒരു പ്രവർത്തിയാണ്. ജിംബോ ബാരൻെറ നിൻെറ ജീവിതത്തിലും ഇങ്ങനെയാണ് ദൈവമിടപെട്ടത്. ''ഞാൻ വെസ്റ്റ് വുഡ് ബാപ്റ്റിസ്റ്റ് ചർച്ചിലാണ് വളർന്നതെങ്കിലും എൻെറ ജീവിതം മുഴുവൻ ''സ്വയം'' ആയിരുന്നു. ദൈവത്തിന് എൻെറ ജീവിതത്തിൽ യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല. പ്രശ്നങ്ങൾ എൻെറ ജീവിതത്തിൽ സമ്മർദ്ദം ചെലുത്തുവാൻ തുടങ്ങി. വിവാഹം ചെയ്ത് ഒരു മകനും ജനിച്ചപ്പോൾ ഞാൻ പളളിയിൽ മടങ്ങിയെത്തി. സ്വാർത്ഥത മൂലം വിവാഹമോചനം അനിവാര്യമായി എനിക്ക് എൻെറ കുടുംബം നഷ്ടമായി. ഭൂമിയിലെ ജീവിതം എനിക്ക് നരകതുല്യമായി തോന്നി.

റേച്ചലേയെ വിവാഹം കഴിച്ചു കഴിയുമ്പോൾ ജീവിതം നന്നാകുമെന്നാണ് ഞാൻ കരുതിയത്. എന്നാൽ കാര്യങ്ങൾ ഏറെ വഷളായി. എന്നാൽ അവൾ രക്ഷിക്കപ്പെട്ടു എൻെറ ഭാര്യയുടെ മുൻപിലെത്തുമ്പോൾ എൻെറ പാപബോധം വർദ്ധിക്കുമെന്നതിനാൽ ഞാൻ ഏറെ സമയം വീടിനു പുറത്ത് മദ്യപാനവും ചൂതുകളിയുമായി കഴിയുവാനിഷ്ടപ്പെട്ടു. ഇതുമൂലം ഭാര്യയുടെ മാനസാന്തരത്തിനു ശേഷവും എൻെറ പ്രശ്നങ്ങൾ വർദ്ധിക്കുകയായിരുന്നു.

2001 മാർച്ച് 13 ചൊവ്വാഴ്ച മുഴുരാത്രിയും മദ്യപാനത്തിലും ചൂതുകളിയിലും ഞാൻ ചെലവഴിച്ചു. ബുധനാഴ്ച രാവിലെ ഞാൻ വീട്ടിലെത്തിയപ്പോൾ ദൈവത്തേ എനിക്ക് ആവശ്യമാണെന്നും ഈ നിലയിൽ ജീവിതം നയിക്കുവാൻ കഴിയുകയില്ലെന്നും എനിക്ക് ബോദ്ധ്യമായി. ബ്രദർ.



ലീയോട് ഇതിനെക്കുറിച്ച് സംസാരിക്കുവാൻ ഞാൻ പളളിയിലേക്ക് പോയി. എന്നാൽ അദ്ദേഹം സ്ഥലത്തില്ലായി രുന്നു. അതിനാൽ ഒരു സുവിശേഷകൻ കൂടിയായ എൻെറ മാതുലൻ ബോബിൻെറ ഭവനത്തിലേക്ക് ഞാൻ പോയി. അദ്ദേഹവും ഫേയേ ആൻറിയും വളരെ നാളുകളായി എനിക്കു വേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്ന് എനിക്കറിയാമായിരുന്നു.

ഫേയേ ആൻറി എൻെറ മാതൃ സഹോദരിയായിരുന്നു. ഞാൻ അവരുടെ ഭർത്താവായിരുന്നുവെങ്കിൽ അവർ പണ്ടു തന്നെ എന്നെ ഉപേക്ഷിച്ചു കളയുമായിരുന്നുവെന്നാണ് ആൻറി അന്ന് എന്നോട് പറഞ്ഞത്. റേച്ചൽ എന്നെ ഉപേക്ഷിക്കാതിരിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ആ ബുധനാഴ്ച രാവിലെ ക്രിസ്തു എന്നെ രക്ഷിക്കുവാൻ ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കയും അവൻ എന്നെ രക്ഷിക്കുകയും ചെയ്തു.

കണ്ണുനീരോടു കൂടെയുളള പ്രാർത്ഥനയെ ''ദ്രാവക പ്രാർത്ഥന'' (Liquid prayer) എന്നു വിളിക്കാം. അത് അത്യന്തം ശക്തി ഭരിതമായ പ്രാർത്ഥനയാണ്. ഒരിക്കൽ ടെക്സാസിലെ ഒറാഞ്ചേയിൽ എൻെറ വിശ്വാസിയായിരുന്ന ലൂസിയാനയിലെ മോസസ്സ് ബ്ലഫിൻെറ ശവസംസ്ക്കാര ശുശ്രൂഷ ഞാൻ നടത്തി കൊണ്ടിരിക്കുകയായിരുന്നു. അതുകഴിഞ്ഞ് ഒരു മനുഷ്യൻ ഹസ്തദാനം ചെയ്തശേഷം എന്നോട് ''നിങ്ങൾ എന്നെ അറിയുമോ'' എന്ന് ചോദിച്ചു. ''ഇല്ല സർ ഞാൻ ഓർക്കുന്നില്ല'' എന്ന് ഞാൻ മറുപടി പറഞ്ഞു. ഉടനെ അയാൾ ഇപ്രകാരം തന്നെത്തന്നെ പരിചയപ്പെടുത്തി. ''ഞാൻ ടെക്സാസിലെ ബുനയിലാണ് താമസിക്കുന്നത്. വർത്തമാനപത്രത്തിലൂടെ ടെക്സാസിലെ ലീ തോമസാണ് ശവസംസ്ക്കാര ശുശ്രൂഷ നടത്തുന്നു തെന്ന് ഞാനറിഞ്ഞു. ഞാൻ അറിയുന്ന ലീ തോമസ് തന്നെയാണോ നിങ്ങൾ എന്ന് അറിയുവാനാണ് ഞാൻ ബദ്ധപ്പെട്ട് ഇവിടെ വന്നത്. അതിനു ശേഷം അദ്ദേഹം തൻെറ കഥ പറഞ്ഞു. ''എൻെറ പേര് ജയിംസ് ലിൻച്ച്. ഞാൻ ഒരു ക്രിസ്തീയ കുടുംബത്തിലാണ് ജനിച്ചു വളർന്നതെങ്കിലും ടെക്സാസിലെ ഓറഞ്ചേയിൽ താമസിക്കുമ്പോൾ ഞാൻ മദ്യാസക്തിയുളളവനായി ജോലി ചെയ്യുവാൻ പോലും കഴിയാത്ത വിധത്തിൽ ഞാൻ ഒരു മദ്യപാനിയായിമാറി. ഒരു ദിവസം ഞാൻ എൻെറ ലിവിങ്ങ് റൂമിൽ മദ്യ ലഹരിയിൽ, ജീവിതത്തെ കുറിച്ച് ചിന്താകുഴപ്പമുളളവനായി ഇരിക്കുമ്പോൾ താങ്കൾ വാതിലിൽ മുട്ടി. ഞാൻ താങ്കളെ അകത്തേക്കു ക്ഷണിച്ചു താങ്കൾ അകത്തു വന്നപ്പോൾ താങ്കളുടെ കണ്ണിൽ കണ്ണുനീർ നിറഞ്ഞിരിക്കുന്നത് ഞാൻ കണ്ടു. യേശു എന്നെ സ്നേഹിക്കുന്നുവെന്നും എന്നെ രക്ഷിക്കുവാനാഗ്രഹിക്കുന്നു വെന്നും താങ്കൾ എന്നോട് പറഞ്ഞു. എന്നാൽ മദ്യലഹരിയിലായതിനാൽ ഞാൻ ദൈവത്തിൻെറ രക്ഷാ വാഗ്ദത്തത്തെ ഞാൻ നിരസിച്ചു.

താങ്കൾ എൻെറ കസേരയ്ക്കരികിൽ നിന്നു. കണ്ണുനീർ താങ്കളുടെ കവിളുകളിലൂടെ ഒഴുകി. യേശുവിനോട് രക്ഷയ്ക്കായി അപേക്ഷിക്കു വാൻ താങ്കൾ എന്നോട് ദീനമായി അപേക്ഷിച്ചു. താങ്കളുടെ വാക്കുകൾ എൻെറ ഹൃദയത്തെ സ്പർശിച്ചു. എനിക്കാഗ്രഹമുണ്ടായിരുന്നുവെങ്കിലും മദ്യം എന്നെ നിയന്ത്രിച്ചിരുന്നതിനാൽ എനിക്ക് അതിന് കഴിഞ്ഞില്ല. താങ്കളുടെ കണ്ണുനീർ ഏതാണ്ട് മൂന്നു വർഷങ്ങളോളം എന്നെ വേട്ടയാടികൊണ്ടിരുന്നു. ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കും വേണ്ടി നിറകണ്ണുകളോട് കൂടി മുട്ടുകുത്തി പ്രാർത്ഥിക്കുന്ന താങ്കളുടെ ചിത്രം എൻെറ കണ്ണുകൾക്ക്

മുൻപിലെത്താത്ത ഒരു ദിവസം പോലും എൻെറ കഴിഞ്ഞകാല ജീവിതത്തിലുണ്ടായിട്ടില്ല. മൂന്നുവർഷങ്ങൾ ദൈവത്തോടെതിർത്തു നിന്ന ഞാൻ മാനസാന്തരപ്പെടുകയും ദൈവം തൻെറ മഹിമയിൽ എന്നെ രക്ഷിക്കയും ചെയ്തു. ഒടുവിൽ സുവിശേഷം പ്രസംഗിപ്പാനും ദൈവം എന്നെ വിളിച്ചു. വർഷങ്ങളായി ഞാൻ ഒരു സുവിശേഷ പ്രസംഗകനാണ്. താങ്കൾ അന്ന് എൻെറ വീട്ടിൽ വന്നിരുന്നില്ലെങ്കിൽ ഞാൻ ദൈവത്തെ കൂടാതെ മരിച്ച് നരകത്തിൽ പോകുമായിരുന്നു."

60 വർഷങ്ങൾ ദിനംപ്രതി വിശ്വസ്തതയോടു കൂടി പ്രാർത്ഥിച്ച ശേഷമാണ് ജോർജ് മ്യൂളറിൻെറ സുഹൃത്ത് ക്രിസ്തുവിങ്കലേക്ക് വന്നത്. മൂന്നുവർഷത്തെ കണ്ണുനീരോടു കൂടിയ പ്രാർത്ഥനയാണ് ജയിംസ്ലിൻച്ചിനെ ക്രിസ്തുവിങ്കലേക്ക് നയിച്ചത്. എന്നാൽ 2000 പേർ ഒരുമിച്ച് ജബ്ബേസ് കേറിക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ ആ പ്രാത്ഥിച്ച മണിക്കൂറിൽ തന്നെ അയാൾ രക്ഷയിലേക്ക് വന്നു. ഐക്യതയോടു കൂടിയ പ്രാർത്ഥനാ അത്യന്തം ഫലപ്രദമാണെന്ന് ഇത് തെളിയിക്കുന്നു.

മൈക്ക് ഡോൾസ് എന്ന വ്യക്തിയുടെ സാക്ഷ്യം താഴെ വിവരിക്കുന്നു. "ഞാൻ ന്യൂഹോപ്പ് ബാപ്റ്റിസ്റ്റ് ചർച്ചിലാണ് വളർന്നത്. എന്നാൽ ഞാൻ കർത്താവിൽ വിശ്വാസമർപ്പിച്ചിരുന്നില്ല. ഒരു കൗമാരപ്രായ ക്കാരനെന്ന നിലയിൽ എൻെറ പ്രായത്തിലുള്ളവർ പള്ളിയിലേക്ക് പോകു ന്നത് ഞാൻ കണ്ടിട്ടുണ്ട്. പക്ഷെ ഞാൻ ഒരിക്കലും പള്ളിയിൽ പോയിരുന്നില്ല. എൻെറ സഹോദരീ സഹോദരന്മാർ പള്ളിയിൽ പോകുന്നതും ഞാൻ കണ്ടിരുന്നു. പക്ഷെ ഞാൻ പോയില്ല. നിത്യജീവനെ സംബന്ധിച്ച ദൈവശാസ്ത്രം ഞാനറിഞ്ഞിരുന്നു. ക്രിസ്തുവിനെ വിശ്വസിക്കുകയാണ് അതിനുള്ള മാർഗ്ഗമെന്നും ഞാൻ അറിഞ്ഞിരുന്നു. പക്ഷെ ഞാൻ അതു ചെയ്തില്ല.

എനിക്ക് വേണ്ടി എൻെറ അമ്മ പ്രാർത്ഥിച്ചു കൊണ്ടിരുന്നെങ്കിലും കാര്യമായി ഒന്നും സംഭവിച്ചില്ല. അങ്ങനെയിരിക്കെ ഒരു ദിവസം രക്ഷിക്കപ്പെട്ടു കാണുവാൻ ആഗ്രഹിക്കുന്ന ഏതെങ്കിലും ഒരു വ്യക്തിയുടെ പേര് ഒരു പേപ്പറിൽ എഴുതി അവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ഞങ്ങളുടെ പാസ്റ്റർ സഭാവിശ്വാസികളോട് പറഞ്ഞു. അദ്ദേഹം ആ പേപ്പറുകൾ ശേഖരിച്ചു. അതിൽ 18 പേപ്പറുകളിൽ എൻെറ പേരുണ്ടായിരുന്നു. എനിക്ക് ഉള്ളിൽ ഒരു ശൂന്യത എനിക്ക് അനുഭവപ്പെട്ടു അത് എൻെറ ഉള്ളിൽ തീക്ഷ് മായിത്തീരുകയും ഒടുവിൽ ബൈബിൾ വായിച്ച് എന്താണ് ചെയ്യേണ്ടതെന്ന് ഞാൻ ദൈവത്തോട് ആലോചന ചോദിച്ചു.

ഞാൻ അപ്പോഴേക്കും ഞായറാഴ്ച ആരാധനയ്ക്ക് പോകുവാൻ തുടങ്ങിയിരുന്നു 1998 മാർച്ച് 1ന് ഈ 18 പേർ എനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. രണ്ടാഴ്ച കഴിഞ്ഞപ്പോൾ മുൻപോട്ടു കടന്നുചെന്ന് ആദ്യത്തെ പടി ചെയ്യുവാൻ ദൈവമെന്നോടാവശ്യപ്പെട്ടു. ബാക്കികാര്യങ്ങൾ താൻ ചെയ്തുകൊള്ളാമെന്നും ദൈവം എനിക്ക് ഉറപ്പു നൽകി. ഇങ്ങനെയാണ് കർത്താവിനോടുകൂടെയുള്ള എൻെറ ജീവിതം ആരംഭിക്കുന്നത്. നീണ്ട 49 വർഷങ്ങൾ ദൈവാലോചനയോട് എതിർത്തു നിന്ന ശേഷം, ഇന്ന് എനിക്ക് ഒരു കാര്യം വ്യക്തമായി. ദൈവവചനം പരത്തുവാൻ ലഭ്യമായ എല്ലാ ഉപാധികളും ഉപയോഗിക്കേണ്ടത് ക്രിസ്ത്യാനികൾ എന്ന നിലയിൽ നമ്മുടെ കർത്തവ്യമാണ്. ദൈവം എനിക്ക് തരുന്ന എല്ലാ അവസരങ്ങളിലും അതു ചെയ്യുവാൻ ഞാൻ ഉദ്ദേശിക്കുന്നു.



**അദ്ധ്യായം 7**

# ഒരു സമർപ്പണം കൈക്കൊള്ളുക

നിങ്ങളുടെ ഷെൽഫിൽ വിശ്രമം നൽകുകയെന്ന ഉദ്ദേശ്യത്തോടു കൂടിയല്ല ഈ പുസ്തകം രചിച്ചിരിക്കുന്നത്. നേരെ മറിച്ച് നിങ്ങളുടെ ഹൃദയത്തെ കുത്തിത്തുളയ്ക്കുന്ന ചില യാഥാർത്ഥ്യങ്ങൾ അതിലേക്ക് പ്രവേശിക്കുന്നതിനാണ്. ആരുടെയൊക്കയോ നിത്യത നിങ്ങളുടെ കൈകളിലാണ്. നിങ്ങൾ പ്രാർത്ഥിച്ചില്ലെങ്കിൽ ചിലരൊക്കെ നരകത്തിലേക്ക് പോകുവാൻ സാദ്ധ്യതയുണ്ട്. ആൻഡ്രൂ മുറെ പറയുന്നു "മദ്ധ്യസ്ഥ പ്രാർത്ഥന ഒഴിച്ചു കൂടാനാവാത്തതണെന്ന്, ജനങ്ങളുടെ മാനസാന്തരത്തിലെ സുപ്രധാന ഘടകമാണത്. "നശിച്ചു കൊണ്ടിരിക്കുന്ന മില്യൻ കണക്കിനു ജനതകളുടെ ഏക ആശ മദ്ധ്യസ്ഥതയാണ്. മദ്ധ്യസ്ഥയില്ലാത്തതിനാൽ സ്നേഹത്തിൻെറ സമീപനങ്ങളും സുവിശേഷ പ്രവർത്തന ങ്ങളുമെല്ലാം വ്യർത്ഥമാകും—അനേകം ലോകങ്ങളെക്കാൾ വിലയേറിയ, ക്രിസ്തുവിൻെറ പുണ്യാഹ രക്തത്തേക്കാൾ ഒട്ടും വിലകുറവല്ലാത്ത, ആ രക്തത്തിൻെറ ശക്തിയുടെ പരിധിയിൽ ഉള്ള മനുഷ്യാത്മാക്കൾ രക്ഷിക്കപ്പെടുവാനുള്ള ഒരേ ഒരുവഴി മദ്ധ്യസ്ഥതയാണ് (Murray 112)

നിങ്ങൾ ഈ പുസ്തകത്തിലെ സത്യങ്ങൾ ഉൾക്കൊള്ളുമ്പോൾ തന്നെ ഈ ഗ്രന്ഥം നിങ്ങളുടെ സന്തത സഹചാരിയായിത്തീരട്ടെയെന്നും നഷ്ടപ്പെട്ട ആത്മാക്കൾക്കു വേണ്ടി ശക്തനായ മദ്ധ്യ സ്ഥനായി ദൈവം നിങ്ങളെ കുറിച്ചാഗ്രഹിക്കുന്ന നിലയിൽ നിങ്ങൾ ആയിത്തീരട്ടെയെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. സാൻഡ്രാ ഗുഡ്‌വി ന്നിൻെറ ഈ കവിത കർത്താവേ അതു ചെയ്യുവാൻ ഞാൻ തയ്യാറാണ് എന്നു പറയത്തക്കവണ്ണം നിങ്ങളുടെ ഹൃദയത്തെ ആവേശഭരിതമാക്കട്ടെ.

### എൻെറ മുട്ടിന്മേലുയള്ള യാത്ര

ഇന്നലെ രാത്രിയിൽ യാത്രചെയ്തു ഞാൻ–കടലും കടന്നൊരു യാത്രചെയ്തു.
കപ്പലിലല്ല വിമാനത്തിലല്ല, കാൽമുട്ടിനാലൊരു യാത്ര ചെയ്തു.
പാപപാശങ്ങൾ വരിഞ്ഞു മുറുക്കിയ ഹതഭാഗ്യരെയെൻെറ കൺകൾ കണ്ടു.

"ആലവിട്ടലയുമീ ആട്ടിൻ ഗണത്തെ നീ ചേർക്കുകയെന്നാല തന്നിലിന്ന്"
ഇടയൻെറ മൊഴികളെ കേട്ട നിമിഷത്തിൽ
നാഥനോടെൻ മനം മന്ത്രിച്ചു പോയി.

കടലും കരയും കടന്നു ഞാനെങ്ങനെപോകേണ്ടു നാഥ നിന്നാജ്ഞ പേറി.
എന്നുടെ ചോദ്യത്തിനുത്തരമായി നാഥൻ തിരുവായ്മൊഴികളെൻ ചെവികൾ
കേട്ടു–നിന്നുടെ മുട്ടിന്മേൽ,
എൻെറ ശക്തിപേറിക്കൊണ്ടിന്നു നീ ഈ യാത്ര ചെയ്തിടേണം"

യാചിക്ക ഞാനിന്ന് നിന്നിൽ കനിഞ്ഞിടും ഉച്ചത്തിലിന്ന് നീ വായതുറന്നീടിലോ
എൻ ചെവി ശ്രദ്ധയാൽ കേട്ടിടുമേ ദൂരത്തും ചാരത്തും
നഷ്ടഷോകങ്ങളിലലയുമെൻ അജഗണങ്ങളെ ഓർക്കുക നീയിന്ന്

രക്ഷകനേശുവിൻ ശബ്ദം ശ്രമിച്ചു ഞാൻ മുട്ടിലിരുന്നൊരു
യാത്ര ചെയ്തു ആലസ്യങ്ങൾക്കഞാനവധി കൊടുത്തു

രക്ഷകനേശുവോടൊത്തു ചേർന്ന് ഞാൻ ആത്മീയ യാത്രയിൻ പങ്കുചേർന്നു.
മദ്ധ്യസ്ഥതയുടെ അഗ്നി ജ്വലിച്ചപ്പോൾ ആത്മാക്കളേശുവേ തേടിയെത്തി.
മുടന്തുള്ള പാദങ്ങൾ മാനിനെപ്പോലെയെന്നേശുവിൽ മുൻപിൽ മുട്ടുകൂത്തി

യേശുവേ യീ ദൗത്യം മേറ്റെടുക്കാനിന്ന് ഞാനെൻെറ ജീവനെയർപ്പിക്കുന്നു.
നിന്നാജ്ഞ പേറി ഞാൻ പോകുന്നു വേഗമായി എൻ മുട്ടിന്മേലൊരു ആത്മീയ
യാത്രയ്ക്കായി

(Lundstorm 207-208)

ആയിരക്കണക്കിന് വിശ്വാസികൾ ആത്മാക്കൾക്കു വേണ്ടി മദ്ധ്യസ്ഥത ചെയ്യുന്ന പ്രാർത്ഥനാ വീരന്മാരായി തീരണമെന്നതാണ് ദൈവം എനിക്കു നൽകിയിരിക്കുന്ന ഒരാത്മഭാരം. ശക്തവും മഹത്ത്വകരവും മറ്റെല്ലാ ശുശ്രൂഷകളേക്കാളും ഫലപ്രദവുമായ ഈ ശുശ്രൂഷയിൽ എന്നോടൊപ്പം ഒത്തു ചേരുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു വെങ്കിൽ എന്നെ അറിയുക്കുക. എന്നെ സംബന്ധിച്ചിടത്തോളം അത് ഏറെ അനുഗ്രഹകരമായ അനുഭവമായിരിക്കും.

അതോടൊപ്പം ഏതെങ്കിലും ഒരു വ്യക്തി രക്ഷിക്കപ്പെട്ടു കാണണമെന്നുള്ള തീവ്രമായ ആഗ്രഹം നിങ്ങൾക്കുണ്ടെങ്കിൽ അവരുമായുള്ള നിങ്ങളുടെ ബന്ധം, അവരുടെ പരിതസ്ഥിതിയെ കുറിച്ചുള്ള സൂചന എന്നിവ നിങ്ങൾ എനിക്കയച്ചു തന്നാൽ ആ വ്യക്തിയുടെ മാനസാന്തരത്തിനു വേണ്ടി മത്താ.18:19ൻെറ അടിസ്ഥാനത്തിൽ നിങ്ങളോടൊപ്പം പ്രാർത്ഥിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു ഞാൻ ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന തത്ത്വങ്ങൾക്കനുസരിച്ച് പ്രാർത്ഥിക്കുവാനുള്ള ആത്മഭാരം നിങ്ങൾക്കുണ്ടെ ങ്കിൽ മാത്രം നിങ്ങൾ അത് ചെയ്താൽ മതി. അവർ രക്ഷിക്കപ്പെടുമ്പോൾ ദൈവം അവർക്കുവേണ്ടി എങ്ങനെയാണ് പ്രവർത്തിച്ചതെന്നും നിങ്ങൾ എന്നെ അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

**e.mail userLEE 484@aol.com**
**Phone: 337-433-8677 Office**
**337- 433-2663 Home**

**Lee E. Thomas**
**2314 Foster Lane**
**Westlake, LA 70669**





## എൻെറ പ്രാർത്ഥനാപേക്ഷകൾ

“ഞാനോ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോടെ പാപം ചെയ്യുവാൻ ഇടവരരുതേ” (1 ശമു.12:23)

1. ..........
2. ..........
3. ..........
4. ..........
5. ..........
6. ..........
7. ..........
8. ..........
9. ..........
10. ..........
11. ..........
12. ..........
13. ..........
14. ..........
15. ..........
16. ..........
17. ..........
18. ..........
19. ..........
20. ..........
21. ..........
22. ..........

തന്റെ പിതാവ് ചെയ്തു കണ്ടതു മാത്രമാണ് യേശുവും ചെയ്തത്. (യോഹന്നാൻ 5:19). അതു പോലെ നാമും നമ്മുടെ കർത്താവ് ചെയ്തു കാണുന്നത് തന്നെ നാമും ചെയ്യേണ്ടതാണ്. അതേ നമ്മുടെ കർത്താവ് ഇന്ന് എന്താണ് ചെയ്യുന്നത്. “പക്ഷവാദം ചെയ്യുവാൻ അവൻ സദാ ജീവിക്കുന്നു” (എബ്രായർ 7:25) എന്നാണല്ലോ നമ്മുടെ കർത്താവിനെ കുറിച്ച് തിരുവചനം പറയുന്നത്. ചില പ്രത്യേക വിശ്വാസികളെ മദ്ധ്യസ്ഥ പ്രാർത്ഥനക്കാർ എന്നു പറഞ്ഞ് വേർതിരിക്കുന്ന പ്രവണത തെറ്റാണ്. ഇങ്ങനെ ചെയ്യുന്നതിലൂടെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ മറ്റുള്ള വിശ്വാസികൾക്ക് യാതൊരു ഉത്തരവാദിത്തവുമില്ല എന്ന ധ്വനിയാണുള്ളത്. എന്നാൽ അത് അങ്ങനെയല്ല. നമ്മുടെ കർത്താവ് ചെയ്തു കാണുന്നത് തന്നെ നാമെല്ലാവരും ചെയ്യേണ്ടതാണ്. മറ്റുള്ളവർക്ക് വേണ്ടി മദ്ധ്യസ്ഥത ചെയ്യുകയെന്നതാണത്. ആയതിനാൽ **നഷ്ടപ്പെട്ടവർക്ക് വേണ്ടി ഫലപ്രദമായി പ്രാർത്ഥിക്കുന്ന**തെങ്ങനെയെന്ന് പഠിച്ച് ഈ സുപ്രധാന ദൗത്യത്തിൽ നമുക്ക് കർത്താവിനോടൊത്ത് ചേരാം.



**All India Decade of Advance**

**NOT FOR SALE**

**For Private Circulation Only**